VOL NO: 03 | ISSUE 37

# നേർപഥം

വാരിക

www.nerpatham.com | mail@nerpatham.com

2019 SEPTEMBER 14 | ₹12

## വേരുകൾ പിഴുതെറിയപ്പെടുന്നവർ

അസമിലെ അന്തിമ പൗരത്വ പട്ടിക പുറത്തുവന്നപ്പോൾ രാജ്യമില്ലാത്തവരായി മാറിയിരിക്കുന്നത് 19 ലക്ഷത്തിലധികം പേരാണ്. അസമിലെ മൊത്തം ജനസംഖ്യയുടെ 6 ശതമാനം പേരും പുറത്താക്കപ്പെട്ടിരിക്കുന്നു. എൻ.ആർ.സിക്ക് മുമ്പാകെ ഇനി ആവലാതി ബോധിപ്പിക്കാൻ അവസരമില്ലാത്ത ഇത്രയുമാളുകൾക്ക് ഇനി പൗരത്വത്തിനായി സംസ്ഥാനത്തെ വിദേശി ട്രിബ്യൂണൽ മുതൽ സുപ്രീംകോടതി വരെ നിയമയുദ്ധം നടത്തേണ്ടിവരും. പതിറ്റാണ്ടുകളായി ഇന്ത്യയിൽ ജീവിച്ചുവരുന്നവരോട് മനുഷ്യത്വപരമായ സമീപനം പുലർത്തുവാൻ അധികാരിവർഗത്തിന് സന്മനസ്സുണ്ടാകണം.



## ഇസ്‌ലാമും മാനവ സൗഹാർദവും

സ്വന്തം മത തത്ത്വങ്ങൾ മുറുകെ പിടിക്കുന്നതോടൊപ്പം ഇതര മതസ്ഥരോട് നല്ല നിലയിൽ വർത്തിക്കുവാനാണ് ഇസ്‌ലാം ആവശ്യപ്പെടുന്നത്. വിരുദ്ധാശയങ്ങളെ യോജിപ്പിക്കുവാൻ ശ്രമിക്കുന്നതിലൂടെ ഒന്നാവുകയല്ല; മൂന്നാമതൊന്ന് സൃഷ്ടിക്കപ്പെടുകയാണ് ചെയ്യുക. പരസ്പര സ്നേഹത്തിനും സഹകരണത്തിനും ആദർശവ്യത്യാസം തടസ്സമായിക്കൂടാ.

|| പ്രവാസലോകം: മത വിദ്യാഭ്യാസ ചിന്തകൾ

|| ഈദ്ഗാഹ് സംഘടിപ്പിക്കൽ പ്രമാണവിരുദ്ധമോ?

|| 'തെറ്റും ശരിയും' ദൈവനിഷേധത്തിലും മതത്തിലും

Let's scaffold to survive

Relief
.......without boundaries

# WISDOM FLOOD RELIEF

## Rs.10 Crore Wisdom Project for Flood Relief

Dear Sir,
Assalamu Alaikum..!

In the wake of recent flood in Kerala, the State level meeting of Wisdom Islamic Organisation, held on 15th August 2019, has resolved to implement a Rs.10 Crore Project for Flood Relief.

We are preparing a detailed plan as per the reports recieved from different districts for Construction of houses, Repair of houses, Cleaning and repairing the wells, Supply of food, dress, home appliances, school kits and loss of business and agriculture etc.

A joint effort is very much essential for the successful implementation of the above project. You can participate in the project by taking up any of the above projects fully or partially or otherwise try to get sponsors for the same.

It is also resolved to donate the income of two days of each Wisdom member to this noble venture. The details will be available soon.

May the Almighty empower all of us for the successful implementation of all our plans... (Aameen)

The Account details for transferring the Relief fund:

Wisdom Islamic Organization
Ac/No: 37489072044
State Bank of India
Palayam Branch
IFS CODE : SBIN0008635

Mob: 9567 070 031 - Whatsapp Only

official WISDOM ISLAMIC ORGANIZATION

C.V. Complex, P.V. Swami Road,
Kozhikode - 673002, Ph: 0495 4019437

നേർപഥം
വാരിക

0139 / 2019 സെപ്തംബർ 14 / 1441 മുഹർറം 15 / പുസ്തകം 3 / ലക്കം 37



# ഇസ്‌ലാമും മാനവസൗഹാർദവും

ടി.കെ.അശ്റഫ് / 10

**മുഖമൊഴി**

വേരുകൾ പിഴുതെറിയപ്പെടുന്നവർ / 05
എഡിറ്റർ

**ലേഖനം**

ബദ്റിനു ശേഷമുണ്ടായ ചില സംഭവങ്ങൾ / 07
ഫദ്‌ലുൽ ഹഖ് ഉമരി

പ്രവാസലോകം: മത വിദ്യാഭ്യാസ ചിന്തകൾ / 20
നബീൽ പയ്യോളി

'തെറ്റും ശരിയും' ദൈവനിഷേധത്തിലും മതത്തിലും / 26
അബ്ദുല്ല ബാസിൽ സി.പി

**വിമർശനം**

ഈദ്ഗാഹ് സംഘടിപ്പിക്കൽ പ്രമാണവിരുദ്ധമോ? / 15
മൂസ സ്വലാഹി, കാര

**കാഴ്ച**

സൗഹൃദത്തണലിലെ കുളിർ / 18
ഇബ്‌നു അലി എടത്തനാട്ടുകര

**ക്വുർആൻ ദർശനം**

നൂഹ്, അധ്യായം: 71, ഭാഗം: 2 / 24
അബ്ദുറഹ്മാൻ നാസിർ അസ്സഅദി

**പുനർവായന**


ഒതായിയിലെ ഇസ്വ്‌ലാഹി ചലനങ്ങൾ / 30
പി.വി ഉമർകുട്ടി ഹാജി (റഹി)

**കവിത**

ഒലിച്ചുപോയ ഗ്രാമം / 34
നിയാല ബിൻത് സുബൈർ

Printed, published and owned by K. Sajjad | Printed at Sprint Offset Printers | Kozhikode
Published at Kozhikode | 673002 | Editor: Usman Palakkazhi | Chief Editor: Anil Primrose
Web Editor: Haseeb Elayur | Design, Cover & Layout: Elan Creativo
Nerpatham Weekly | PB No: 597 | EKP Complex | Kallai Road | Kozhikkode 2 | Kerala | India | Ph: 0495 4019437
mail@nerpatham.com | www.nerpatham.com | Facebook: www.facebook.com/nerpatham weekly

## വായനക്കാർ എഴുതുന്നു



## ചിന്തിക്കുകിൽ ദൃഷ്ടാന്തമെത്ര!

ദൈവം സൃഷ്ടികളിൽ ഏറെ സവിശേഷതയുള്ളവനായി മനുഷ്യനെ സൃഷ്ടിച്ചു; മനുഷ്യനെ അവൻ ആദരിക്കുകയും ശ്രേഷ്ഠനാക്കുകയും ചെയ്തു: "തീർച്ചയായും ആദം സന്തതികളെ നാം ആദരിക്കുകയും കടലിലും കരയിലും അവരെ നാം വാഹനത്തിൽ കയറ്റുകയും വിശിഷ്ടമായ വസ്തുക്കളിൽ നിന്ന് നാം അവർക്ക് ഉപജീവനം നൽകുകയും നാം സൃഷ്ടിച്ചിട്ടുള്ളവരിൽ മിക്കവരെക്കാളും അവർക്ക് നാം സവിശേഷമായ ശ്രേഷ്ഠത നൽകുകയും ചെയ്തിരിക്കുന്നു" (ക്വുർആൻ 17:70).

താൻ എങ്ങനെ ഈ ലോകത്തേക്ക് വന്നു എന്ന് ചിന്തിക്കുവാൻ ശ്രമിച്ചാൽ മനുഷ്യന്റെ അഹന്ത അവസാനിക്കുകയും ദൈവത്തിന്റെ വിനീത ദാസനായി മാറാൻ അവന് കഴിയുകയും ചെയ്യും. മാത്രമല്ല സ്വന്തത്തെ കുറിച്ച് പഠിക്കാൻ ശ്രമിച്ചാൽ ദൈവത്തിന്റെ അപാരമായ കഴിവും ശക്തിയും അവന് ബോധ്യമാവുകയും ചെയ്യും. ഒരുതുള്ളി ഇന്ദ്രിയത്തിലെ ലക്ഷോപലക്ഷം ബീജങ്ങളിൽ ഒന്ന് യാത്ര ചെയ്ത്, ഗർഭപാത്രത്തിന്റെ സങ്കീർണതകൾ മറികടന്ന്, സ്ത്രീയുടെ അണ്ഡത്തിനുള്ളിൽ പ്രവേശിച്ച്, വളർച്ചയുടെ അതിസങ്കീർണമായ ഘട്ടങ്ങൾ കടന്ന് പൂർണവളർച്ചയെത്തിയ ശിശുവായി പിറന്നു വീഴുന്നു. പിന്നീട് വളർന്നു വലുതാകുന്നു. ഈ ഘട്ടംഘട്ടമായുള്ള വളർച്ചയിൽ, കാഴ്ചയും കേൾവിയും ചിന്താശേഷിയുമെല്ലാം ലഭിച്ചതിൽ മാതാവിനോ പിതാവിനോ വല്ല പങ്കും ഉണ്ടോ? പങ്കുള്ളതായി ആർക്കെങ്കിലും അവകാശപ്പെടാനാകുമോ?

490 കിലോമീറ്റർ നീളമുള്ള രക്തക്കുഴലുകൾ മനുഷ്യമസ്തിഷ്കത്തിൽ ഒരുക്കിവെച്ചത് ആരാണ്? എല്ലാം തനിയെ രൂപം പൂണ്ടു എന്ന് പറയുന്ന യുക്തിവാദിയാണോ ബുദ്ധിയുള്ളവൻ, അതോ ഒരു അജയ്യനായ സ്രഷ്ടാവ് ഇതിന്റെയെല്ലാം പിന്നിലുണ്ടെന്ന് അംഗീകരിക്കുന്നവനോ?

മനുഷ്യമസ്തിഷ്കത്തിൽ എൻസൈക്ലോപീഡിയ ബ്രിട്ടാനിക്കയിലുള്ളതിന്റെ 5 ഇരട്ടി വിവരങ്ങൾ ശേഖരിച്ചുവെക്കാൻ പറ്റുമത്രെ! തലച്ചോറിൽനിന്നുള്ള സന്ദേശങ്ങൾ നാഡീകോശങ്ങളിലേക്ക് കുതിക്കുന്നത് സെക്കന്റിൽ 170 കിലോമീറ്റർ വേഗതയിലാണ്. ഒരു സെക്കന്റിൽ ഒരു ലക്ഷം സന്ദേശങ്ങൾ അയക്കാനും ശ്വസനം, രക്തപ്രവാഹം, വിശപ്പ്, ദാഹം, അംഗചലനം, കൺപോളകളുടെ ചലനം അടങ്ങിയ എല്ലാ പ്രവർത്തനങ്ങളും നിയന്ത്രിക്കാനും കഴിയുന്ന തലച്ചോറിന്റെ സംവിധായകൻ യാദൃച്ഛികതയാണോ? മിനുട്ടിൽ 70 തവണ (പ്രതിദിനം ഒരു ലക്ഷത്തിൽ പരം തവണ) മിടിക്കുന്ന ഹൃദയം സുരക്ഷിതമായ സ്ഥാനത്ത് സ്ഥാപിച്ചവൻ ആരാണ്? ഇത് മാതാവിന്റെ ഗർഭാശയത്തിൽ വെച്ച് മിടിക്കുവാൻ തുടങ്ങിയാൽ 60 ഉം 70 ഉം അതിലേറെയും വയസ്സുവരെ മിടിക്കുന്നു. ഈ കാലയളവിനുള്ളിൽ പമ്പുചെയ്യപ്പെടുന്നത് ഏകദേശം 1000 ഓയിൽ ടാങ്കറുകൾ വഹിക്കുന്ന രക്തമാണ്. ആരാണിതിന്റെ പിന്നിൽ? മനുഷ്യരക്തക്കുഴലുകളുടെ മൊത്തം നീളം 96560 കിലോമീറ്റർ വരുമത്രെ! ഭൂമിയുടെ ചുറ്റളവിന്റെ ഇരട്ടിയാണിത്.

രക്തക്കുഴലുകളിൽ മാലിന്യം അടിഞ്ഞുകൂടുന്നത് തടയാൻ ദിവസവും 180 ലിറ്റർ രക്തം അരിച്ചെടുക്കുന്ന കിഡ്നി പ്രവർത്തിക്കുന്നത് മനുഷ്യൻ അറിയുന്നില്ല. കിഡ്നിയുടെ പ്രവർത്തനം തകരാറിലായി ഡയാലിസീന് കനത്ത തുക ചെലവ് ചെയ്യേണ്ടി വരുമ്പോൾ മാത്രമാണ് മനുഷ്യരിൽ പലരും ശരീരത്തിലെ ആ ചെറിയ അവയവത്തിന്റെ സംവിധായകനെ ഓർക്കുന്നത്.

ഒരു മൊട്ടുസൂചിപോലും സ്വയം ഉണ്ടാകില്ലെങ്കിൽ ഇതിന്നെല്ലാം ഒരു സൃഷ്ടികർത്താവ് വേണ്ടേ? ബുദ്ധിയുള്ള, ചിന്തിക്കുന്ന മനുഷ്യന്ന് എങ്ങനെ ദൈവാസ്തിക്യം നിഷേധിക്കാൻ കഴിയും? കോടാനുകോടി മനുഷ്യരിൽ ഓരോരുത്തരെയും തിരിച്ചറിയാൻ പാകത്തിൽ വിരൽതുമ്പുകളെ ശരിപ്പെടുത്തിയവൻ ആരാണ് എന്നത് മനുഷ്യചിന്തക്ക് വിഷയമാകാറുണ്ടോ?

രാപകലുകൾ മാറ്റിമറിക്കുന്നതും സൂര്യനും ഭൂമിയും കൃത്യമായ അകലം നിലനിർത്തി ഭൂമിയെ വാസയോഗ്യമാക്കിയതും ആരാണ്? ഇതിന്റെ പിന്നിൽ ഒരു ശക്തിയും ഇല്ലേ? ഭൂമിയും സൂര്യനും സ്വയം തിരുമാനിച്ചതാണോ?

പ്രപഞ്ചത്തിലെ ഓരോ അണുവിലും അനേകം ദൃഷ്ടാന്തങ്ങൾ മറഞ്ഞിരിക്കുന്നു. ചിന്തിക്കുന്നവരുടെ, പഠിച്ചുമനസ്സിലാക്കാൻ ശ്രമിക്കുന്നവരുടെ മുമ്പിൽ അവയോരോന്നും തെളിഞ്ഞുവരും.

**-മമ്മദ് പി.പി, തിക്കോടി**

മുഖമൊഴി

# വേരുകൾ പിഴുതെറിയപ്പെടുന്നവർ

**ഇ**ക്കഴിഞ്ഞ ശനിയാഴ്ച (ആഗസ്റ്റ് 30) അസമിലെ എൻ.ആർ.സി സേവകേന്ദ്രങ്ങൾ, സന്നദ്ധസംഘടന ഓഫീസുകൾ, ഇന്റർനെറ്റ് കഫേകൾ എന്നിവക്കു മുമ്പിൽ വലിയ തിക്കുംതിരക്കുമായിരുന്നു. ഏതെങ്കിലും പരീക്ഷയുടെ ഫലമറിയാനോ സ്കോളർഷിപ്പിനോ പെൻഷനോ അപേക്ഷ സമർപ്പിക്കാനോ വേണ്ടിയല്ല ജനങ്ങൾ അവിടങ്ങളിൽ തടിച്ചുകൂടിയിരുന്നത്. പിന്നെ എന്തിനായിരുന്നു? അതിന്റെ ഉത്തരത്തിന് കണ്ണുനീരിന്റെ ഉപ്പുരുചിയുണ്ട്. കരൾ പിളർക്കുന്ന നൊമ്പരമുണ്ട്. തങ്ങൾക്ക് ഇന്ത്യൻ മണ്ണിൽ ഇന്ത്യയുടെ മക്കളായി ഇനി മുതൽ ജീവിക്കുവാൻ അവകാശമുണ്ടോ എന്നറിയാനായിരുന്നു ആ തിക്കും തിരക്കും! അതെ, അവർ എഴുതാത്ത ഒരു പരീക്ഷയുടെ, അസഹ്യമായ ഒരു പരീക്ഷണത്തിന്റെ ഫലമറിയാൻ കാത്തുനിൽക്കുകയായിരുന്നു.

ഓരോ അപേക്ഷയുടെയും നമ്പർ എൻ.ആർ.സി വെബ്സൈറ്റിൽ നൽകുമ്പോൾ സ്വീകരിച്ചിരിക്കുന്നു എന്ന് മറുപടി കാണുന്നവർ കടുത്ത പരീക്ഷ ജയിച്ചുകയറിയതിന്റെ ആശ്വാസത്തിലായിരുന്നു.


അസമിലെ അന്തിമ പൗരത്വ പട്ടിക പുറത്തുവന്നപ്പോൾ രാജ്യമില്ലാത്തവരായി മാറിയിരിക്കുന്നത് 19 ലക്ഷത്തിലധികം പേരാണ്. അസമിലെ മൊത്തം ജനസംഖ്യയുടെ 6 ശതമാനം പേരും പുറത്താക്കപ്പെട്ടിരിക്കുന്നു. എൻ.ആർ.സിക്ക് മുമ്പാകെ ഇനി ആവലാതി ബോധിപ്പിക്കാൻ അവസരമില്ലാത്ത 19 ലക്ഷത്തിലധികം പേർക്ക് ഇനി പൗരത്വത്തിനായി സംസ്ഥാനത്തെ വിദേശി ട്രിബ്യൂണൽ മുതൽ സുപ്രീംകോടതി വരെ നിയമയുദ്ധം നടത്തേണ്ടിവരും. അപ്പീൽ നൽകാൻ നാലു മാസത്തെ സമയം അനുവദിച്ചിട്ടുണ്ട്. ഇതുകൊണ്ടൊക്കെ ഫലമുണ്ടാകുമോ എന്ന് കണ്ടറിയുക തന്നെ വേണം. പണം ചെലവാക്കി നിയമപോരാട്ടം നടത്താൻ കഴിയാത്തവർക്ക് ആവശ്യമായ സഹായം നൽകുവാൻ സന്നദ്ധസംഘടനകൾ തയ്യാറായാൽ അത് വേരുകൾ പിഴുതെറിയപ്പെട്ടവരോടു ചെയ്യുന്ന വലിയ കാരുണ്യമായിരിക്കും.

പൗരത്വം നിഷേധ ഭീതിയിൽ നൂറുകണക്കിനാളുകൾ ഇതിനകം തന്നെ ആത്മഹത്യ ചെയ്തതായാണാണ് റിപ്പോർട്ട്. ദോലാബാരിയിലെ സഹീറ ഖാതൂൻ എന്ന യുവതി പൊലീസുകാരന്റെ വാക്കുകൾ വിശ്വസിച്ച് പട്ടിക പുറത്തുവരുന്നതിന്റെ അരമണിക്കൂർ മുമ്പ് കിണറ്റിൽ ചാടി ആത്മഹത്യചെയ്ത വാർത്ത ഏറെ വേദനാജനകമാണ്. എൻ.ആർ.സിയിൽ പേരു വരാൻ രേഖകളുമായി കയറിയിറങ്ങുമ്പോളെല്ലാം മുസ്‌ലിമായ നിങ്ങൾ പട്ടികയിൽ ഉണ്ടാകില്ലെന്നും ബംഗ്ലാദേശിയായി കണക്കാക്കുമെന്നും പൊലീസുകാരൻ പറഞ്ഞതുകേട്ട് പേടിയിൽ കഴിയുകയായിരുന്ന സഹീറ ഖാതൂൻ ശനിയാഴ്ച രാവിലെ ആത്മഹത്യ ചെയ്യുകയായിരുന്നുവത്രെ!

41 ലക്ഷത്തോളം പേരാണ് കരടുപട്ടിക പ്രഖ്യാപിച്ചപ്പോൾ പുറത്തായിരുന്നത്. അതിൽ 21 ലക്ഷം പേർ പുതിയ പട്ടികയിൽ ഉൾപ്പെടുകയും 20 ലക്ഷത്തിനടുത്ത് പുറത്താകുകയും ചെയ്തിരിക്കുന്നു. തങ്ങൾ കണക്കുകൂട്ടിയ തരത്തിലല്ല റിപ്പോർട്ടെന്ന് കണ്ടതോടെ വംശീയപ്രക്ഷോഭം നടത്തിയ അസമീസ് സംഘടനകളും വർഗീയ പ്രചാരണത്തിന് പട്ടിക ഉപയോഗിച്ച സംഘ്പരിവാർ സംഘടനകളും അന്തിമ പട്ടികക്കെതിരെ രംഗത്തിറങ്ങിയിരിക്കുന്നതായാണ് കേൾക്കുന്നത്. പുറത്താക്കിയവരിൽ ന്യൂനപക്ഷ മതക്കാരുടെ അത്രയോ അതിൽ കൂടുതലോ ഭൂരിപക്ഷ മതത്തിൽ പെട്ടവരുമുണ്ട് എന്നതാണ് സംഘ്പരിവാർ സംഘടനകളുടെ മലക്കംമറിച്ചിലിന് കാരണം. എന്നാൽ ഇരു മതവിഭാഗത്തിലും പെട്ട 40 ലക്ഷത്തിലേറെ പേരെയും പുറത്താക്കാത്തതിലുള്ള അരിശമാണ് ഓൾ അസം സ്റ്റുഡൻസ് യൂണിയൻ അടക്കമുള്ള അസമീസ് സംഘടനകളുടെ പ്രതിഷേധത്തിന് കാരണം.

പതിറ്റാണ്ടുകളായി ഇന്ത്യയിൽ ജീവിച്ചുവരുന്നവരോട് മനുഷ്യത്വപരമായ സമീപനം പുലർത്തുവാൻ അധികാരിവർഗത്തിന് സന്മനസ്സുണ്ടാകണം.

ഫദ്‌ലുൽ ഹഖ് ഉമരി
kmfumari@gmail.com



# ബദ്‌റിനു ശേഷമുണ്ടായ ചില സുപ്രധാന സംഭവങ്ങൾ

**(1) ഖർഖറതുൽകദിർ യുദ്ധം:** ഹിജ്‌റ മൂന്നാം വർഷം മുഹർറം മാസത്തിന്റെ പകുതിയിൽ 200 സ്വഹാബികളെയും കൊണ്ട് നബിﷺ പുറപ്പെട്ടു. ഖർഖറതുൽകദിർ എന്ന സ്ഥലത്ത് ബനൂസുലൈം, ബനൂഗത്ഫാൻ എന്നീ ഗോത്രക്കാർ ഒരുമിച്ചുകൂടിയിരിക്കുന്നു എന്ന റിപ്പോർട്ട് ലഭിച്ചപ്പോഴാണ് ഈ പുറപ്പെടൽ ഉണ്ടായത്. സബാഅ്ബ്നു അർഫത്വതുൽ ഗഫ്ഫാരിയെ رضي الله عنه മദീനയുടെ ചുമതല ഏൽപിച്ചു. അലിയ്യുബ്നു അബീത്വാലിബിന്റെ رضي الله عنه കയ്യിലാണ് നബിﷺ കൊടി നൽകിയത്. നബിﷺ ഖർഖറതുൽകദിറിൽ എത്തുകയും അവിടെ മൂന്ന് ദിവസം താമസിക്കുകയും ചെയ്തു. പക്ഷേ, ആരെയും കണ്ടില്ല. തന്റെ സ്വഹാബിമാരിൽ ചിലരെ താഴ്‌വരയുടെ മുകൾ ഭാഗത്തേക്ക് അയച്ചു. താഴ്‌വരയുടെ താഴ് ഭാഗത്തുവെച്ചു പിന്നീട് അവരെ സ്വീകരിക്കുകയും ചെയ്തു. ഈ സന്ദർഭത്തിലാണ് കുറച്ച് ഇടയന്മാരെ കാണുന്നത്. അവരുടെ കൂട്ടത്തിൽ യസാർ എന്ന് പേരുള്ള ഒരാളും ഉണ്ടായിരുന്നു. ബനൂസുലൈംകാരെ കുറിച്ച് നബിﷺ ഇയാളോട് ചോദിച്ചുവെങ്കിലും 'എനിക്ക് അവരെക്കുറിച്ച് ഒന്നും അറിയില്ല' എന്നായിരുന്നു മറുപടി. നബിﷺ മദീനയിലേക്ക് തിരിച്ചുപോയി. 15 ദിവസത്തെ യാത്രയായിരുന്നു ഇത്.

**(2) ഗത്ഫാൻ യുദ്ധം:** മദീനയെ ആക്രമിക്കുന്നതിനു വേണ്ടി 'ദൂ അംറ്' എന്ന സ്ഥലത്തുള്ള ജലതടാകത്തിന് അരികിൽ ഗത്ഫാൻ ഗോത്രത്തിൽ പെട്ട ബനൂസഅ്ലബക്കാർ ഒരുമിച്ചുകൂടിയിട്ടുണ്ടെന്ന വാർത്ത പ്രവാചകനു ലഭിച്ചു. അപ്പോൾ 450 ആളുകളുമായി നബിﷺ അങ്ങോട്ടു പുറപ്പെട്ടു. ഇത് മുഹർറം മാസത്തിലായിരുന്നു). ഉഹ്ദ് യുദ്ധത്തിന് മുമ്പ് നബിﷺ നയിച്ച ഏറ്റവും വലിയ സൈന്യമായിരുന്നു ഇത്. ഉസ്മാനുബ്നു അഫ്ഫാനെؓയാണ് മദീനയുടെ കാര്യം ഏൽപിച്ചത്. ഗത്ഫാൻ ഗോത്രക്കാർ ഈ വിവരം അറിഞ്ഞപ്പോൾ അല്ലാഹു അവരുടെ ഹൃദയങ്ങളിൽ ഭയം ഇട്ടുകൊടുത്തു. മലകളുടെ ശിഖരങ്ങളിലേക്ക് അവർ അഭയം തേടി ഓടിപ്പോയി. സത്യനിഷേധികളുടെ ഉപദ്രവത്തിൽ നിന്നും മുസ്ലിംകളെ അല്ലാഹു സംരക്ഷിക്കുകയും ചെയ്തു.

"സത്യവിശ്വാസികളേ, ഒരു ജനവിഭാഗം നിങ്ങളുടെ നേരെ (ആക്രമണാർഥം) അവരുടെ കൈകൾ നീട്ടുവാൻ മുതിർന്നപ്പോൾ, അവരുടെ കൈകളെ നിങ്ങളിൽ നിന്ന് തട്ടിമാറ്റിക്കൊണ്ട് അല്ലാഹു നിങ്ങൾക്ക് ചെയ്തുതന്ന അനുഗ്രഹം നിങ്ങൾ ഓർക്കുവിൻ. നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുക. സത്യവിശ്വാസികൾ അല്ലാഹുവിൽ മാത്രം ഭരമേൽപിക്കട്ടെ" (അൽമാഇദ: 11).

**(3) കഅ്ബ്ബ്നുൽ അശ്റഫ് കൊല്ലപ്പെടുന്നു:** നബിﷺയോടും സ്വഹാബിമാരോടും ഏറ്റവും കൂടുതൽ ശത്രുത കാണിച്ചിരുന്ന ആളായിരുന്നു കഅ്ബ്ബ്നുൽ അശ്റഫ്. ത്വയ്യ് ഗോത്രത്തിൽപെട്ട അറബി വംശജൻ ആയിരുന്നു അയാളുടെ പിതാവ്. മദീനയിലേക്ക് കടന്നുവന്ന് ബനൂനളീർ ഗോത്രത്തോടൊപ്പം സഖ്യം ചെയ്തു കഴിഞ്ഞുകൂടുകയും പിന്നീട് അവർക്കിടയിൽ വലിയ സ്ഥാനമാനങ്ങൾ ലഭിക്കുകയും ചെയ്ത വ്യക്തിയാണ് ഇയാൾ. അബുൽ ഹുഖീക്വിന്റെ മകൾ ഉകൈലയെയായിരുന്നു വിവാഹം ചെയ്തത്. അതിൽ ജനിച്ച മകനാണ് കഅ്ബ്. നീണ്ടു തടിച്ച ആളായിരുന്നു കഅ്ബ്. പേരുകേട്ട നല്ല ഒരു കവിയുമായിരുന്നു. സമ്പത്തിന്റെ ആധിക്യം കൊണ്ട് ഹിജാസിലെ ജൂതന്മാരുടെ നേതാവായി. ജൂത പുരോഹിതന്മാർക്ക് ധാരാളമായി ഇയാൾ സമ്പത്ത് നൽകുകയും അവരുമായി ശക്തമായ ബന്ധം പുലർത്തുകയും ചെയ്തിരുന്നു. മദീനയുടെ കിഴക്ക്-തെക്ക് ഭാഗത്തായിരുന്നു അയാളുടെ കോട്ട. ബനൂനളീർ ഗോത്രത്തിന്റെ വീടുകളുടെ പിൻഭാഗത്തായിരുന്നു ഇത്. ബദ്റിൽ മുസ്ലിംകൾ വിജയിക്കുകയും ക്വുറൈശീ പ്രമാണിമാർ കൊല്ലപ്പെടുകയും ചെയ്തിട്ടുണ്ട് എന്ന വാർത്ത ലഭിച്ചപ്പോൾ അയാൾ ചോദിച്ചു: 'സത്യമാണോ ഇതൊക്കെ? അറബികളിലെ പ്രധാനികൾ ആണല്ലോ അവരെല്ലാം. മാത്രവുമല്ല ജനങ്ങളുടെ രാജാക്കന്മാരുമായിരുന്നു അവർ. അല്ലാഹുവാണ് സത്യം, അറേബ്യൻ സമൂഹത്തെ മുഹമ്മദ് ഇ പ്രകാരം ചെയ്തിട്ടുണ്ടെങ്കിൽ ഭൂമിയുടെ ഉപരിഭാഗത്തെക്കാൾ എനിക്ക് നല്ലത് അതിന്റെ ഉൾഭാഗമാണ്.'

ഈ വാർത്തകളെല്ലാം സത്യമാണ് എന്ന് ബോധ്യപ്പെട്ടപ്പോൾ ദീനിന്റെ ശത്രുവായ കഅ്ബ്ബ്നുൽ അശ്റഫ് അല്ലാഹുവിന്റെ റസൂലിനെയും മുസ്ലിംകളെയും ആക്ഷേപിച്ചു കൊണ്ട് രംഗത്തിറങ്ങി. അവരുടെ ശത്രുക്കളെ പുകഴ്ത്തിക്കൊണ്ടും മുസ്ലിംകൾക്കെതിരെ തിരിയാൻ പ്രേരിപ്പിച്ചു കൊണ്ടും സജീവ സാന്നിധ്യമായി. അല്ലാഹുവിന്റെ ശത്രു ഇതിൽ മാത്രം അവസാനിപ്പിച്ചില്ല; മക്കയിലുള്ള ക്വുറൈശികളിലേക്ക് അയാൾ യാത്ര ചെയ്തു. ബദ്റിൽ കൊല്ലപ്പെട്ട അവരുടെ ആളുകൾക്ക് വേണ്ടി പാട്ടുപാടിക്കരഞ്ഞു. മുസ്ലിംകൾക്കെതിരെ യുദ്ധംചെയ്യാൻ അവരെ പ്രേരിപ്പിക്കുകയും ചെയ്തു. മുത്ത്വലിബ് ഇബ്നു അബീവദാഅത്തുസ്സഹ്മിയുടെ വീട്ടിലാണ് ചെന്നുകയറിയത്. അയാൾ കഅ്ബിനെ സ്വീകരിക്കുകയും ആദരിക്കുകയും ചെയ്തു. കഅ്ബ് കവിതകൾ പാടിക്കൊണ്ടിരിക്കുകയും ചെയ്തു. അതിലൂടെ ക്വുറൈശികളെ നബിക്കും മുസ്ലിംകൾക്കുമെതിരെ തിരിയാൻ പ്രേരിപ്പിക്കുകയായിരുന്നു ലക്ഷ്യം. പകരം വീട്ടാനുള്ള ചിന്ത അവരിൽ ഉണ്ടാക്കിയെടുക്കുവാൻ വേണ്ടിയായിരുന്നു ഇത്. മദീനയിൽ മടങ്ങിയെത്തിയ ഇയാൾ അവിടെയുള്ള മുസ്ലിം സ്ത്രീകളുടെ സൗന്ദര്യം വർണിച്ചുകൊണ്ട് പാട്ടുപാടാൻ തുടങ്ങി.

ഇയാളുടെ ഉപദ്രവം അസഹ്യമായപ്പോൾ കൊന്നുകളയാൻ നബിﷺക്ക് കൽപന പുറപ്പെടുവിക്കേണ്ടിവന്നു. ജാബിർؓ പറയുന്നു: "നബിﷺ ചോദിച്ചു: 'ആരാണ് അശ്റഫിനെ വകവരുത്തുക? കാരണം, അവൻ അല്ലാഹുവിനെയും അവന്റെ പ്രവാചകനെയും ദ്രോഹിച്ചിരിക്കുന്നു.' ഈ സന്ദർഭത്തിൽ മുഹമ്മദ് ഇബ്നു മസ്ലമ പറഞ്ഞു: 'അല്ലാഹുവിന്റെ പ്രവാചകരേ, ഞാനയാളെ കൊലപ്പെടുത്തുന്നത് താങ്കൾ ഇഷ്ടപ്പെടുമോ?' നബിﷺ പറഞ്ഞു: 'അതെ.' അപ്പോൾ മുഹമ്മദ്ബ്നു മസ്ലമؓ പറഞ്ഞു: 'എങ്കിൽ എനിക്ക് അനുവാദം നൽകുക...' അങ്ങനെ മുഹമ്മദ്ബ്നു മസ്ലമയും അബ്ബാദ് ഇബ്നുബിശ്റും അബൂഅബ്സുബ്നു ജബ്റും കൂടി രാത്രിയിൽ കഅ്ബിനെ തേടി വീട്ടിൽ ചെല്ലുകയും അയാളെ വധിക്കുകയും ചെ

യ്തു. (ബുഖാരിയിലും മുസ്‌ലിമിലും ഈ സംഭവം വിശദീകരിക്കുന്നുണ്ട്).

റബീഉൽ അവ്വൽ 14ന്റെ രാത്രിയിലായിരുന്നു ഈ സംഭവം. കഅ്ബ്ബ്നുൽ അശ്‌റഫിന്റെ മരണവാർത്ത അറിഞ്ഞതോടു കൂടി ജൂത മനസ്സുകളിലേക്ക് ഭയം ഇരച്ചുകയറാൻ തുടങ്ങി. രാജ്യത്ത് കുഴപ്പങ്ങൾ ഉണ്ടാക്കുകയും നിർഭയത്വത്തെ നശിപ്പിക്കുകയും ചെയ്യുന്ന ആളുകൾക്ക് ഉപദേശം ഫലം ചെയ്യുന്നില്ലെങ്കിൽ അവരുടെ നേരെ ശക്തി പ്രയോഗിക്കുന്ന വിഷയത്തിൽ മുഹമ്മദ് വൈകിപ്പിക്കുന്നില്ല എന്ന് ജൂതന്മാർ മനസ്സിലാക്കിയപ്പോൾ നിശ്ശബ്ദതയുടെയും ശാന്തതയുടെയും മാർഗം അവർ സ്വീകരിച്ചു. അവർ സത്യസന്ധൻമാരും കരാർ പാലിക്കുന്നവരുമാണെന്ന് പ്രകടിപ്പിക്കുവാൻ തുടങ്ങി. പാമ്പുകൾ പത്തി മടക്കി മാളങ്ങളിലേക്ക് മടങ്ങി.

**(4) ഉസ്മാനും ﷜ ഉമ്മുകുൽസുമും ﷝ തമ്മിലുള്ള വിവാഹം:** ഉസ്മാൻ ﷜ ആദ്യം നബി ﷺ യുടെ മകൾ റുക്വിയ്യ ﷝ യെ കല്യാണം കഴിച്ചിരുന്നു. ബദ്ർ യുദ്ധത്തിന് മുമ്പായി അവർ രോഗബാധിതയായി. അക്കാരണത്താൽ ബദ്റിലേക്ക് പോകാൻ ഉസ്മാനെ ﷜ നബി ﷺ അനുവദിച്ചില്ല. ബദ്റിൽ മുസ്‌ലിംകൾ വിജയിച്ചിരിക്കുന്നു എന്ന സന്തോഷ വാർത്ത മദീനയിലെത്തിയ സന്ദർഭത്തിലാണ് റുക്വിയ്യ ﷝ മരണപ്പെടുന്നത്. അവരുടെ മരണശേഷം നബി ﷺ തന്റെ മകൾ ഉമ്മുകുൽസുമിനെ ﷝ ഉസ്മാന് ﷜ കല്യാണം കഴിച്ചുകൊടുത്തു. ഹിജ്റ മൂന്നാം വർഷം റബീഉൽ അവ്വൽ മാസത്തിലായിരുന്നു ഇത്. കന്യകയായിരുന്നു അവർ. എന്നാൽ അവരിലൂടെ അദ്ദേഹത്തിന് മക്കൾ ജനിച്ചിട്ടില്ല. ഉസ്മാൻ ﷜ അല്ലാതെ മറ്റൊരാൾക്കും നബി ﷺ തന്റെ രണ്ടു മക്കളെ വിവാഹം ചെയ്തു കൊടുത്തിട്ടുമില്ല. ഉസ്മാനുബ്നു അഫ്ഫാൻ ﷜ പറയുന്നു: 'അല്ലാഹു മുഹമ്മദ് നബി ﷺ യെ സത്യം കൊണ്ട് നിയോഗിച്ചു. അല്ലാഹുവിനും അവന്റെ റസൂലിനും ആദ്യമായി ഉത്തരം നൽകിയ ആളുകളിൽ പെട്ട വ്യക്തിയായിരുന്നു ഞാൻ. എന്തൊന്നു കൊണ്ടാണോ മുഹമ്മദ് നബി ﷺ നിയോഗിക്കപ്പെട്ടത് അത് ഞാൻ വിശ്വസിച്ചു. രണ്ടുതവണ ഞാൻ ഹിജ്റ പോയി. റസൂലിന്റെ കൂടെ ജീവിക്കുകയും അദ്ദേഹത്തോട് ബൈഅത്ത് ചെയ്യുകയും ചെയ്തു. നബി ﷺ മരിക്കുന്നതുവരെ, അല്ലാഹുവാണെ സത്യം! ഞാൻ നബിയോട് അനുസരണക്കേട് കാണിക്കുകയോ വഞ്ചന കാണിക്കുകയോ ചെയ്തിട്ടില്ല" (ബുഖാരി: 3696).

**(5) അൽഖിറദ സൈന്യം:** ബദ്ർ യുദ്ധത്തിന് ശേഷം ക്വുറൈശികൾ ശാമിലേക്ക് കച്ചവടത്തിന് പോകുമ്പോൾ പ്രവേശിച്ചിരുന്ന വഴിയിലൂടെ പ്രവേശിക്കുവാൻ അവർക്ക് പേടിയായി. ഉഷ്ണ കാലത്തുള്ള ശാമിലേക്കുള്ള അവരുടെ യാത്രയുടെ സമയമായപ്പോൾ ഇപ്രകാരം പറഞ്ഞു: 'മുഹമ്മദ് നമ്മുടെ കച്ചവട സംഘത്തിന്റെ വഴി മുടക്കിയിരിക്കുകയാണ്. ഇനി ഏതു വഴിയിലൂടെയാണ് പോകേണ്ടത് എന്ന് പോലും അറിയില്ല.' അപ്പോൾ സ്വഫ്‌വാനുബ്നു ഉമയ്യ പറഞ്ഞു: 'നമ്മൾ മക്കയിൽ ഈ നിലയ്ക്ക് നിന്നാൽ നമ്മുടെ മൂലധനം ഭക്ഷിക്കേണ്ടി വരും. പിന്നെ നമുക്ക് ഒന്നും ബാക്കിയാവുകയില്ല.' അങ്ങനെ ഈ വിഷയത്തിൽ ക്വുറൈശികൾ കൂടിയാലോചന നടത്തി. അവസാനം അവർ ഇറാഖിന്റെ വഴി തിരഞ്ഞെടുത്തു. നജ്ദ് പ്രദേശം താണ്ടിക്കടന്നുകൊണ്ട് ശാമിലേക്കുള്ള വഴിയായിരുന്നു അത്. അതാകട്ടെ ഒരുപാട് ദൂരം ഉള്ളതാണ് താനും. മദീനയിൽ നിന്നും ഒരുപാട് അകലെ കിഴക്കുഭാഗത്ത് കൂടി യാത്ര ചെയ്യേണ്ടി വരും. ഫുറാതുബ്നു ഹയ്യാൻ എന്ന വ്യക്തിയെ അവർ വഴികാട്ടിയായി വാടകയ്ക്ക് കൂടെ കൂട്ടി. ബകറുബ്നു വാഇൽ കുടുംബത്തിൽപെട്ട വ്യക്തിയായിരുന്നു ഇയാൾ. അങ്ങനെ മക്കയിൽ നിന്നുള്ള ഒരു കച്ചവട സംഘം സ്വഫ്‌വാനുബ്നു ഉമയ്യയുടെ നേതൃത്വത്തിൽ പുറപ്പെട്ടു. അബൂസുഫ്‌യാനിന്റെ നേതൃത്വത്തിലാണ് എന്നും പറയപ്പെടുന്നു. 100 പേരായിരുന്നു സംഘത്തിൽ ഉണ്ടായിരുന്നത്. 30,000 ദിർഹം വിലവരുന്ന വെള്ളി അവരുടെ കൂടയുണ്ടായിരുന്നു. വഴികാട്ടിയായ ഫുറാതുബ്നു ഹയ്യാൻ അവരെയും കൊണ്ട് ഇറാഖിലേക്കുള്ള വഴിയിൽ ദാതുഇറക് എന്ന സ്ഥലത്ത് എത്തിച്ചേർന്നു. ഈ കച്ചവട സംഘത്തെ കുറിച്ചുള്ള അറിവ് നബിക്ക് ലഭിച്ചു. സൈദുബ്നു ഹാരിസ ﷜ യെ നബി ﷺ ഇവരിലേക്ക് അയച്ചു. 100 ആളുകൾ സൈദിന്റെ കൂടെ ഉണ്ടായിരുന്നു. ക്വുറൈശികളുടെ കച്ചവട സംഘത്തെ പിടികൂടലായിരുന്നു ലക്ഷ്യം. അൽഖിറദ എന്ന് പേരുള്ള നജ്ദിലെ ഒരു ജല തടാകത്തിനു സമീപത്ത് വെച്ച് അവരെ കണ്ടുമുട്ടി. സൈദുബ്നു ഹാരിസയും അനുയായികളും ക്വുറൈശീ സംഘത്തിൽ ഒന്നടങ്കം ആധിപത്യം നേടി. എതിരിടാൻ പോലും സാധ്യമല്ലാതെ സ്വഫ്‌വാനും കൂട്ടർക്കും ഓടിപ്പോകേണ്ടി വന്നു. ഇതല്ലാതെ മറ്റൊരു മാർഗവും അവരുടെ മുമ്പിൽ ഉണ്ടായിരുന്നില്ല. അവർ വഴികാട്ടിയായി കൊണ്ടുവന്ന ഫുറാത്തിനെ മുസ്‌ലിംകൾ ബന്ദിയായി പിടികൂടി. അദ്ദേഹം പിന്നീട് ഇസ്‌ലാം സ്വീകരിക്കുകയും തന്റെ ഇസ്‌ലാമിക ജീവിതം നന്നാക്കുകയും ചെയ്തു. ദീനിൽ വലിയ പാണ്ഡിത്യവും

നേടി. പിൽക്കാലത്ത് അദ്ദേഹം മക്കയിലേക്ക് നീങ്ങുകയും അവിടെ താമസമാക്കുകയും ചെയ്തു.

അഞ്ചിൽ ഒന്ന് മാറ്റി വെച്ചതിനു ശേഷം യുദ്ധാർജിത സ്വത്ത് നബിﷺ അർഹരായ ആളുകൾക്ക് വീതിച്ചു കൊടുത്തു. ഹിജ്‌റ മൂന്നാംവർഷം ജമാദുൽ ആഖിർ മാസത്തിലായിരുന്നു ഇത്. ഉഹ്ദ് യുദ്ധത്തിനു മുമ്പായി മുസ്‌ലിംകൾ നയിച്ച ഏറ്റവും വിജയകരമായ സൈന്യമായിരുന്നു ഇത്. ഇവിടെയുണ്ടായ പരാജയം ബദ്‌റിന് ശേഷം ക്വുറൈശികളെ സംബന്ധിച്ചിടത്തോളം ഒരു ഇടിത്തീ പോലെയായിരുന്നു. ഇതോടെ അവരുടെ ദുഃഖവും ഭയവും അസ്വസ്ഥതയും നാൾക്കു നാൾ വർധിച്ചുകൊണ്ടിരുന്നു. ക്വുറൈശികളുടെ എല്ലാ പ്ലാനുകളും മുസ്‌ലിംകൾക്ക് മുമ്പിൽ തകർന്നടിയുന്നതായി കണ്ടപ്പോൾ വലിയ ഒരു സൈന്യത്തെ മുസ്‌ലിംകൾ താമസിക്കുന്ന സ്ഥലത്തേക്ക് തന്നെ നിയോഗിക്കണമെന്ന തീരുമാനത്തിലേക്ക് അവർ എത്തി.ഒരു പ്രതികാര നടപടിയെന്നോണവും അതോടൊപ്പം എല്ലാ തടസ്സങ്ങളെയും നീക്കം ചെയ്യാൻ സാധ്യമാകും എന്ന ഉദ്ദേശത്തോടു കൂടിയും ആയിരുന്നു ഇത്. തങ്ങളുടെ കച്ചവടമാർഗത്തിൽ പഴയ കാലത്ത് ഉണ്ടായിരുന്ന നിർഭയത്വത്തിന്റെ സാഹചര്യം തിരിച്ചുകൊണ്ടുവരാൻ ഇതിലൂടെ സാധ്യമാകുമെന്നും അവർ ചിന്തിച്ചു. മാത്രവുമല്ല ബദ്ർ യുദ്ധത്തിലൂടെ തങ്ങൾക്ക് നഷ്ടപ്പെട്ടുപോയ സൽകീർത്തി തിരിച്ചുപിടിക്കാനും ഇതിലൂടെ സാധ്യമാകും എന്നായിരുന്നു അവരുടെ ചിന്ത. അങ്ങനെയാണ് ഉഹ്ദ് യുദ്ധം ഉണ്ടാകുന്നത്.

**(6) നബിﷺയും ഹഫ്സ رضي الله عنهاയും തമ്മിലുള്ള വിവാഹം:** ശഅ്ബാൻ മാസത്തിൽ ഉമറുബ്നുൽ ഖത്ത്വാബിന്റെ മകൾ ഹഫ്സയെ നബിﷺ വിവാഹം ചെയ്തു. ആദ്യ ഭർത്താവായിരുന്ന ഖുനൈസ് ഇബ്നു ഹുദാഫതുസ്സഹ്മി رضي الله عنهയുടെ മരണ ശേഷം ഇദ്ദയുടെ കാലം അവസാനിച്ചപ്പോഴാണ് വിവാഹം നടന്നത്. ബദ്ർ യുദ്ധത്തിന് ശേഷമാണ് ഖുനൈസ് മരണപ്പെടുന്നത്. അബ്ദുല്ലാഹിബ്നു ഉമർ رضي الله عنه പറയുന്നു: 'ഖുനൈസിന്റെ മരണത്തോടു കൂടി ഹഫ്സ വിധവയായി. നബിയുടെ സ്വഹാബിമാരിൽ പെട്ട ഒരാളായിരുന്നു ഖുനൈസ്. മദീനയിൽ വെച്ചാണ് അദ്ദേഹം മരണപ്പെടുന്നത്.' ഉമറുബ്നുൽ ഖത്ത്വാബ് رضي الله عنه പറയുന്നു: 'ഹഫ്സയെ വിവാഹം കഴിക്കണം എന്ന് ആവശ്യപ്പെട്ടുകൊണ്ട് ഞാൻ ഉസ്മാനുബ്നു അഫ്ഫാനെ കാണാൻ ചെന്നു. ഉസ്മാൻ رضي الله عنه ഞാൻ ഒന്ന് ആലോചിക്കട്ടെ എന്നു പറഞ്ഞു. ദിവസങ്ങൾക്കു ശേഷം അദ്ദേഹം എന്നെ കണ്ടുമുട്ടി. ഈ ദിവസങ്ങളിൽ ഞാൻ വിവാഹം കഴിക്കുന്നില്ല എന്നാണ് എനിക്ക് അഭിപ്രായമായി തോന്നുന്നത് എന്ന് ഉസ്മാൻ പറഞ്ഞു.'

ഉമർ പറയുന്നു: "ശേഷം ഞാൻ അബൂബക്‌റിനെ رضي الله عنه കണ്ടുമുട്ടി. താങ്കൾ ഉദ്ദേശിക്കുന്ന പക്ഷം ഹഫ്സയെ വിവാഹം കഴിച്ചുതരാം എന്ന് ഞാൻ പറഞ്ഞു. പക്ഷേ, അബൂബക്ർ നിശ്ശബ്ദനായി. ഒരു മറുപടിയും എനിക്ക് നൽകിയില്ല. ഉസ്മാനോട് ഉണ്ടായതിനെക്കാൾ നീരസമാണ് അബൂബക്‌റിനോട് എനിക്ക് തോന്നിയത്. ദിവസങ്ങൾക്കു ശേഷം നബിﷺ ഹഫ്സയെ വിവാഹമന്വേഷിച്ചു. ഞാൻ നബിക്ക് ഹഫ്സയെ നിക്കാഹ് ചെയ്തു കൊടുക്കുകയും ചെയ്തു. പിന്നീട് അബൂബക്ർ എന്നെ കണ്ടുമുട്ടി. അപ്പോൾ അദ്ദേഹം പറഞ്ഞു: 'ഹഫ്സയെ വിവാഹം കഴിക്കാൻ എന്നോട് ആവശ്യപ്പെടുകയും ഞാനൊന്നും മറുപടിയായി പറയാതിരിക്കുകയും ചെയ്തപ്പോൾ നിങ്ങളുടെ മനസ്സിൽ എന്നോട് നീരസം തോന്നിയിട്ടുണ്ടാകാം.' ഞാൻ പറഞ്ഞു: 'അതെ, ശരിയാണ്.' അപ്പോൾ അബൂബക്ർ പറഞ്ഞു: 'നബി ഹഫ്സയെ കല്യാണം കഴിക്കുന്നതിനെ കുറിച്ച് പറയുന്നത് ഞാൻ അറിഞ്ഞതുകൊണ്ടാണ് എന്നോട് താങ്കൾ ആ കാര്യം പറഞ്ഞപ്പോൾ ഞാൻ ഒന്നും മറുപടി പറയാതിരുന്നത്. നബിﷺ രഹസ്യമാക്കി വെച്ച കാര്യം ഞാൻ പരസ്യപ്പെടുത്തുന്നവനല്ല. നബി അങ്ങനെ ചെയ്യുന്നില്ലായിരുന്നുവെങ്കിൽ ഹഫ്സയെ ഞാൻ സ്വീകരിക്കുമായിരുന്നു" (ബുഖാരി: 5122).

**(7) നബിﷺയും സൈനബും رضي الله عنها തമ്മിലുള്ള വിവാഹം:** റമദാൻ മാസത്തിൽ സൈനബ് ബിൻതു ഖുസൈമ അൽഹിലാലിയ്യയെ നബിﷺ വിവാഹം കഴിച്ചു. സാധുക്കൾക്ക് ധാരാളമായി ഭക്ഷണം കൊടുക്കുകയും ധർമം വർധിപ്പിക്കുകയും ചെയ്തതിന്റെ പേരിൽ ഉമ്മുൽ മസാകീൻ എന്ന പേരിലാണ് അവർ അറിയപ്പെട്ടിരുന്നത്. അവരുടെ ആദ്യഭർത്താവ് ബദ്‌റിൽ വെച്ച് ശഹീദാവുകയായിരുന്നു. അങ്ങനെയാണ് നബിﷺ അവരെ വിവാഹാന്വേഷണം നടത്തുന്നത്. പക്ഷേ, നബിയുടെ കൂടെ അധിക കാലം ജീവിക്കുവാൻ അവർക്ക് സാധിച്ചില്ല. ഹിജ്‌റ നാലാം വർഷം റബീഉൽ ആഖിറിന്റെ അവസാനത്തിൽ അവർ മരണപ്പെട്ടു. നബിﷺ ജീവിച്ചിരിക്കെ മരണപ്പെട്ട രണ്ടു ഭാര്യമാരിൽ ഒരാളാണ് സൈനബ് رضي الله عنها. മരിക്കുമ്പോൾ അവർക്ക് 30 വയസ്സ് പ്രായമായിരുന്നു. ബക്വീഇലാണ് അവരെ മറവു ചെയ്തത്. ●

ടി.കെ.അശ്‌റഫ്
thorakkattilashraf@gmail.com



# ഇസ്‌ലാമും മാനവസൗഹാർദവും

**സ്വന്തം മത തത്ത്വങ്ങൾ മുറുകെ പിടിക്കുന്നതോടൊപ്പം ഇതര മതസ്ഥരോട് നല്ല നിലയിൽ വർത്തിക്കുവാനാണ് ഇസ്‌ലാം ആവശ്യപ്പെടുന്നത്. വിരുദ്ധാശയങ്ങളെ യോജിപ്പിക്കുവാൻ ശ്രമിക്കുന്നതിലൂടെ ഒന്നാവുകയല്ല; മൂന്നാമതൊന്ന് സൃഷ്ടിക്കപ്പെടുകയാണ് ചെയ്യുക. പരസ്പര സ്‌നേഹത്തിനും സഹകരണത്തിനും ആദർശവ്യത്യാസം തടസ്സമായിക്കൂടാ.**

നമ്മൾ ജീവിക്കുന്നത് ഇന്ത്യ എന്ന ജനാധിപത്യ മതനിരപേക്ഷ രാജ്യത്താണ്. ഇത് വൈവിധ്യങ്ങളുടെ സംഗമഭൂമിയാണ്. വിവിധ മതക്കാരും വർണക്കാരും വർഗക്കാരും മതമില്ലാത്തവരും വ്യത്യസ്ത ചിന്താഗതിക്കാരുമൊക്കെയുള്ള നാട്. ഇത്തരത്തിലുള്ള ഒരു ബഹുസ്വര സമൂഹത്തിൽ എങ്ങനെ ജീവിക്കണമെന്ന് ഇസ്‌ലാം പഠിപ്പിക്കുന്നുണ്ട്.

മുസ്‌ലിംകൾ സ്വന്തം വിശ്വാസത്തിൽ ഉറച്ച് നിൽക്കുമ്പോൾ തന്നെ മറ്റു മതസ്ഥരോട് നല്ലനിലയിൽ വർത്തിക്കണമെന്നാണ് ഇസ്‌ലാം കൽപിക്കുന്നത്. ഇന്ത്യയെപ്പോലുള്ള ബഹുമതസമൂഹ രാജ്യത്ത് ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. എന്നാൽ മതവിശ്വാസം പരസ്പരം പങ്കു

വെച്ചുകൊണ്ടല്ല ഈ സൗഹൃദം സാധ്യമാക്കേണ്ടത്. രണ്ട് വിരുദ്ധാശയങ്ങൾ പരസ്പരം ലയിക്കുമ്പോൾ രണ്ടുമല്ലാത്ത മൂന്നാമതൊരാശയമാണ് ഉണ്ടാകുന്നത്. പിന്നീട് സൗഹാർദത്തിന്റെ ആവശ്യം അവിടെ ഉയരുന്നില്ല. രണ്ട് ആശയക്കാരും സ്വന്തം ആശയത്തിൽ ഉറച്ചുനിൽക്കുമ്പോഴാണ് സൗഹൃദത്തിന്റെ സാധ്യത തന്നെ ഉണ്ടാകുന്നത്.

"മതത്തിന്റെ കാര്യത്തിൽ ബലപ്രയോഗമേ ഇല്ല. സൻമാർഗം ദുർമാർഗത്തിൽ നിന്ന് വ്യക്തമായി വേർതിരിഞ്ഞ് കഴിഞ്ഞിരിക്കുന്നു. ആകയാൽ ഏതൊരാൾ ദുർമൂർത്തികളെ അവിശ്വസിക്കുകയും അല്ലാഹുവിൽ വിശ്വസിക്കുകയും ചെയ്യുന്നുവോ അവൻ പിടിച്ചിട്ടുള്ളത് ബലമുള്ള ഒരു കയറിലാകുന്നു. അത് പൊട്ടിപ്പോകുകയേ ഇല്ല. അല്ലാഹു (എല്ലാം) കേൾക്കുന്നവനും അറിയുന്നവനുമാകുന്നു" (ക്വുർആൻ 2:256).

"(നബിയേ,) പറയുക: അവിശ്വാസികളേ, നിങ്ങൾ ആരാധിച്ചുവരുന്നതിനെ ഞാൻ ആരാധിക്കുന്നില്ല. ഞാൻ ആരാധിച്ചുവരുന്നതിനെ നിങ്ങളും ആരാധിക്കുന്നവരല്ല. നിങ്ങൾ ആരാധിച്ചുവന്നതിനെ ഞാൻ ആരാധിക്കാൻ പോകുന്നവനുമല്ല. ഞാൻ ആരാധിച്ചു വരുന്നതിനെ നിങ്ങളും ആരാധിക്കാൻ പോകുന്നവരല്ല. നിങ്ങൾക്ക് നിങ്ങളുടെ മതം. എനിക്ക് എന്റെ മതവും" (ക്വുർആൻ 109:1-6).

ബലപ്രയോഗത്തിലൂടെ മതവിശ്വാസം മറ്റുള്ളവരിൽ അടിച്ചേൽപിക്കുവാൻ പാടില്ല എന്ന് വിശുദ്ധ ക്വുർആൻ വ്യക്തമാക്കുന്നു. വിശ്വാസം മാനസികമായ പരിവർത്തനത്തിൽനിന്ന് ഉടലെടുക്കേണ്ട ഒന്നാണ്. ബലം പ്രയോഗിച്ചും ഭീഷണിപ്പെടുത്തിയും മറ്റുള്ളവരെ മതപരിവർത്തനത്തിന് വിധേയമാക്കുക എന്നത് ശുദ്ധ വിഡ്ഢിത്തമാണ്. പരലോക രക്ഷക്കു വേണ്ടിയാണ് ഒരാൾ മുസ്‌ലിമായി ജീവിക്കുന്നത്. മുസ്‌ലിമായി ജീവിതം നയിക്കുക എന്നത് അത്ര എളുപ്പമല്ല. അവന് സ്വന്തം ഇച്ഛാനുസരണം ജീവിക്കുവാൻ അവകാശമില്ല. അല്ലാഹുവിന്റെയും പ്രവാചകന്റെയും കൽപനകൾക്ക് വിധേയമായിട്ടേ അവൻ ജീവിക്കാവൂ. ഇസ്‌ലാം നിഷിദ്ധമാക്കിയ കാര്യങ്ങൾ അവൻ ചെയ്തുകൂടാ. നിർബന്ധമായും അനുഷ്ഠിക്കേണ്ട ആരാധനകൾ ആത്മാർഥമായും അല്ലാഹുവിന്റെ പ്രതിഫലം കാംക്ഷിച്ചും അവൻ ചെയ്യേണ്ടതുണ്ട്. അവന്റെ വ്യക്തിജീവിതം സംശുദ്ധമാകണം. ഇതൊക്കെ പാലിച്ചു ജീവിക്കുവാൻ ഒരാൾക്ക് സാധിക്കണമെങ്കിൽ അവൻ ആത്മാർഥമായും സുദൃഢമായും ഇസ്‌ലാമിൽ വിശ്വസിക്കുന്നവനായിരിക്കണം. അല്ലാത്തവർക്ക് മുസ്‌ലിമായി അഭിനയിക്കാനേ കഴിയൂ. അങ്ങനെയുള്ള കാനേഷുമാരി മുസ്‌ലിംകളെ വാർത്തെടുക്കുവാൻ മതം അനുശാസിക്കുന്നില്ല.

അവിശ്വാസിയാവുക എന്നത് മാനുഷികമായ നീതിക്ക് ഒരാളെ അർഹമല്ലാതാക്കുന്നില്ല. മനുഷ്യൻ എന്ന നിലയിൽ എല്ലാ വ്യക്തികളോടും നീതിപൂർവം വർത്തിക്കുവാൻ മുസ്‌ലിംകളെല്ലാം ബാധ്യസ്ഥരാണ്. ഇസ്‌ലാം അംഗീകരിക്കാത്തതിന്റെ പേരിൽ മറ്റുള്ളവരോട് അനീതി കാണിക്കാമെന്ന് ഇസ്‌ലാം പഠിപ്പിക്കുന്നില്ല. ആദർശപരമോ നയപരമോ ആയ ഭിന്നിപ്പുകളുടെ അടിസ്ഥാനത്തിൽ അനീതി കാണിക്കുന്നതിന് ഇസ്‌ലാം എതിരാണ്.

വിശുദ്ധ ക്വുർആൻ പറയുന്നു: "മതകാര്യത്തിൽ നിങ്ങളോട് യുദ്ധം ചെയ്യാതിരിക്കുകയും, നിങ്ങളുടെ വീടുകളിൽ നിന്ന് നിങ്ങളെ പുറത്താക്കാതിരിക്കുകയും ചെയ്യുന്നവരെ സംബന്ധിച്ചിടത്തോളം നിങ്ങളവർക്ക് നൻമ ചെ




**മുസ്‌ലിംകൾ സ്വന്തം വിശ്വാസത്തിൽ ഉറച്ച് നിൽക്കുമ്പോൾ തന്നെ മറ്റു മതസ്ഥരോട് നല്ലനിലയിൽ വർത്തിക്കണമെന്നാണ് ഇസ്‌ലാം കൽപിക്കുന്നത്. ഇന്ത്യയെപ്പോലുള്ള ബഹുമതസമൂഹ രാജ്യത്ത് ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. എന്നാൽ മതവിശ്വാസം പരസ്പരം പങ്കുവെച്ചുകൊണ്ടല്ല ഈ സൗഹൃദം സാധ്യമാക്കേണ്ടത്. രണ്ട് വിരുദ്ധാശയങ്ങൾ പരസ്പരം ലയിക്കുമ്പോൾ രണ്ടുമല്ലാത്ത മൂന്നാമതൊരാശയമാണ് ഉണ്ടാകുന്നത്. പിന്നീട് സൗഹാർദത്തിന്റെ ആവശ്യം അവിടെ ഉയരുന്നില്ല. രണ്ട് ആശയക്കാരും സ്വന്തം ആശയത്തിൽ ഉറച്ചുനിൽക്കുമ്പോഴാണ് സൗഹൃദത്തിന്റെ സാധ്യത തന്നെ ഉണ്ടാകുന്നത്.**

യ്യുന്നതും നിങ്ങളവരോട് നീതി കാണിക്കുന്നതും അല്ലാഹു നിങ്ങളോട് നിരോധിക്കുന്നില്ല. തീർച്ചയായും അല്ലാഹു നീതി പാലിക്കുന്നവരെ ഇഷ്ടപ്പെടുന്നു" (ക്വുർആൻ 60:8).

"പറയുക എന്റെ രക്ഷിതാവ് നീതി പാലിക്കുവാനാണ് കൽപിച്ചിരിക്കുന്നത്" (ക്വുർആൻ 7:29).

"തീർച്ചയായും അല്ലാഹു കൽപിക്കുന്നത് നീതിപാലിക്കുവാനും നൻമ ചെയ്യുവാനും കുടുംബ ബന്ധമുള്ളവർക്ക് (സഹായം) നൽകുവാനുമാണ്" (ക്വുർആൻ 16:90).



**ബലപ്രയോഗത്തിലൂടെ മതവിശ്വാസം മറ്റുള്ളവരിൽ അടിച്ചേൽപിക്കുവാൻ പാടില്ല എന്ന് വിശുദ്ധക്വുർആൻ വ്യക്തമാക്കുന്നു. വിശ്വാസം മാനസികമായ പരിവർത്തനത്തിൽനിന്ന് ഉടലെടുക്കേണ്ട ഒന്നാണ്. ബലം പ്രയോഗിച്ചും ഭീഷണിപ്പെടുത്തിയും മറ്റുള്ളവരെ മതപരിവർത്തനത്തിന് വിധേയമാക്കുക എന്നത് ശുദ്ധ വിഡ്ഢിത്തമാണ്. പരലോക രക്ഷക്കു വേണ്ടിയാണ് ഒരാൾ മുസ്‌ലിമായി ജീവിക്കുന്നത്. മുസ്‌ലിമായി ജീവിതം നയിക്കുക എന്നത് അത്ര എളുപ്പമല്ല. അവന് സ്വന്തം ഇച്ഛാനുസരണം ജീവിക്കുവാൻ അവകാശമില്ല. അല്ലാഹുവിന്റെയും പ്രവാചകന്റെയും കൽപനകൾക്ക് വിധേയമായിട്ടേ അവൻ ജീവിക്കാവൂ.**

"അതിനാൽ നീ പ്രബോധം ചെയ്തുകൊള്ളുക. നീ കൽപിക്കപ്പെട്ടതുപോലെ നേരെ നിലകൊള്ളുകയും ചെയ്യുക. അവരുടെ തന്നിഷ്ടങ്ങളെ നീ പിന്തുടർന്നു പോകരുത്. നീ പറയുക: അല്ലാഹു അവതരിപ്പിച്ച ഏതു ഗ്രന്ഥത്തിലും ഞാൻ വിശ്വസിച്ചിരിക്കുന്നു. നിങ്ങൾക്കിടയിൽ നീതിപുലർത്തുവാൻ ഞാൻ കല്പിക്കപ്പെടുകയും ചെയ്തിരിക്കുന്നു. അല്ലാഹുവാകുന്നു ഞങ്ങളുടെ രക്ഷിതാവും നിങ്ങളുടെ രക്ഷിതാവും" (ക്വുർആൻ 42:19).

മതത്തിന്റെ പേരിൽ നിങ്ങളോട് യുദ്ധത്തിന് വരാത്തവരും നിങ്ങളെ വീട്ടിൽ നിന്ന് പുറത്താക്കാത്തവരുമായ ഏതൊരാൾക്കും നൻമ ചെയ്ത് കൊടുക്കണമെന്നും അവരോട് നീതിപൂർവം പെരുമാറണമെന്നും പഠിപ്പിക്കുന്ന ക്വുർആനിന്റെ അനുയായികൾക്ക് എങ്ങനെയാണ് ഇതര മതസ്ഥരോട് മനുഷ്യത്വ രഹിതമായി പെരുമാറുവാൻ കഴിയുക?

നീതിയും നന്മയും പൊതുവായ ദൈവികാനുഗ്രഹമാണെന്നും ഒരു വിശ്വാസിക്കും അവിശ്വാസിക്കുമിടയിലെ ആദർശ വൈജാത്യം ആ പൊതു അനുഗ്രഹം നിഷേധിക്കാൻ കാരണമല്ലെന്നുമാണ് ക്വുർആൻ പറയുന്നത്. നീതിയുടെ മാനവ വീക്ഷണം നിഷേധിക്കപ്പെട്ടതാണ് ഇസ്‌ലാം ഒഴിച്ചുള്ള മതങ്ങളുടെ പരാജയമെന്ന് തോമസ് ആൽഫ്രഡ്, തന്റെ 'വേൾഡ് റിലിജ്യൻസ് ആന്റ് സെക്കുലർ ഹ്യൂമനിസം' എന്ന കൃതിയിൽ പറയുന്നതായി കാണാം: "നീതിയുടെ സാർവത്രിക സ്വഭാവവും നൻമയുടെ സാർവജനീനതയുമാണ് ശുദ്ധമാനവികതയുടെ അടിസ്ഥാന സ്തംഭങ്ങൾ. ഇവ കണ്ടെത്തുന്നതിലും തിരിച്ചറിയുന്നതിലും ഉൾക്കൊള്ളുന്നതിലും വിവിധ മതങ്ങൾക്കു സംഭവിച്ച പരാജയമാണ് ലോകത്ത് അശാന്തിയുടെയും വിദ്വേഷത്തിന്റെയും വിത്തുവിതച്ചത്. എന്നാൽ ഇസ്‌ലാം ഈ രംഗത്തു സവിശേഷ സമീപനം പ്രകടിപ്പിച്ചു. നന്മയുടെയും നീതിയുടെയും അർഹതയിൽനിന്ന് പൊതുസമൂഹത്തെയോ ഏതാനും വ്യക്തികളെയോ തടയുവാൻ അനിസ്‌ലാമികതയോ ഇസ്‌ലാമുമായുള്ള വിയോജിപ്പോ അടിസ്ഥാന കാരണങ്ങളല്ലെന്ന് ഇസ്‌ലാമിന്റെ വേദഗ്രന്ഥമായ ക്വുർആൻ മാനവരാശിയെ പഠിപ്പിച്ചിട്ടുണ്ട്" (പേജ് 74-75, ഹ്യൂമനിസ്റ്റ് പ്രസ് ഇന്റർ നാഷണൽ, ലണ്ടൻ, 1989).

അയൽവാസി പട്ടിണികിടക്കുമ്പോൾ മതം നോക്കിയല്ല ഒരു മുസ്‌ലിം സഹായിക്കേണ്ടത്. തൊട്ടടുത്ത വീട് അഗ്നിക്കിരയാകുമ്പോൾ മതത്തിന്റെ നിറം പരിഗണിച്ചല്ല തീ കെടുത്തേണ്ടത്. ആക്സിഡന്റിൽ രക്തം വാർന്നൊലിക്കുന്നവന്റെ ജാതിയന്വേഷിച്ചല്ല അവനെ ആശുപത്രിയിലെത്തിക്കേണ്ടത്. പച്ചക്കരളുള്ള ഏതൊരു ജീവിക്കും കരുണ ചെയ്യണമെന്നാണ് ഇസ്‌ലാമികാധ്യാപനം.

ഒരു മുസ്‌ലിം ചന്ദനക്കുറി തൊട്ട് ക്ഷേത്രദർശ

**മതത്തിന്റെ പേരിൽ നിങ്ങളോട് യുദ്ധത്തിന് വരാത്തവരും നിങ്ങളെ വീട്ടിൽ നിന്ന് പുറത്താക്കാത്തവരുമായ ഏതൊരാൾക്കും നൻമ ചെയ്ത് കൊടുക്കണമെന്നും അവരോട് നീതിപൂർവം പെരുമാറണമെന്നും പഠിപ്പിക്കുന്ന ക്വുർആനിന്റെ അനുയായികൾക്ക് എങ്ങനെയാണ് ഇതര മതസ്ഥരോട് മനുഷ്യത്വരഹിതമായി പെരുമാറുവാൻ കഴിയുക? നീതിയും നന്മയും പൊതുവായ ദൈവികാനുഗ്രഹമാണെന്നും ഒരു വിശ്വാസിക്കും അവിശ്വാസിക്കുമിടയിലെ ആദർശ വൈജാത്യം ആ പൊതു അനുഗ്രഹം നിഷേധിക്കാൻ കാരണമല്ലെന്നുമാണ് ക്വുർആൻ പറയുന്നത്. നീതിയുടെ മാനവ വീക്ഷണം നിഷേധിക്കപ്പെട്ടതാണ് ഇസ്‌ലാം ഒഴിച്ചുള്ള മതങ്ങളുടെ പരാജയമെന്ന് തോമസ് ആൽഫ്രഡ്, തന്റെ 'വേൾഡ് റിലിജ്യൻസ് ആന്റ് സെക്കുലർ ഹ്യൂമനിസം' എന്ന കൃതിയിൽ പറയുന്നതായി കാണാം.**



നം നടത്തുകയും ഹിന്ദു തൊപ്പിവെച്ച് പള്ളിയിൽ കയറി നമസ്‌കരിക്കുകയും ചെയ്യുമ്പോഴാണ് സൗഹാർദമുണ്ടാകുന്നതെന്നാണ് പലരും വിചാരിക്കുന്നത്. അങ്ങനെയല്ലാതെ തന്നെ സ്‌നേഹിക്കുവാനും സഹകരിക്കുവാനും സഹായിക്കുവാനുമുള്ള വിശാലമനസ്‌കതയാണ് വേണ്ടത്. അതാണ് ഉദാത്തമായ മനുഷ്യസൗഹാർദം.

യഥാർഥത്തിൽ ഇസ്‌ലാമിന്റെ മാറ്റേറുന്നത് അത് മാനവസൗഹാർദത്തിന് സദാ ഊന്നൽ നൽകുന്നു എന്നതുകൊണ്ടാണ്. വ്യത്യസ്ത ധ്രുവങ്ങളിൽ സ്ഥിതിചെയ്യുന്ന മതവിശ്വാസങ്ങളിൽ നീക്കുപോക്കുണ്ടാക്കിക്കൊണ്ടുള്ള ഒരുസൗഹാർദ പാഠം ഇസ്‌ലാം പഠിപ്പിക്കുന്നില്ല.

## ഇസ്‌ലാമിന്റെ മധ്യമ നിലപാട്

മതത്തിന്റെ പേരിൽ പ്രമാണങ്ങളിലില്ലാത്തത് ചെയ്യുന്നവർ മതത്തെ സങ്കീർണമാക്കുകയാണ് ചെയ്യുന്നത്. നിർബന്ധമായി ചെയ്യേണ്ടതും കഴിവിനനുസരിച്ച് പരമാവധി ചെയ്യാൻ ശ്രമിക്കേണ്ട ഐഛികമായ കാര്യങ്ങളും മതത്തിലുണ്ട്. ഇവ രണ്ടിനോടും ഒരേ സമീപനമല്ല വേണ്ടത്. നിർബന്ധമായതിൽ വീഴ്ച വരുത്തുന്നത് അതീവ ഗൗരവമാണ്. ഐഛികമായ നൻമകളെ നിർബന്ധത്തിന്റെ പിരിധിയിലേക്ക് കൊണ്ടുവന്നാൽ മതം അപ്രായോഗികവും ഭാരമേറിയതുമായി വിലയിരുത്തപ്പെടും. താൻ അനുഷ്ഠിക്കുന്ന മുഴുവൻ ഐഛിക കർമങ്ങളും എല്ലാവരും നിർവഹിക്കണമെന്ന് ആഗ്രഹിക്കാമെങ്കിലും, അതിന് മറ്റുള്ളവരെ നിർബന്ധിക്കുന്നതും അങ്ങനെ ചെയ്യാത്തവരെ കുറ്റക്കാരായി വീക്ഷിക്കുന്നതും ശരിയല്ല.

അടിസ്ഥാന ബാധ്യതകൾ അവഗണിച്ച് ആരാധനകളിൽ മുഴുകുന്നതും ഇതുപോലെത്തന്നെയാണ്. അല്ലാഹുവിനോടുള്ള മുഖ്യമായ ബാധ്യത വിസ്മരിച്ചുകൊണ്ട് മറ്റുള്ളവർക്ക് വേണ്ടി ജീവിതം മുഴുവൻ നീക്കിവെക്കുകയും മെഴുകുതിരിപോലെ കത്തിത്തീരുകയും ചെയ്യുന്നവരും അല്ലാഹുവിലേക്ക് അടുക്കാനായി ആരാധനകളിൽ മുഴുകി സ്വന്തത്തെയും കൂടെയുള്ളവരെയും വിസ്മരിച്ച് സമൂഹത്തിൽ നിന്ന് അകന്ന് ജീവിക്കുന്നവരും മതത്തിൽ അതിരുകവിഞ്ഞവരാണ്. കഴിവും പ്രാപ്തിയുമുണ്ടെങ്കിൽ മതാനുഷ്ഠാനങ്ങളിൽ പരമാവധി മുൻകടക്കാൻ പരിശ്രമിക്കണം. എന്നാൽ ദുർബലർകൂടി ഉൾകൊള്ളുന്ന അനുഷ്ഠാനങ്ങളാണ് നാം നിർവഹിക്കുന്നതെങ്കിൽ അവരെക്കൂടി പരിഗണിച്ചുകൊണ്ടായിരിക്കണം കർമങ്ങൾക്ക് നേതൃത്വം നൽകേണ്ടത്.

ഒറ്റക്ക് നമസ്‌കരിക്കുമ്പോൾ (പ്രത്യേകിച്ച് രാത്രിയിൽ) ദീർഘിപ്പിക്കുന്നത് നല്ലതാണ്. എന്നാൽ വൃദ്ധരും കുട്ടികളുമടങ്ങുന്നവർക്ക് ഇമാമായി നമസ്‌കരിക്കുമ്പോൾ അവരെക്കൂടി പരിഗണിക്കണം. പ്രവാചകൻﷺ കുട്ടികളുടെ കരച്ചിൽ കേട്ടപ്പോൾ നമസ്‌കാരം ലഘൂകരിച്ചത് ഇതിനുദാഹരണമാണ്. ഭർത്താവ് വീട്ടിലുണ്ടെങ്കിൽ അദ്ദേഹ

**അയൽവാസി പട്ടിണികിടക്കുമ്പോൾ മതം നോക്കിയല്ല ഒരു മുസ്‌ലിം സഹായിക്കേണ്ടത്. തൊട്ടടുത്ത വീട് അഗ്നിക്കിരയാകുമ്പോൾ മതത്തിന്റെ നിറം പരിഗണിച്ചല്ല തീ കെടുത്തേണ്ടത്. ആക്‌സിഡന്റിൽ രക്തം വാർന്നൊലിക്കുന്നവന്റെ ജാതിയന്വേഷിച്ചല്ല അവനെ ആശുപത്രിയിലെത്തിക്കേണ്ടത്. പച്ചക്കരളുള്ള ഏതൊരു ജീവിക്കും കരുണ ചെയ്യണമെന്നാണ് ഇസ്‌ലാമികാധ്യാപനം. ഒരു മുസ്‌ലിം ചന്ദനക്കുറി തൊട്ട് ക്ഷേത്രദർശനം നടത്തുകയും ഹിന്ദു തൊപ്പിവെച്ച് പള്ളിയിൽ കയറി നമസ്‌കരിക്കുകയും ചെയ്യുമ്പോഴാണ് സൗഹാർദമുണ്ടാകുന്നതെന്നാണ് പലരും വിചാരിക്കുന്നത്. അങ്ങനെയല്ലാതെ തന്നെ സ്‌നേഹിക്കുവാനും സഹകരിക്കുവാനും സഹായിക്കുവാനുമുള്ള വിശാലമനസ്‌കതയാണ് വേണ്ടത്. അതാണ് ഉദാത്തമായ മനുഷ്യസൗഹാർദം.**



ത്തിന്റെ അനുവാദത്തോടെയാവണം ഭാര്യ ഐഛികമായ (സുന്നത്ത്) നോമ്പനുഷ്ഠിക്കേണ്ടതെന്ന നിർദേശത്തിലും ഈ ആശയം തന്നെയാണ് വ്യക്തമാവുന്നത്. ജുമുഅ ഖുത്വുബ, സാന്ദർഭികമായ ഉപദേശങ്ങൾ എന്നിവയുടെ ദൈർഘ്യം സദസ്യരുടെ സാഹചര്യങ്ങൾ പരിഗണിച്ചുകൊണ്ടാവാൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കേണ്ടതുണ്ട്. മതം ജീവിതത്തിൽ നിലനിൽക്കണമെങ്കിൽ അവധാനതയോടെ ഉൾകൊള്ളുകയും ആത്മാർഥമായി അനുഷ്ഠിക്കുകയും വേണം. ആവേശത്തിന്റെ പേരിൽ ആരംഭിക്കുന്ന നൻമകൾക്ക് അൽപായുസ്സ് മാത്രമെ ഉണ്ടാവാറുള്ളൂ. കഴിവിൽ പെടാത്തത് വൈകാരികമായി ഏറ്റെടുത്ത് ചുരുങ്ങിയകാലം അനുഷ്ഠിച്ച ശേഷം ഉപേക്ഷിക്കുകയും നിർബന്ധകർമങ്ങൾ പോലും വിസ്മരിക്കുകയും ചെയ്യുന്ന പ്രവണത അപകടത്തിലേക്കാണ് നയിക്കുക.

ജീവിതത്തിൽ ആത്മാർഥമായി പാലിക്കുന്ന ശക്തമായ സുന്നത്തുകളെ മിതത്വത്തിന്റെ മറവിൽ നിസ്സാരമായി കാണുന്ന പ്രവണത തിരുത്തേണ്ടതാണ്. നിരവധി ഹദീഥുകളിൽ സ്ഥിരപ്പെട്ട; താടിവളർത്തുക, മീശവെട്ടുകയെന്ന സംസ്‌കാരം സ്വീകരിച്ചതിന്റെ പേരിൽ ബാർബർ ഷാപ്പിന്റെ മൂലയിൽ മുഖം കുത്തിവീണ് എഴുന്നേറ്റവനെപ്പോലെയെന്ന് പരിഹസിക്കുന്നത് പ്രവാചകന് നേരെയുള്ള കടന്നാക്രമണമാണ്. താടിനീട്ടൽ മുസ്‌ലിം പുരുഷന്റെ പ്രകൃതത്തിൽ പെട്ടതാണ്. താടി വടിക്കലാണ് പ്രകൃതിവിരുദ്ധം, പ്രയാസകരം. മിതത്വത്തിന്റെയും എളുപ്പത്തിന്റെയും 'ന്യായ'ത്തിൽ ഒഴിവാക്കാൻ ന്യായമില്ല. താടി വളർത്താത്തയാളെ ആക്ഷേപിക്കുകയും പരിഹസിക്കുകയുമല്ല ചെയ്യേണ്ടത്; പ്രവാചക വചനങ്ങൾ ബോധ്യപ്പെടുത്തുന്ന ഗുണകാംക്ഷ നിറഞ്ഞ നിലപാടാണ് സ്വീകരിക്കേണ്ടത്. താടിയെ തീവ്രവാദത്തിന്റെ അടയാളമായി മാധ്യമങ്ങൾ ഉയർത്തിക്കാട്ടുകയും ഇസ്‌ലാംവിരോധികൾ പ്രചരിപ്പിക്കുകയും ചെയ്യുന്നതിനാൽ താടിയൊഴിവാക്കലാണ് ഇതിന് പരിഹാരമെന്ന് ചിലർ പറയാതെ പറയുന്നു. നമസ്‌കാരത്തഴമ്പും ഇസ്‌ലാമികാഭിവാദ്യങ്ങളും സ്ത്രീകളുടെ ശിരോവസ്ത്രവും നെരിയാണിക്ക് താഴെയിറങ്ങാത്ത പുരുഷവസ്ത്രവുമെല്ലാം തീവ്രതയുടെ അടയാളമാണെന്ന് പറയാൻ തുടങ്ങിയാൽ ഇതെല്ലാം ഒഴിവാക്കിക്കൊണ്ട് 'നിരപരാധിത്വം' തെളിയിക്കാൻ വിശ്വാസിക്ക് സാധിക്കുമോ?

കച്ചവടം, ഭൗതികമായ പുരോഗതികൾ, ധനസമ്പാദനം, പ്രശസ്തി, എന്നിവയ്ക്കായി ദീർഘയാത്ര നടത്തുകയും വർഷങ്ങളോളം വീട്ടിൽനിന്ന് വിട്ടുനിൽക്കുകയും രാത്രി വൈകി വീട്ടിലെത്തുകയും കുടുംബത്തെ കാണാൻപോലും സമയം ലഭിക്കാതെ തിരക്കുപിടിച്ച ജീവിതം നയിക്കുകയും ചെയ്യുന്നവരെ ആരും അതിന്റെ പേരിൽ ആക്ഷേപിക്കാറില്ല. എന്നാൽ മതരംഗത്ത് ശ്രദ്ധിക്കുകയും കൃത്യമായി പള്ളിയിൽ നമസ്‌കാരത്തിന് പങ്കെടുക്കുകയും സുന്നത്ത് നമസ്‌കാരങ്ങളും നോമ്പും അനുഷ്ഠിക്കുകയും സകാത്ത് നൽകുകയും പ്രബോധനത്തിനായി സമയം നീക്കി വെക്കുകയും അതിനായി ദീർഘയാത്ര നടത്തുകയും ധനംചെലവഴിക്കുകയും മറ്റു സുന്നത്തുകളിൽ നിഷ്ഠ പാലിക്കുകയും ചെയ്യുന്നവനെ മതത്തിൽ തീവ്രതയുള്ളവനായി ചിത്രീകരിക്കാനും ആക്ഷേപിക്കാനും ചിലരെങ്കിലും ശ്രമിക്കുന്നത് കാണാം. ഇത് അന്യായമാണ്. ഐഛികമായ കർമങ്ങൾ ജീവിതത്തിൽ പകർത്താൻ പലകാരണങ്ങളാൽ കഴിയാത്തവർ അത് അനുഷ്ഠിക്കുന്നവരെ അനുഷ്ഠാന തീവ്രതയുള്ളവരായി കാണുകയും പരിഹസിക്കുകയും ചെയ്യുന്ന പ്രവണതയും നന്നല്ല. ●

മൂസ സ്വലാഹി, കാര
moosakara001@gmail.com

വിമർശനം



# ഈദ്ഗാഹ് സംഘടിപ്പിക്കൽ പ്രമാണവിരുദ്ധമോ?

നബിചര്യയെ വാക്കിലും വരികളിലും മാത്രമൊതുക്കി ഞങ്ങൾ ഇസ്‌ലാമിന്റെ പ്രയോക്താക്കളാണെന്ന് പെരുമ്പറയടിച്ച് നടക്കുന്ന കേരള ശിയാക്കളായ സമസ്തക്കാർ മതനിയമങ്ങളുടെ തണലിൽ പുത്തൻ വിശ്വാസാചാരങ്ങൾ മെനഞ്ഞുണ്ടാക്കി, ഇസ്‌ലാം എന്താണോ പഠിപ്പിക്കുന്നത് അതിൽ നിന്നെല്ലാം സമുദായത്തെ പരമാവധി അകറ്റാൻ പെടാപാട് പെടുന്നവരാണ്. 2019 ആഗസ്റ്റ് 15 ലക്കം 'സുന്നിവോയ്സി'ൽ അബ്ദുൽ അസീസ് സഖാഫി വാളക്കുളമെഴുതിയ 'ഈദ് ഗാഹ്: പ്രമാണങ്ങൾ എന്ത് പറയുന്നു' എന്ന ലേഖനം ഇതിനുള്ള പുതിയ തെളിവാണ്.

മുസ്‌ലിയാർ ലേഖനം ആരംഭിക്കുന്നത് തന്നെ ശുദ്ധ കളവുകൊണ്ടാണ്: "ഈദ് ഗാഹിന്റെ പേരിൽ വിശ്വാസികളെ പെരുന്നാൾ സുദിനങ്ങളിൽ വൃത്തിഹീനമായ മാർക്കറ്റുകളിലേക്കും മൈതാനങ്ങളിലേക്കും നിസ്കാരത്തിന് വലിച്ചിഴക്കുന്നവരാണ് ബിദഇകൾ"(പേജ്: 24).

പച്ചയായ തെറ്റുധരിപ്പിക്കലാണിത്. അനുയോജ്യമായ സ്ഥലം കണ്ടെത്തി, ജനങ്ങളെ ഉദ്ബുദ്ധരാക്കി ഈദ് ഗാഹെന്ന സുന്നത്തിനെ ജീവിപ്പിക്കുന്നവരോട് മുസ്‌ലിയാക്കന്മാർ അടങ്ങാത്ത കലിപ്പും വെറുപ്പും വച്ചുപുലർത്തുന്നതെന്തിനാണ്? നബിചര്യക്ക് നേരെ മുസ്‌ലിയാർ നടത്തിയ 'വൃത്തിഹീനം', 'വലിച്ചിഴക്കൽ' എന്നീ മോശം പ്രയോഗങ്ങൾ ശ്രദ്ധിക്കുക. എന്ത് തെളിവിന്റെ അടിസ്ഥാനത്തിലാണ് ഈ പറഞ്ഞിരിക്കുന്നത്? സ്വന്തം മനസ്സിനെ വൃത്തിയായി സൂക്ഷിക്കാത്തവർക്കേ ഇങ്ങനെയൊക്കെ പറയാൻ കഴിയൂ. ദീനിന്റെ നിർദേശങ്ങളെ ഗൗനിക്കാത്തത് കാരണമാണിത്. അല്ലാഹു പറയുന്നു:

"തനിക്ക് സൻമാർഗം വ്യക്തമായി ക്കഴിഞ്ഞ ശേഷവും ആരെങ്കിലും ദൈവദൂതനുമായി എതിർത്ത് നിൽക്കുകയും സത്യവിശ്വാസികളുടെതല്ലാത്ത മാർഗം പിന്തുടരുകയും ചെയ്യുന്ന പക്ഷം അവൻ തിരിഞ്ഞ വഴിക്ക് തന്നെ നാം അവനെ തിരിച്ചുവിടുന്നതും നരകത്തിലിട്ട് നാമവനെ കരിക്കുന്നതുമാണ്. അതെത്ര മോശമായ പര്യവസാനം!" (ക്വുർആൻ 4:115).

അബൂഹുറയ്റ(رضي الله عنه)യിൽ നിന്ന് നിവേദനം; നബി(ﷺ) പറഞ്ഞു: "എന്റെ സമൂഹം മുഴുവൻ സ്വർഗത്തിൽ പ്രവേശിക്കും, വിസമ്മതം കാണിച്ചവർ ഒഴികെ." അവർ ചോദിച്ചു: "അല്ലാഹുവിന്റെ ദൂതരേ, ആരാണ് വിസമ്മതം കാണിച്ചവർ?" അവിടുന്ന് പറഞ്ഞു: "എന്നെ അനുസരിച്ചവൻ സ്വർഗത്തിൽ കടക്കും. എന്നെ ധിക്കരിച്ചവൻ ആരാണോ അവനാണ് വിസമ്മതം കാണിച്ചവൻ" (ബുഖാരി).

കേരളത്തിൽ നടന്നുവരുന്ന 'ഈദ്ഗാഹ്' എന്ന സുന്നത്തിനെ മോശമാക്കി ചിത്രീകരിക്കുവാൻ മുസ്‌ലിയാർ നടത്തുന്ന ശ്രമം കാണുക: "എന്നാൽ ഈദ് ഗാഹിന്റെ വിഷയത്തിൽ ഗൾഫ് നാടുകളോട് താരതമ്യം ചെയ്യുന്നത് ശുദ്ധ വിവരക്കേടാണെന്ന് ആർക്കും ബോധ്യപ്പെടും. കാരണം അവിടെങ്ങളിലെല്ലാം പെരുന്നാൾ നിസ്കാരത്തിനു വേണ്ടി പ്രത്യേകമായി തയ്യാർ ചെയ്ത സ്ഥലങ്ങളെയാണ് ഈദ് ഗാഹ് എന്ന് വിളിക്കുന്നത്. നിസ്കാര ശേഷം പൂട്ടി അടുത്ത നിസ്കാരം വരെ സംരക്ഷിക്കുകയും വൃത്തിയായി പരിപാലിക്കപ്പെടുകയും ചെയ്യുന്ന കേന്ദ്രങ്ങളാണവ. അല്ലാതെ ഏതെങ്കിലും ചന്തകളിലോ മറ്റോ ബാനർവച്ച തട്ടിക്കൂട്ട് ഈദ്ഗാഹുകളല്ല" (പേജ്: 24)

തത്ത്വത്തിൽ ഇദ്ഗാഹിനോട് എതിർപ്പുള്ള ഇവർ കേരളത്തിലെ ഈദ് ഗാഹുകളെ എതിർക്കുവാൻ ഗൾഫ് നാടുകളിലെ ഈദ് ഗാഹുകളെ അംഗീകരിക്കുകയാണ് ഇതിലൂടെ! ഈദ് ഗാഹിനെ ഇവർ അംഗീകരിക്കുന്നുവെങ്കിൽ ഗൾഫ് നാടുകളിലുള്ളതു പോലെ എന്തുകൊണ്ട് ഈദ് ഗാഹുകൾ ഇവർ നടത്തുന്നില്ല? പ്രാമാണികമായി എതിർക്കുവാൻ സാധിക്കാത്തതിനാൽ ഇങ്ങനെ പറയുകയല്ലാതെ ഇവരുടെ മുമ്പിൽ വേറെ എന്തു വഴി! പള്ളിയല്ലാത്ത, നമസ്കാരയോഗ്യമായ സ്ഥലങ്ങൾക്ക് 'മുസ്വല്ല' എന്ന് പറയാമെന്നത് മുസ്‌ലിയാർക്ക് അറിയാഞ്ഞിട്ടൊന്നുമാകില്ലല്ലോ.

മുസ്‌ലിയാർ പറയുന്നു: "പ്രവിശാലവും സൗകര്യപ്രദവുമായ മസ്ജിദുകൾ അടച്ച്പൂട്ടി പെരുന്നാൾ ദിനം വൃത്തിഹീനമായ സ്ഥലങ്ങളിൽ പോയി നമസ്കാരം നിർവഹിക്കുന്ന പുത്തൻവാദികളുടെ നിലപാട് എതിർക്കപ്പെടേണ്ടതാണ്" (പേജ്: 24).

ഈദ്ഗാഹ് അഥവാ 'മുസ്വല്ലൽ ഈദ്' മതത്തിലെ നൂതനാചാരമാണോ? ഇത് നബിചര്യയിൽ പെട്ടതല്ലേ? അബ്ദുല്ലാഹിബ്നു ഉമർ(رضي الله عنه)വിൽ നിന്ന് നിവേദനം: "നബി(ﷺ) പെരുന്നാൾ ദിവസം രാവിലെ മുസ്വല്ലയിലേക്ക് പോകാറുണ്ടായിരുന്നു" (ബുഖാരി).

അബൂസഈദ് അൽഖുദ്‌രി(رضي الله عنه)യിൽ നിന്ന് നിവേദനം: "നബി(ﷺ) ചെറിയ പെരുന്നാൾ ദിവസവും ബലിപെരുന്നാൾ ദിവസവും മുസ്വല്ലയിലേക്ക് പോകാറുണ്ടായിരുന്നു" (നസാഈ).

'ജബാന' എന്ന സ്ഥലത്ത് പോയി നബി(ﷺ) പെരുന്നാൾ നമസ്കരിച്ചു എന്നും റിപ്പോർട്ടുണ്ട്. സ്വഹാബികൾ, താബിഉകൾ, മദ്ഹബിന്റെ ഇമാമുമാർ, അഹ്‌ലുസ്സുന്നയുടെ മറ്റു പണ്ഡിതന്മാർ എന്നിവരെല്ലാം ഇത് അംഗീകരിച്ചതിന് ധാരാളം തെളിവുകളുണ്ട്. നാല് മദ്ഹബുകളുടെയും നിലപാട് ഇതാണ്.

ഇമാം അൽഐനി അൽഹനഫി(റഹി) പറയുന്നു: "അബൂസഈദ് അൽഖുദ്‌രി(رضي الله عنه)യുടെ ഹദീഥിൽ ഈദ്ഗാഹിലേക്ക് പുറപ്പെടണമെന്നതിന് തെളിവുണ്ട്. അനിവാര്യഘട്ടത്തിലാണ് പെരുന്നാൾ നമസ്കാരം പള്ളിയിൽ വെച്ച് നിർവ്വഹിക്കേണ്ടത്."

ഇമാം ക്വുർത്വുബി അൽമാലികി(റഹി) തന്റെ 'അൽമുഫ്ഹിം' എന്ന ഗ്രന്ഥത്തിൽ പറയുന്നു: "നബി(ﷺ) മുസ്വല്ലയിലേക്ക് പുറപ്പെട്ടത് തന്നെ പെരുന്നാൾ നമസ്കാരങ്ങൾക്ക് ഈദ്ഗാഹിലേക്ക് പുറപ്പെടണമെന്നതിന് തെളിവാണ്. അപ്രകാരമാണ് ജനങ്ങൾ പ്രവർത്തിച്ച് പോന്നത്. ഇസ്‌ലാമിന്റെ സൗന്ദര്യവും പ്രൗഢിയും പ്രകടിപ്പിക്കലാണ് ഇതിന്റെ യുക്തി. സൗകര്യാർഥം ഏത് നാടും ഇതി

നുപയോഗിക്കാം; മക്കയൊഴികെ. മക്കയിൽ മസ്ജിദുൽ ഹറമിൽ പെരുന്നാൾ നമസ്കരിക്കണം. അവിടെ നിന്ന് പുറത്തു പോകാവതല്ല. അത് അല്ലാഹുവിന്റെ ഭവനത്തോട് പ്രതിപത്തി പുലർത്തലാണ്."

ഇമാം ശാഫിഈ(റഹി) തന്റെ 'അൽഉമ്മി'ൽ പറയുന്നു: "മദീനയിലായിരിക്കെ നബിﷺ പെരുന്നാൾ മുസ്വല്ലയിലേക്ക് പുറപ്പെട്ടിരുന്നുവെന്ന് നമ്മുക്ക് വിവരമെത്തിയിട്ടുണ്ട്. പ്രവാചകന് ശേഷവും അപ്രകാരം തന്നെയായിരുന്നു; മഴ പോലുള്ള പ്രതിബന്ധങ്ങൾ ഉണ്ടായില്ലെങ്കിൽ. മക്കക്കാർ ഒഴിച്ച് ബാക്കിയെല്ലാ നാട്ടുകാരും അപ്രകാരം തന്നെയായിരുന്നു."

ഇമാം ഇബ്നുഖുദാമ അൽഹമ്പലി(റഹി) തന്റെ 'അൽമുഗ്നി' എന്ന ഗ്രന്ഥത്തിൽ പറയുന്നു: "പെരുന്നാൾ നമസ്കാരം മുസ്വല്ലയിൽ വെച്ചാണ് സുന്നത്ത്. അങ്ങനെ ചെയ്യാൻ അലിؓ കൽപിച്ചിട്ടുണ്ട്. ഔസാഈയും അറിവുള്ളവരും അതാണ് ഇഷ്ടപ്പെട്ടത്. അതാണ് ഇബ്നുമുൻദിറിന്റെയും അഭിപ്രായം."

ഇമാം ബുഖാരി(റഹി), ഇമാം മുസ്‌ലിം(റഹി) എന്നിവരും അവരുടെ ഹദീഥ് ഗ്രന്ഥങ്ങളിൽ ഈദ്ഗാഹിനെ സംബന്ധിച്ച് ധാരാളം പ്രതിപാദിച്ചിട്ടുണ്ട്. ഈ തെളിവുകളെയെല്ലാം പൂഴ്ത്തിവെച്ച് ഈദ്ഗാഹുകളെ പുത്തനാചാരമെന്ന് ആക്ഷേപിക്കുന്നവരുടെ ഉള്ളിലിരുപ്പ് വ്യക്തമാണ്.

ലേഖകൻ തുടരുന്നു: "നബിﷺ ചെറിയ പെരുന്നാൾ ദിവസവും വലിയ പെരുന്നാൾ ദിവസവും മുസ്വല്ലയിലേക്ക് പുറപ്പെട്ടിരുന്നു. ഇമാം മുസ്‌ലിംؒ സ്വഹീഹിൽ ഉദ്ധരിച്ച ഈ ഹദീസാണ് ഈ നടപടിക്ക് പുത്തൻവാദികൾ തെളിവാക്കാറുള്ളത്."

മുസ്‌ലിയാർ സൂചിപ്പിച്ച ഈ ഹദീഥിൽ നിന്ന് ഈദ്ഗാഹിലേക്ക് പുറപ്പെടൽ പണ്ടേ ഉള്ളതാണെന്ന് വ്യക്തം. ഇമാം നവവി(റഹി) ഈ ഹദീഥിന് നൽകിയ വിശദീകരണം ഇപ്രകാരമാണ്: "പെരുന്നാൾ നമസ്കാരത്തിന് ഈദ്ഗാഹിലേക്ക് പുറപ്പെടൽ സുന്നത്താണെന്നും പള്ളിയിൽ വെച്ച് നമസ്കരിക്കുന്നതിനെക്കാൾ ഉത്തമം അതാണെന്നും പറഞ്ഞവർക്ക് ഈ ഹദീഥാണ് തെളിവ്. മിക്ക നാടുകളിലും ഇതനുസരിച്ചാണ് ആളുകൾ പ്രവർത്തിച്ചത്. എന്നാൽ മക്കക്കാർ ആദ്യകാലം മുതൽക്കേ പള്ളിയിലാണ് നമസ്കരിച്ചിരുന്നത്. ശാഫിഈ മദ്ഹബിലെ പണ്ഡിതർ ഇതിൽ രണ്ട് വീക്ഷണക്കാരാണ്. ഒന്ന്, ഈ ഹദീഥ് പ്രകാരം ഉത്തമം മൈതാനമാണെന്ന്. രണ്ട്, പള്ളി വിശാലമാണെങ്കിൽ അതാണ് ഉത്തമം" (ശർഹു മുസ്‌ലിം, വാള്യം 3, പേജ്: 143).

ഈദ്ഗാഹിനെ പ്രോത്സാഹിപ്പിക്കുന്ന ഈ വിശദീകരണത്തെ പോലും വളച്ച് വശത്താക്കാൻ മുസ്‌ലിയാർ ലേഖനത്തിൽ ശ്രമിച്ചിട്ടുണ്ട്. എന്നാൽ ഇതിലെവിടെയും ഈദ്ഗാഹിനെ വെറുക്കുന്നതോ, നിരുത്സാഹപ്പെടുത്തുന്നതോ ആയ ഒന്നുമില്ല. ഇനി ഇബ്നു ഖുദാമ അൽ ഹമ്പലിؒ പറഞ്ഞത് ഇതിനോട് ചേർത്ത് വായിക്കാം: "ഒരു പ്രദേശത്തെ പള്ളി വിശാലമാണെങ്കിൽ അവിടെ നമസ്കരിക്കലാണ് ഉത്തമം. കാരണം അതാണല്ലോ ഉത്തമ സ്ഥലവും വൃത്തിയുള്ളതും. അതിനാലാണ് മക്കക്കാർ മസ്ജിദുൽ ഹറമിൽ നമസ്കരിക്കുന്നത്. എന്നാൽ ഇതിന് നമുക്ക് പറയാനുള്ളത് ഇതാണ്; നബിﷺ അവിടുത്തെ തന്നെ പള്ളി ഒഴിവാക്കിക്കൊണ്ട് മുസ്വല്ലയിലേക്ക് പുറപ്പെടുമായിരുന്നു. അദ്ദേഹത്തിന് ശേഷം ഖലീഫമാരും അങ്ങനെയായിരുന്നു. അടുത്തുള്ളതും ഏറ്റവും നല്ലതും ഒഴിവാക്കി അകലെയുള്ളതും നന്മ കുറഞ്ഞതും നബിﷺ എടുക്കുക എന്നത് സംഭവിക്കുകയുമില്ല. അവിടുന്ന് തന്റെ സമൂഹത്തിന് ഉത്തമമായതിനെ ഉപേക്ഷിക്കൽ നിയമമാക്കുകയില്ല. നബിﷺയെ പിന്തുടരുവാനും അനുഗമിക്കുവാനുമാണ് നാം കൽപിക്കപ്പെട്ടിട്ടുള്ളത്. കൽപിക്കപ്പെട്ടത് അപൂർണവും വിരോധിക്കപ്പെട്ടത് പൂർണവും എന്നത് സംഭവിക്കുകയില്ലല്ലോ. ഒരു കാരണവുമില്ലാതെ നബിﷺ പള്ളിയിൽ വെച്ച് നമസ്കരിച്ചുവെന്ന് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. ഇത് മുസ്‌ലിംകളുടെ 'ഇജ്മാഅ്' ആണ്."

ഇത്രയേറെ തെളിവുകളുണ്ടായിട്ടും എന്തിനാണിവർ ഇതിനെ പുത്തൻവാദമെന്ന് ആക്ഷേപിക്കുന്നത്? തങ്ങൾക്ക് താൽപര്യമില്ലെങ്കിൽ അത് നടപ്പിലാക്കാതിരിക്കാം. എന്നാൽ ഒരു വ്യക്തമായ സുന്നത്തിനെ നിഷേധിക്കുന്നതെന്തിന്?

ലേഖനത്തിൽ ശരിയായ നിലപാടെടുക്കാൻ കഴിയാതെ അവസാനം മുസ്‌ലിയാർ ഒഴുക്കൻ മട്ടിൽ തട്ടിവിടുന്നത് കാണുക: "പരിശുദ്ധ ഇസ്‌ലാം പെരുന്നാൾ നിസ്കാരം എവിടെവച്ചാകണമെന്നും ആകരുതെന്നും വ്യക്തമായി പ്രതിപാദിച്ചിട്ടുണ്ട്. പ്രമാണങ്ങൾ മറികടന്നു വരുന്ന എല്ലാ പുത്തനാശയങ്ങളും തള്ളപ്പെടേണ്ടതാണ്" (പേജ്: 25).

സുന്നത്തുക്കളെ സൂക്ഷിക്കുന്നവർ പുത്തൻ വാദികൾ! ബിദ്അത്തുകളെ കൊണ്ടുനടക്കുന്നവർ സുന്നികളും! എന്തൊരു വിരോധാഭാസമാണിത്! സമസ്ത വിശ്വസിച്ചാചരിക്കുന്നതിൽ എത്ര ശതമാനം ഇസ്‌ലാമുണ്ടെന്ന് പരതിയാൽ ഏതാണ് തള്ളപ്പെടേണ്ടതെന്ന് എളുപ്പത്തിൽ ബോധ്യമാകും. ●

കാഴ്ച

ഇബ്നു അലി എടത്തനാട്ടുകര
ibnualiekara@gmail.com

# സൗഹൃദത്തണലിലെ കുളിർ

ഞങ്ങൾ 20 പേർ, 31 കൊല്ലം മുമ്പ് പഠിച്ച കലാലയത്തിൽ അതേ ക്ലാസിൽ ഒന്നിച്ചിരുന്നു. ബോർഡിൽ അധ്യാപകർ പണ്ട് കോറിയിട്ട ചിത്രങ്ങളുടെയും അക്ഷരങ്ങളുടെയും മാഞ്ഞുതീരാത്ത ശകലങ്ങൾ ശേഷിക്കുന്നുണ്ടോ എന്ന് വെറുതെ നോക്കി. നിശ്ശബ്ദ താഴ്‌വര താണ്ടിയെത്തുന്ന കാറ്റിന് കുസൃതിയും തണുപ്പും കൂടിയോ എന്ന് ഒരുവേള ആലോചിച്ചു. ക്ലാസിന് ഓരം ചാരി നിൽക്കുന്ന നെല്ലിമരങ്ങൾ പൂത്തുവോ എന്ന് പാളി നോക്കി. വെളിച്ചം മങ്ങിയ ഇടനാഴിയിലൂടെ ഞങ്ങളുടെ പ്രിയപ്പെട്ട അധ്യാപകർ ധൃതിയിൽ നടന്നുവരുന്നുണ്ടോ എന്ന് ഒരുവേള ആലോചിച്ചു. അന്ന് ഞങ്ങൾ ഇരുന്ന ബെഞ്ചിലും ചാരിയിരുന്ന ഡെസ്കിലും ഞങ്ങൾ കോറിയിട്ട അക്ഷരങ്ങളും ചിത്രങ്ങളും ബാക്കിയുണ്ടോ എന്ന് വെറുതെ തിരഞ്ഞു.



ഞങ്ങളുടെ കൂട്ടത്തിൽ നിന്ന് ഇഹലോകം വിട്ടുപോയ ഒരാളെ ഓർമിച്ചു. ഞങ്ങളിൽ ഒരുവൾ നൊന്തു പ്രസവിച്ച കുഞ്ഞിനെ ബൈക്കപകട രൂപത്തിൽ ഈ ലോകത്ത് നിന്ന് കൊണ്ടുപോയത് ഓർത്തു, പ്രാർഥിച്ചു. ഈ സങ്കടമൊഴിച്ചാൽ ബാക്കിയെല്ലാം സന്തോഷകരമായിരുന്നു. ഞങ്ങൾ വട്ടത്തിൽ ഇരുന്നു, ജീവിതം പറഞ്ഞു, മൂന്ന് പതിറ്റാണ്ട് പിന്നിട്ട നാൾവഴികൾ പങ്കുവെച്ചു.

പട്ടിണിയുടെ അരികുചേർന്ന് സഞ്ചരിച്ച ഗതകാലം, ഒട്ടും ദാരിദ്ര്യവും പ്രയാസവും അറിയാതെ ജീവിച്ച യൗവനകാലം, പിന്നീട് അധ്വാനത്തിന്റെയും സമ്പത്തിന്റെയും യഥാർഥ വിലയും മൂല്യവും അറിഞ്ഞത്. ജീവിതത്തിലെ നേട്ടങ്ങൾ, കോട്ടങ്ങൾ, ആകസ്മിക വഴിത്തിരിവുകൾ തുടങ്ങിയ വിശേഷങ്ങൾ ഓരോരുത്തരുടെയും സംസാരത്തിൽ വന്നു. കുറിക്കുകൊള്ളുന്ന മറു ചോദ്യങ്ങൾ കൊണ്ട് സഹപാഠികൾ രംഗം പൊലിപ്പിച്ചു. ചിലത് ഞങ്ങളുടെ കണ്ണു നിറച്ചു, ചിലപ്പോൾ ചിരിച്ചു, ചിലനേരം ഓർത്തോർത്ത് ഉറക്കെ ചിരിച്ചു. ഞങ്ങൾ പഴയ ടീനേജുകാരായി മാറി. ഞങ്ങളിൽ ചൊരിയപ്പെട്ട അനുഗ്രഹങ്ങൾ ഓർത്ത് പലവുരു സ്രഷ്ടാവിനെ വാഴ്ത്തി.

വീട്ടമ്മമാർ, അധ്യാപകർ, കർഷകർ, സഹകാരികൾ, സർക്കാർ ജീവനക്കാർ, ബിസിനസുകാർ, വിദേശ ജോലിക്കാർ, ഡോക്ടറേറ്റ് നേടി മികച്ച ജോലി നേടിയയാൾ... അങ്ങനെ വൈവിധ്യമാർന്ന ജീവിതങ്ങളുടെ ക്രോസ് സെക്ഷൻ ആയിരിക്കുന്നു ഞങ്ങൾ. നൊമ്പരപ്പെടുത്തുന്ന ചുരുക്കം ഓർമകൾ ഒഴികെ എല്ലാം സന്തോഷകരം.



കുട്ടികളും കുടുംബവുമായി, ചിലർ പേരമക്കളുമായി ജീവിതം ആഘോഷിക്കുന്നു. കൂട്ടത്തിലെ ഭാഗ്യവാനെ നറുക്കെടുത്ത് തിരഞ്ഞെടുത്ത് സമ്മാനിക്കാൻ ഞാൻ വരച്ച അക്രലിക് പെയിൻറിംഗ് കൊണ്ടുപോയിരുന്നു. എന്നാൽ മറ്റൊരു കൂട്ടുകാരന്റെ നിർദേശപ്രകാരമത് ലേലത്തിന് വെച്ചു. ലേല വിലയുടെ ഒപ്പം അപ്പോൾ സ്വരൂപിച്ചതടക്കം 14,000 രൂപ മഴദുരിതമനുഭവിക്കുന്നവർക്ക് എളിയ താങ്ങായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് സംഭാവന നൽകി.

ഓർമ്മകൾക്ക് മിഴിവേകാൻ ഞങ്ങളുടെ രണ്ട് പഴയ ഗുരുനാഥന്മാർ ഞങ്ങൾക്കൊപ്പം കൂടി. ദുരിത പ്രളയത്തിന്റെ പിന്നിലുള്ള, ചില ദുരമൂത്ത മനുഷ്യ കൈകടത്തലുകളും സൗഹൃദത്തിന്റെ ഉത്കണ്ഠാകുലമായ കുറഞ്ഞുവരവും അവർ തെര്യപ്പെടുത്തി.

ഒരുമിച്ച് ചായകുടിച്ച്, പിന്നെ സദ്യയുണ്ടാണ് വനിതകൾ അടക്കമുള്ള തിരക്കുള്ളവർ പിരിഞ്ഞു പോയത്. എങ്കിലും ബാക്കിയുള്ളവർ വീണ്ടും കലാലയ മുറ്റത്തേക്ക് തിരിച്ചുപോയി. പണ്ട് ഒരു പാട് നടന്ന വഴികളിലൂടെ വീണ്ടും നടന്നു. മൂന്നര പതിറ്റാണ്ട് മുമ്പ് കലാലയ അന്തരീക്ഷത്തിലെ അവരുടെ പഴയ ഓർമകൾ, പ്രതീക്ഷകൾ, സൗഹൃദങ്ങൾ, കുന്നായ്മകൾ എന്നിങ്ങനെ എന്തെങ്കിലും ബാക്കി ശേഷിക്കുന്നുണ്ടോ എന്ന് വെറുതെ ആലോചിച്ചു.

വഴിതെറ്റിക്കുന്ന ചീത്ത സൗഹൃദങ്ങൾ ഒഴിവാക്കുവാൻ ഇന്ന് ഏറെ ശ്രദ്ധിക്കേണ്ടതുണ്ട്. നല്ല സൗഹൃദങ്ങൾ നൽകുന്ന സംതൃപ്തിയും സന്തോഷവും പറഞ്ഞറിയിക്കാനാകാത്ത ഒന്നാണ്. ആത്മാർഥ സൗഹൃദങ്ങൾ കുറയുന്നതായി ആശങ്കപ്പെടേണ്ട ഈ കാലഘട്ടത്തിൽ പ്രത്യേകിച്ചും.



നബീൽ പയ്യോളി
nabeelpayyoly@gmail.com

ലേഖനം

# പ്രവാസലോകം: മത വിദ്യാഭ്യാസ ചിന്തകൾ

അൽപം നീണ്ട അവധിക്ക് ശേഷം ഗൾഫ് മേഖലയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുറക്കുകയാണ്. പുതിയ അധ്യയന വർഷത്തിലെ ഒന്നോ രണ്ടോ മാസത്തെ പ്രവൃത്തി ദിനങ്ങൾക്ക് ശേഷമാണ് അവധിക്കാലം വന്നെത്തുന്നത്. ഇനി കർമനിരതമായ നാളുകൾ.

പഠനത്തിന്റെയും പരീക്ഷയുടെയും തിരക്കുകളിൽ നിന്ന് മാറി നാട്ടിലും വിദേശത്തുമായി ഉല്ലസിച്ച നാളുകൾ. ഉറ്റവരോട് അടുത്തിടപഴകാനും സഹവസിക്കാനും സാധിച്ച ദിനങ്ങൾ. മനസ്സിന് കുളിർമ നൽകിയ ഒട്ടനവധി അനുഭവങ്ങൾക്ക് ഒഴിവുകാലം അവസരം തന്നു. ചില തിരിച്ചറിവുകൾ നമ്മെ വല്ലാതെ സ്വാധീനിച്ചു. കളിയും തമാശയും യാത്രകളും നമുക്ക് നവോന്മേഷം നൽകി. നാടും പ്രകൃതിയും പുതിയ അനുഭൂതികൾ സമ്മാനിച്ചു. ശരവേഗത്തിൽ അവധി ദിവസങ്ങൾ കഴിഞ്ഞുപോയി. ഇനി ഒരവസരം ഉണ്ടാകുമോ എന്ന ആശങ്ക മനസ്സിനെ വല്ലാതെ അലട്ടുന്നു. എണ്ണപ്പെട്ട സുദിനങ്ങൾ സമ്മാനിച്ച തിരിച്ചറിവുകളിൽ ഇനിയുള്ള നാളുകൾ കെട്ടിപ്പടുക്കാൻ നാം മാനസികമായി ഒരുങ്ങിക്കഴിഞ്ഞു.

പ്രവാസ ലോകം പ്രയാസങ്ങളുടെ പറുദീസയാണെങ്കിലും മതപഠനത്തിന്റെ പൂന്തോപ്പാണ് എന്നതാണ് സത്യം. പ്രത്യേകിച്ച് ഗൾഫ് രാജ്യങ്ങളിൽ താമസിക്കുന്ന മലയാളികൾക്ക് മതം പഠിക്കുന്നതിനും പണ്ഡിതന്മാരുമായി സഹവസിക്കുന്നതിനും അറിവു നുകരാനും ഒട്ടനവധി അവസരങ്ങളാണ് കാത്തിരിക്കുന്നത്. നാട്ടിലെ തിരക്കുപിടിച്ച ജീവിത ശൈലിയിൽ നിന്നും അൽപം തിരക്കൊഴിഞ്ഞ ജീവിത രീതിയാണ് പ്രവാസം സമ്മാനിക്കുന്നത്. അത് ഫലപ്രദമായി ഉപയോഗിക്കുന്നവർക്ക് തങ്ങളുടെ നാളെയെ കുറിച്ച് ചിന്തിക്കാനും നന്മ നുകരാനും അവസരങ്ങൾ സുലഭം. വിവരസാങ്കേതിക വിദ്യ സമ്മാനിച്ച അവസരങ്ങൾ വേറെയും നമുക്ക് ചുറ്റുമുണ്ട്. അറിവിന്റെ വിശാലമായ സ്രോതസ്സുകളെ അറിഞ്ഞ് ഉപയോഗിക്കാൻ തയ്യാറാവുന്നവർക്ക് അനുഗൃഹീതമായ നാളുകൾ സമ്മാനിക്കുന്ന പ്രവാസം ആസ്വാദ്യകരമാണ്.

അറിവ് മനുഷ്യന്റെ ജീവിതത്തെ പ്രകാശപൂരിതമാക്കാനും അർഥം നൽകാനും അനിവാര്യമാണ്. ഈ ലോകത്തെ ജീവിതത്തിൽ അറിഞ്ഞിരിക്കേണ്ട അടിസ്ഥാന കാര്യങ്ങൾ മുതൽ ജീവിത സന്ധാരണത്തിനും സാമൂഹിക വളർച്ചക്കും അറിവ് അനിവാര്യമാണ്. ചുറ്റുമുള്ള സ്രോതസ്സുകൾ ഉപയോ

ഗപ്പെടുത്തി അറിവുകൾ സമ്പാദിക്കുക എന്നത് നാം എല്ലാവരും ചെയ്തുവരുന്ന കാര്യം തന്നെ.

അല്ലാഹു പറയുന്നു: "അതല്ല, പരലോകത്തെ പറ്റി ജാഗ്രത പുലർത്തുകയും തന്റെ രക്ഷിതാവിന്റെ കാരുണ്യം ആശിക്കുകയും ചെയ്തുകൊണ്ട് സാഷ്ടാംഗം ചെയ്തും നിന്നു പ്രാർഥിച്ചും രാത്രി സമയങ്ങളിൽ കീഴ്‌വണക്കം ചെയ്യുന്നവനോ (അതല്ല സത്യനിഷേധിയോ ഉത്തമൻ?) പറയുക: അറിവുള്ളവരും അറിവില്ലാത്തവരും സമമാകുമോ? ബുദ്ധിമാൻമാർ മാത്രമെ ആലോചിച്ചു മനസ്സിലാക്കുകയുള്ളൂ" (ക്വുർആൻ 39:9).

ജീവിതത്തെ കുറിച്ചുള്ള കൃത്യമായ കാഴ്ചപ്പാടും തിരിച്ചറിവും ഉണ്ടായാലേ ജീവിതം അഥപൂർണമാകൂ. അതിന് ജീവിത ലക്ഷ്യവും അതിനുള്ള പാഥേയവും തിരിച്ചറിയേണ്ടതുണ്ട്. ഓരോരുത്തരും ഭൗതിക പഠനത്തെക്കാൾ ഗൗരവത്തിൽ മത പഠനത്തെ സമീപിക്കേണ്ടത് ഇതിന് അനിവാര്യമാണ്. നൈമിഷിക ജീവിതത്തിൽ കെട്ടിത്തിരിഞ്ഞു ജീവിതം ഹോമിക്കേണ്ടവരല്ല വിശ്വാസികൾ; മറിച്ച് പരലോകരക്ഷക്ക് ആവശ്യമായ അറിവുകൾ സമ്പാദിക്കുകയും അതിനെ ജീവിത വെളിച്ചമാക്കി മാറ്റുകയും ചെയ്യണം. അപ്പോൾ മാത്രമാണ് ഒരിക്കലും നഷ്ടം വരാത്ത അറിവ് കരഗതമാക്കി വിജയിക്കാൻ സാധിക്കുക.

ഭൗതിക തിരക്കുകൾക്കിടയിൽ പലരും മത വിദ്യാഭ്യാസ രംഗത്തെ മനഃപൂർവമോ അല്ലാതെയോ അവഗണിക്കുന്നു എന്നത് ഒരു യാഥാർഥ്യമാണ്. മനുഷ്യൻ ഭൗതിക വിദ്യാഭാസരംഗത്ത് കൈവരിച്ച നേട്ടങ്ങൾ അവനെ നല്ല മനുഷ്യനാക്കി മാറ്റുന്നതിന് ഉതകുന്നില്ല എന്ന് നമ്മെ ബോധ്യപ്പെടുത്തുന്ന പല തെളിവുകളും നമുക്ക് ചുറ്റുമുണ്ട്. വൃദ്ധസദനങ്ങളും കൊലപാതകങ്ങളും ആത്മഹത്യയും മദ്യമയക്കുമരുന്ന് ഉപയോഗവും അതിക്രമങ്ങളും കുടുംബത്തകർച്ചകളും ഒളിച്ചോട്ടങ്ങളും സാമൂഹ്യ തിന്മകളും അഭ്യസ്തവിദ്യരുടെ ഇടയിലാണ് കൂടുതൽ കാണപ്പെടുന്നത് എന്ന് പറഞ്ഞാൽ അതിശയോക്തിയാവില്ല. ദിനേന നമ്മെ തേടിയെത്തുന്ന വാർത്തകൾ അതാണല്ലോ വിളിച്ചു പറയുന്നത്.

ഒരു വിദ്യാഭ്യാസ സ്ഥാപനത്തിലെ പ്രധാന ഘടകങ്ങൾ വിദ്യാർഥികൾ, അധ്യാപക-അനധ്യാപക ജോലിക്കാർ, രക്ഷിതാക്കൾ, മാനേജമെന്റ് എന്നിവയാണ്. അടിസ്ഥാന സൗകര്യങ്ങൾ പ്രത്യേകം പരാമർശിക്കേണ്ടതില്ലല്ലോ. ഇതിൽ ഓരോ ഘടകത്തിനും അവരവരുടെതായ പങ്കുവഹിക്കാനുണ്ട് എന്ന തിരിച്ചറിവിന്റെ അഭാവം പലപ്പോഴും കാണാറുണ്ട്. വിദ്യാർഥികളും അധ്യാപകരും എന്ന ചെറിയ വൃത്തത്തിലേക്ക് കാര്യങ്ങൾ ചുരുങ്ങാറാണ് പതിവ്. അത് മദ്റസ വിദ്യാഭ്യാസത്തിന്റെ ഫലപ്രാപ്തിയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട് എന്നതാണ് യാഥാർഥ്യം.

സ്വയം അറിവ് നേടുന്നതോടൊപ്പം തങ്ങളുടെ കുടുംബത്തെ കൂടി ഈ അറിവിന്റെ മാർഗത്തിൽ എത്തിക്കലും അതിനാവശ്യമായ സഹായങ്ങൾ ചെയ്ത് കൊടുക്കലും ഓരോ വിശ്വാസിയുടെയും ബാധ്യതയാണ്.

അല്ലാഹു പറയുന്നു: "സത്യവിശ്വാസികളേ, സ്വദേഹങ്ങളെയും നിങ്ങളുടെ ബന്ധുക്കളെയും മനുഷ്യരും കല്ലുകളും ഇന്ധനമായിട്ടുള്ള നരകാഗ്നിയിൽ നിന്ന് നിങ്ങൾ കാത്തുരക്ഷിക്കുക. അതിന്റെ മേൽനോട്ടത്തിന് പരുഷസ്വഭാവമുള്ളവരും അതിശക്തൻമാരുമായ മലക്കുകളുണ്ടായിരിക്കും. അല്ലാഹു അവരോട് കൽപിച്ചകാര്യത്തിൽ അവനോട് അവർ അനുസരണക്കേട് കാണിക്കുകയില്ല. അവരോട് കൽപിക്കപ്പെടുന്നത് എന്തും അവർ പ്രവർത്തിക്കുകയും ചെയ്യും" (ക്വുർആൻ 66:6).

"നിങ്ങളുടെ സ്വത്തുക്കളും നിങ്ങളുടെ സന്താനങ്ങളും ഒരു പരീക്ഷണമാണെന്നും അല്ലാഹുവിങ്കലാണ് മഹത്തായ പ്രതിഫലമുള്ളതെന്നും നിങ്ങൾ മനസ്സിലാക്കുകയും ചെയ്യുക"(ക്വുർആൻ 8:28).

പ്രവാസികൾ മക്കൾക്ക് നല്ല വിദ്യാഭ്യാസം നൽകാൻ എന്നും ജാഗ്രത പുലർത്താറുണ്ട്. നാട്ടിലും വിദേശത്തും അതിനുള്ള സംവിധാനങ്ങൾ കണ്ടെത്താനും ഉപയോഗപ്പെടുത്താനും രക്ഷിതാക്കൾ എന്നും ശ്രദ്ധിക്കാറുണ്ട്. തന്റെ വിദ്യാഭ്യാസ നിലവാരത്തെക്കാൾ ഒരുപടി മുന്നിലാവണം മക്കൾ എന്നത് ഏതൊരു രക്ഷിതാവിന്റെയും ആഗ്രഹമാണ്. അതിന് കഠിന പരിശ്രമം നടത്താൻ അവർ തയ്യാറുമാണ്.

മുമ്പൊരിക്കൽ ഒരു സുഹൃത്ത് വാടക കുറഞ്ഞ, നിലവിലെ ഫ്ളാറ്റിൽ നിന്നും ഇരട്ടയിലധികം വാടക നൽകേണ്ട പുതിയ ഫ്ളാറ്റിലേക്ക് മാറാൻ തീരുമാനിച്ചപ്പോൾ അദ്ദേഹം പറഞ്ഞത് 'മക്കളുടെ സ്കൂളിന്റെ അടുത്തേക്ക് താമസം മാറ്റിയാൽ അവർക്കത് വളരെ ഉപകാരപ്പെടും. ഞാൻ കുറച്ച് അധികം യാത്ര ചെയ്താലും വാടക ഇരട്ടിയിലധികം നൽകേണ്ടി വന്നാലും അവരുടെ കാര്യങ്ങൾ കൂടുതൽ എളുപ്പമാവുമല്ലോ' എന്നാണ്. ഓരോ രക്ഷിതാവും മക്കൾക്ക് വേണ്ടി എന്ത് ത്യാഗവും സഹിക്കാൻ തയ്യാറാണ് എന്നർഥം.

ഈ താൽപര്യം മതപഠന രംഗത്ത് കാണിക്കാൻ പലരും മനസ്സ് കാണിക്കാറില്ല. ഏതായാലും ജീവിതലക്ഷ്യം തിരിച്ചറിയാത്ത ഒരാൾ പരാജിതനാണ് എന്ന തിരിച്ചറിവ് ഉള്ളവർ ഒരിക്കലും മതപഠന രംഗത്ത് അമാന്തം കാണിക്കും എന്ന് തോന്നുന്നില്ല. ഉണ്ടെങ്കിൽ അത് തിരുത്തപ്പെടേണ്ടതാണ്.

ഭൗതിക വിദ്യാഭ്യാസ രംഗത്ത് വലിയ മാറ്റങ്ങളാണ് കഴിഞ്ഞ കുറച്ച് വർഷങ്ങളായി സംഭവിച്ചു

കൊണ്ടിരിക്കുന്നത്. വിവര സാങ്കേതിക വിദ്യയുടെ വ്യാപനം ഇതിന് കൂടുതൽ വേഗത നൽകി. അറിവിന്റെ സ്രോതസ്സുകൾ പരമാവധി ഉപയോഗപ്പെടുത്താൻ ഓരോരുത്തരും തയ്യാറായി. ലോകം വിരൽതുമ്പിലേക്ക് ചുരുങ്ങിയത് ലോകത്തെ മാറ്റങ്ങൾക്ക് മുന്നിൽ മുഖം തിരിക്കാൻ സാധ്യമല്ല എന്ന രീതിയിലേക്ക് കാര്യങ്ങളെ മാറ്റി. മാറ്റങ്ങൾക്ക് അനുസരിച്ച് തങ്ങളും മാറാൻ തയ്യാറാവണം എന്ന തിരിച്ചറിവ് എല്ലാവർക്കും ഉണ്ടായി.

ഭൗതിക വിദ്യാഭ്യാസ രംഗത്തെ നല്ല മാറ്റങ്ങൾ മതവിദ്യാഭ്യാസ രംഗത്തും ഉപയോഗപ്പെടുത്തിത്തുടങ്ങി. വിവര സാങ്കേതിക വിദ്യയുടെ നല്ല വശങ്ങൾ ഉപയോഗിച്ച് മതപഠനം കൂടുതൽ ക്രിയാത്മകമായ രീതിയിലേക്ക് മാറി. സ്‌കൂളുകളിൽ തങ്ങൾക്ക് ലഭിക്കുന്ന സൗകര്യങ്ങൾ മദ്‌റസകളിലും ലഭ്യമാക്കിയാലേ മതപഠന രംഗത്തേക്ക് വിദ്യാർഥികളെ ആകർഷിക്കാനും അത് കൂടുതൽ ഫലപ്രദമായി നടപ്പിലാക്കാനും സാധിക്കുകയുള്ളൂ.

ക്ലാസ്സ് മുറികൾ 'സ്മാർട്ട്' ആകുന്നതോടെ വ്യത്യസ്തമായ അധ്യാപന രീതികൾ മദ്‌റസകളിലും നടപ്പിലാക്കാൻ സാധിക്കും. കളിയും ചിരിയും തമാശയും ക്ലാസ്സ് മുറികളെ കൂടുതൽ സജീവമാക്കും. ക്ലാസ്സിൽ എന്നും കാണുന്ന അധ്യാപകർക്കപ്പുറം സ്‌ക്രീനിൽ പുതുമുഖങ്ങൾ അറിവുമായി അവരെ തേടിയെത്തും. അത് മക്കൾക്ക് നവ്യാനുഭവം പകരും. പ്രായോഗിക പരിശീലനങ്ങൾ പഠനം കൂടുതൽ ആസ്വാദ്യകരമാക്കുകയും ചെയ്യും.

**അധ്യാപകർ**

ഒരു വിദ്യാർഥിയെ സംബന്ധിച്ചേടത്തോളം അവന്റെ ചുറ്റുമുള്ളതെല്ലാം അറിവിന്റെ സ്രോതസ്സുകളാണ്. അതിനെ ഉപയോഗപ്പെടുത്താൻ വിദ്യാർഥികളെ പ്രാപ്തരാക്കുക എന്നത് അധ്യാപകരുടെ കടമയാണ്. അധ്യാപകൻ എന്നത് ഏതാനും മണിക്കൂറുകൾ കുട്ടികളുടെ മുന്നിൽ വന്ന് പോകുന്ന ഒരു കഥാപാത്രമല്ല, മറിച്ച് അവരുടെ ജീവിതത്തിന് ദിശാബോധം നൽകുന്ന ഒരു ഗൈഡ് കൂടിയാണ്. ഇത് തിരിച്ചറിയാത്തവർക്ക് കുട്ടികളെ സ്വാധീനിക്കുന്ന നല്ല അധ്യാപകരാകാൻ കഴിയില്ല. ഒരു കുട്ടിയുടെ ജീവിതത്തിന് കൃത്യമായ മാർഗദർശിയാവുക എന്നതാണ് ഒരു മതാധ്യാപകന്റെ കടമ. ഇല്ലെങ്കിൽ മതപഠനം കേവലം ഒരു ചടങ്ങ് മാത്രമായി മാറും.

ഓരോ പ്രായത്തിലും കുട്ടികൾ സ്വായത്തമാക്കേണ്ട കാര്യങ്ങൾ എന്തൊക്കെയാണെന്ന് അറിഞ്ഞുകൊണ്ടുള്ള സിലബസ് അനിവാര്യമാണ്. ഇതിനെക്കുറിച്ച് മുഴുവൻ അധ്യാപകർക്കും കൃത്യമായ ധാരണ ഉണ്ടാവുകയും വേണം. കുട്ടികൾക്ക് ലഭിക്കേണ്ടത് ലഭിക്കുന്നുണ്ടോ എന്ന് ഉറപ്പ് വരുത്തുകയും വേണം.

പ്രവാസലോകത്ത് സാധാരണയായി ആഴ്ചയിൽ അഞ്ചോ ആറോ മണിക്കൂറാണ് മതപഠനത്തിന് ലഭിക്കുക. അത് ഫലപ്രദമായി ഉപയോഗപ്പെടുത്താൻ സാധിക്കണം. കൃത്യമായ പ്ലാനിങ് വേണം. അധ്യയന വർഷത്തിന്റെ തുടക്കത്തിൽ തന്നെ മുഴുവൻ അധ്യാപകരും ഒരുമിച്ചിരുന്ന് ആ വർഷത്തേക്കുള്ള പ്ലാൻ തയ്യാറാക്കണം. പാഠപുസ്തകം വായിച്ചുതീർക്കുക എന്നതല്ല, ഓരോ ക്ലാസിലും പഠിക്കുന്ന വിദ്യാർഥികൾ ആ വർഷം എന്ത് നേടിയിരിക്കണം എന്നതാണ് പ്ലാൻ ചെയ്യേണ്ടത്. ലഭ്യമായ പ്രവൃത്തി ദിവസങ്ങളെ സമയത്തിന്റെ അടിസ്ഥാനത്തിൽ തിരിച്ച് അതിൽ ഉൾകൊള്ളിക്കാവുന്ന കാര്യങ്ങൾ മാത്രമെ പ്ലാൻ ചെയ്യാവൂ. കൂടുതൽ കാര്യങ്ങൾ ഉൾകൊള്ളിച്ചാൽ അത് അപ്രായോഗികമാവുകയും കുട്ടികൾക്ക് ആ വർഷം ലഭിക്കേണ്ട സുപ്രധാന കാര്യങ്ങൾ ലഭിക്കാതെ പോവുകയും ചെയ്യും. ഓരോ ഘട്ടത്തിലും ലഭിക്കേണ്ടത് അപ്പപ്പോൾ കിട്ടിയില്ലെങ്കിൽ അത് നികത്താനാകാതെ പോവുകയും അവരുടെ ജീവിതത്തെ അത് ബാധിക്കുകയും ചെയ്യും.

മദ്‌റസകളിൽ കൂടുതലും അധ്യാപികമാരാകും ഉണ്ടാവുക. കുട്ടികളെ പരിപാലിക്കുന്നതിനും സ്‌നേഹിക്കുന്നതിനും അല്ലാഹു അവർക്ക് നൽകിയ കഴിവും ആർദ്രതയും ഒരു പ്രധാന ഘടകം തന്നെയാണ്. തങ്ങളുടെ പരിമിതികളിൽ ഒതുങ്ങി നിൽക്കാതെ പരമാവധി അറിവുകൾ സ്വായത്തമാക്കുവാനും അത് പകർന്ന് നൽകുവാനും അധ്യാപകർ ശ്രദ്ധിക്കണം.

**രക്ഷിതാക്കൾ**

കുട്ടികൾ കൂടുതൽ സമയവും ഉള്ളത് രക്ഷിതാക്കളുടെ കൂടെയാണ്. അവരുടെ നിലപാടുകൾ കുട്ടികളുടെ വിദ്യാഭ്യാസത്തെ ബാധിക്കും. കുട്ടികളോടൊപ്പം അവരുടെ രക്ഷിതാക്കളെ കൂടി ബോധവൽകരിക്കാനും അവർക്ക് അറിവ് പകർന്ന് നൽകാനും പദ്ധതികൾ ഉണ്ടാവണം. ഏതാനും മണിക്കൂറുകൾ കൊണ്ട് നേടിയെടുക്കാവുന്നതല്ല മതപരമായ അറിവുകൾ. സുപ്രധാനമായ കാര്യങ്ങൾ മാത്രമാണ് മതപഠന ശാലകളിൽ നിന്നും കുട്ടികൾക്ക് ലഭിക്കുക. ബാക്കി പൂരിപ്പിക്കേണ്ടത് രക്ഷിതാക്കളാണ്. അതിന് അവർക്കും അറിവ് വേണം. അവർ മതാധ്യാപനങ്ങൾ തങ്ങളുടെ ജീവിതത്തിൽ പ്രയോഗവത്കരിക്കണം. എങ്കിലേ കുട്ടികളിലും അത് ഉണ്ടാകൂ.

മക്കൾക്ക് മതബോധം നൽകുന്നിടത്ത് ക്വുർആൻ നമുക്ക് മുന്നിൽ വരച്ചുകാണിക്കുന്ന ഒരു ഉദാത്തമായ മാതൃകയുണ്ട്:

"ലുക്മാൻ തന്റെ മകന് സദുപദേശം നൽകികൊണ്ടിരിക്കെ അവനോട് ഇപ്രകാരം പറഞ്ഞ സന്ദർഭം (ശ്രദ്ധേയമാകുന്നു:) എന്റെ കുഞ്ഞുമകനേ,

നീ അല്ലാഹുവോട് പങ്കുചേർക്കരുത്. തീർച്ചയായും അങ്ങനെ പങ്കുചേർക്കുന്നത് വലിയ അക്രമം തന്നെയാകുന്നു" (ക്വുർആൻ 31:13).

"എന്റെ കുഞ്ഞുമകനേ, തീർച്ചയായും അത് (കാര്യം) ഒരു കടുക് മണിയുടെ തൂക്കമുള്ളതായിരുന്നാലും എന്നിട്ടത് ഒരു പാറക്കല്ലിനുള്ളിലോ ആകാശങ്ങളിലോ ഭൂമിയിലോ എവിടെ തന്നെ ആയാലും അല്ലാഹു അത് കൊണ്ടുവരുന്നതാണ്. തീർച്ചയായും അല്ലാഹു നയജ്ഞനും സൂക്ഷ്മജ്ഞനുമാകുന്നു.

എന്റെ കുഞ്ഞുമകനേ, നീ നമസ്കാരം മുറപോലെ നിർവഹിക്കുകയും സദാചാരം കൽപിക്കുകയും ദുരാചാരത്തിൽ നിന്ന് വിലക്കുകയും നിനക്ക് ബാധിച്ച വിഷമങ്ങളിൽ ക്ഷമിക്കുകയും ചെയ്യുക. തീർച്ചയായും ഖണ്ഡിതമായി നിർദേശിക്കപ്പെട്ട കാര്യങ്ങളിൽ പെട്ടതത്രെ അത്.

നീ (അഹങ്കാരത്തോടെ) മനുഷ്യരുടെ നേർക്ക് നിന്റെ കവിൾ തിരിച്ചുകളയരുത്. ഭൂമിയിലൂടെ നീ പൊങ്ങച്ചം കാട്ടി നടക്കുകയും അരുത്. ദുരഭിമാനിയും പൊങ്ങച്ചക്കാരനുമായ യാതൊരാളെയും അല്ലാഹു ഇഷ്ടപ്പെടുകയില്ല.

നിന്റെ നടത്തത്തിൽ നീ മിതത്വം പാലിക്കുക. നിന്റെ ശബ്ദം നീ ഒതുക്കുകയും ചെയ്യുക. തീർച്ചയായും ശബ്ദങ്ങളുടെ കൂട്ടത്തിൽ ഏറ്റവും വെറുപ്പുളവാക്കുന്നത് കഴുതയുടെ ശബ്ദമത്രെ"(ക്വുർആൻ 31: 16-19).

സൗമ്യമായും എന്നാൽ ഗൗരവത്തോടെയും പരലോകവിജയത്തിനായി തന്റെ മകനെ ഉപദേശിക്കുന്ന ഈ മാതൃക പിന്തുടരാൻ രക്ഷിതാക്കൾക്ക് സാധിക്കേണ്ടതുണ്ട്.

മക്കൾക്ക് മതബോധം ഇല്ലാത്തതിനു സമൂഹത്തെയോ സ്ഥാപനങ്ങളെയോ പഴിക്കുന്നതിൽ അർഥമില്ല. ഇതിൽ നാം ജാഗ്രത പുലർത്തിയാലേ ഭാവിയിൽ അവർ നമുക്ക് ഉപകാരമുള്ളവരായി മാറുകയുള്ളൂ.

**മാനേജ്മെന്റ്**

പുതിയ കാലത്തിനും ലോകത്തിനും അനുസരിച്ച് മദ്റസകളെ പരിഷ്കരിക്കാൻ മാനേജ്മെന്റ് തയ്യാറാവണം. അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കിയാലേ ഫലപ്രദമായി മുന്നോട്ടു പോകാൻ സാധിക്കുകയുള്ളൂ. അധ്യാപകർക്ക് കൃത്യമായ ഇടവേളകളിൽ പരിശീലനം നൽകണം. അവരുടെ കഴിവുകൾ പരമാവധി പ്രയോജനപ്പെടുത്താൻ ശ്രദ്ധിക്കണം.

ഒരു വിദ്യാഭ്യാസ സ്ഥാപനത്തിന്റെ രണ്ട് തലങ്ങളിൽ ഒന്ന് പാഠ്യപദ്ധതിയും പാഠ്യേതര പദ്ധതികളുമാണ്. പ്രത്യേകിച്ച് പ്രവാസ ലോകത്ത് സ്കൂളുകളിൽ പാഠ്യേതര പ്രവർത്തനങ്ങൾ തുലോം കുറവാണ്. അത് നികത്തേണ്ടത് നമ്മുടെ ബാധ്യതയാണ്. കുട്ടികളുടെ കഴിവുകളെ പരിപോഷിപ്പിക്കാൻ ആവശ്യമായ പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കണം. മദ്റസകൾ എന്ന നിലയിൽ അതിന് വലിയ പരിമിതികൾ ഉണ്ട്. അധ്യാപകർ പാഠ്യപ്രവർത്തനങ്ങളിൽ കേന്ദ്രീകരിക്കട്ടെ. അതിനേ അവർക്ക് സമയം ഉണ്ടാവുകയുള്ളൂ. അതേ ഫലപ്രദമാവൂ. ഇവിടെയാണ് രക്ഷിതാക്കളെ മാനേജ്മെന്റ് ഉപയോഗപ്പെടുത്തേണ്ടത്. പാഠ്യേതര പദ്ധതികൾ അധ്യാപകർ രക്ഷിതാക്കൾ മാനേജ്മെന്റ് പ്രതിനിധികൾ എന്നിവർ ചേർന്ന് ആസൂത്രണം ചെയ്യുകയും അത് നടപ്പിലാക്കാൻ മാനേജ്മെന്റും രക്ഷിതാക്കളും അടങ്ങിയ സമിതിയെ ഉപയോഗപ്പെടുത്തുകയും ചെയ്യുക. കലാ-കായിക രംഗത്ത് നമ്മുടെ കുട്ടികളെ കൈപിടിച്ചുയർത്താനും ഇസ്‌ലാമിക ചട്ടക്കൂടിൽ അത് പരിപോഷിപ്പിക്കുവാനും ഉള്ള വേദികൾ ഉണ്ടാവട്ടെ.

രക്ഷിതാക്കൾ വ്യത്യസ്ത കഴിവുകളുള്ളവരായിരിക്കും. കൂട്ടത്തിൽ ഒഴിവ് സമയം കൂടുതൽ ഉള്ളവർ അവരുടെതായ പങ്ക് കുട്ടികളുടെ കഴിവുകൾ പരിപോഷിപ്പിക്കുവാൻ വിനിയോഗിക്കട്ടെ. മദ്റസ പ്രവൃത്തി ദിവസങ്ങൾ നഷ്ടപ്പെടാതെ തന്നെ അതിന് സമയം കണ്ടെത്തണം.

**ഭാഷാപരിജ്ഞാനം**

മിക്ക മദ്റസകളും 'മലയാള മീഡിയം' ആണ്. പ്രവാസി വിദ്യാർഥികൾക്കാകട്ടെ മലയാളം വലിയ കീറാമുട്ടിയാണ്. അത് പഠിക്കാനും പരിശീലിക്കാനും ഉള്ള അവസരം നന്നേ കുറവാണ് എന്നതാണ് പ്രധാന കാരണം. മദ്റസകളിൽ നിന്നാണ് അൽപമെങ്കിലും മലയാളം കേൾക്കാനും പഠിക്കാനും അവർക്ക് അവസരം ഉണ്ടാവുക. അതിനാൽ അധ്യാപകർക്ക് മലയാള ഭാഷയിൽ പരിജ്ഞാനം അനിവാര്യമാണ്. അധ്യാപകർ പറയുന്നതാണ് ശരിയായ ഭാഷ എന്ന് കരുതി അവർ അത് പഠിക്കുകയും പ്രയോഗിക്കുകയും ചെയ്യും. ഭാഷാപരിജ്ഞാനം അധ്യാപകർ സ്വയം ഉണ്ടാക്കുകയോ അതില്ലെങ്കിൽ അതിനുള്ള സാഹചര്യം മാനേജ്മെന്റ് ഒരുക്കിക്കൊടുക്കുകയോ ചെയ്യണം.

നാല് ഘടകങ്ങളും തങ്ങളുടെ ഭാഗധേയം നിർവഹിക്കാൻ തയ്യാറായാൽ സാമൂഹിക പ്രതിബദ്ധതയും പരലോകബോധവും ഉള്ള ഒരു നല്ല തലമുറയെ വളർത്തിയെടുക്കാൻ നമുക്ക് സാധിക്കും.

നാം പരിശ്രമിക്കുക, അല്ലാഹുവാണ് എല്ലാം അറിയുന്നവൻ, അവനിൽ ഭരമേൽപിക്കുക.

"സ്വത്തും സന്താനങ്ങളും ഐഹികജീവിതത്തിന്റെ അലങ്കാരമാകുന്നു. എന്നാൽ നിലനിൽക്കുന്ന സൽകർമങ്ങളാണ് നിന്റെ രക്ഷിതാവിങ്കൽ ഉത്തമമായ പ്രതിഫലമുള്ളതും ഉത്തമമായ പ്രതീക്ഷ നൽകുന്നതും" (ക്വുർആൻ 18:46).

അബ്ദുറഹ്മാൻ നാസിർ അസ്സഅദി
വിവ: ഹാരിസ് ബിൻ സലീം

അധ്യായം: 71, ഭാഗം: 2

# നൂഹ്

مَّا لَكُمْ لَا تَرْجُونَ لِلَّهِ وَقَارًا ﴿١٣﴾
وَقَدْ خَلَقَكُمْ أَطْوَارًا ﴿١٤﴾
أَلَمْ تَرَوْا كَيْفَ خَلَقَ اللَّهُ سَبْعَ سَمَاوَاتٍ طِبَاقًا ﴿١٥﴾
وَجَعَلَ الْقَمَرَ فِيهِنَّ نُورًا وَجَعَلَ الشَّمْسَ سِرَاجًا ﴿١٦﴾
وَاللَّهُ أَنبَتَكُم مِّنَ الْأَرْضِ نَبَاتًا ﴿١٧﴾
ثُمَّ يُعِيدُكُمْ فِيهَا وَيُخْرِجُكُمْ إِخْرَاجًا ﴿١٨﴾
وَاللَّهُ جَعَلَ لَكُمُ الْأَرْضَ بِسَاطًا ﴿١٩﴾
لِّتَسْلُكُوا مِنْهَا سُبُلًا فِجَاجًا ﴿٢٠﴾

13. നിങ്ങൾക്കെന്തു പറ്റി? അല്ലാഹുവിന് ഒരു ഗാംഭീര്യവും നിങ്ങൾ പ്രതീക്ഷിക്കുന്നില്ല!

14. നിങ്ങളെ അവൻ പല ഘട്ടങ്ങളിലായി സൃഷ്ടിച്ചിരിക്കുകയാണല്ലോ.

15. നിങ്ങൾ കണ്ടില്ലേ; എങ്ങനെയാണ് അല്ലാഹു അടുക്കുകളായിട്ട് ഏഴ് ആകാശങ്ങൾ സൃഷ്ടിച്ചിരിക്കുന്നത് എന്ന്.

16. ചന്ദ്രനെ അവിടെ ഒരു പ്രകാശമാക്കിയിരിക്കുന്നു. സൂര്യനെ ഒരു വിളക്കുമാക്കിയിരിക്കുന്നു.

17. അല്ലാഹു നിങ്ങളെ ഭൂമിയിൽ നിന്ന് ഒരു മുളപ്പിക്കൽ മുളപ്പിച്ചിരിക്കുന്നു.

18. പിന്നെ അതിൽ തന്നെ നിങ്ങളെ അവൻ മടക്കുകയും നിങ്ങളെ ഒരിക്കൽ അവൻ പുറത്തു കൊണ്ട്വരികയും ചെയ്യുന്നതാണ്.

19. അല്ലാഹു നിങ്ങൾക്കു വേണ്ടി ഭൂമിയെ ഒരു വിരിപ്പാക്കുകയും ചെയ്തിരിക്കുന്നു.

20. അതിലെ വിസ്താരമുള്ള പാതകളിൽ നിങ്ങൾ പ്രവേശിക്കുവാൻ വേണ്ടി.

13-14).(നിങ്ങൾക്കെന്തു പറ്റി; അല്ലാഹുവിന് ഒരു ഗാംഭീര്യവും നിങ്ങൾ പ്രതീക്ഷിക്കുന്നില്ലേ?). അല്ലാഹുവിന്റെ മഹത്ത്വത്തെ നിങ്ങൾ ഭയപ്പെടുന്നില്ല. നിങ്ങളുടെ അടുക്കൽ അല്ലാഹുവിന് ഒരു വിലയും ഇല്ല. (നിങ്ങളെ അവൻ പല ഘട്ടങ്ങളിലായി സൃഷ്ടിച്ചിരിക്കുകയാണല്ലോ) സൃഷ്ടിപ്പിന്റെ ഓരോരോ ഘട്ടങ്ങൾ. മാതാവിന്റെ വയറ്റിൽ കഴിഞ്ഞ ഒരു ഘട്ടം. അത് കഴിഞ്ഞ് മുലകുടി പ്രായം. പിന്നീട് ശൈശവം, തുടർന്ന് കൗമാരം, യുവത്വം അങ്ങനെ അവസാനഘട്ടം വരെ എത്തുന്നു. ആരാണോ ഈ സൃഷ്ടിപ്പിലും നൂതനവും വ്യവസ്ഥാപിതവുമായ നിയന്ത്രണത്തിലും ഏകനായവൻ അവൻ ആരാധനയിലും വിശ്വാസത്തിലും ഏകനായവൻ തന്നെ. സൃഷ്ടിപ്പിന്റെ ആരംഭത്തെക്കുറിച്ച് പരാമർശിച്ചതിൽ മരണാനന്തര തിരിച്ചുവരവിനെക്കുറിച്ചുള്ള ഓർമപ്പെടുത്തലുണ്ട്. ഇല്ലായ്മയിൽ

നിന്നും അവരെ ഉണ്ടാക്കിയവൻ മരണശേഷം അവരെ തിരിച്ചുകൊണ്ടുവരാൻ കഴിവുറ്റവൻ തന്നെ.

15-16). മനുഷ്യരെ സൃഷ്ടിക്കുന്നതിനെക്കാളും വലുതാണ് ആകാശ ഭൂമികളുടെ സൃഷ്ടിപ്പ്. അതാണ് മറ്റൊരു തെളിവായി പറയുന്നത്. (നിങ്ങൾ കണ്ടില്ലേ; എങ്ങനെയാണ് അല്ലാഹു അടുക്കുകളായിട്ട് ഏഴ് ആകാശങ്ങൾ സൃഷ്ടിച്ചിരിക്കുന്നത് എന്ന്) ഓരോ ആകാശവും മറ്റേതിന് മുകളിലായി. (ചന്ദ്രനെ അവിടെ നിങ്ങൾക്ക് ഒരു പ്രകാശമാക്കിയിരിക്കുന്നു). ഭൂമിയിലുള്ളവർക്ക്. (സൂര്യനെ അവൻ ഒരു വിളക്കുമാക്കിയിരിക്കുന്നു). ഈ വസ്തുക്കളുടെയെല്ലാം സൃഷ്ടിപ്പിന്റെ മഹത്ത്വം ഇതിൽ ഉണർത്തുന്നുണ്ട്. സൂര്യന്റെയും ചന്ദ്രന്റെയും വർധിച്ച പ്രയോജനങ്ങളും അല്ലാഹുവിന്റെ കരുണയെയും ഗുണം തരുന്നതിന്റെ വിശാലതയെയും അറിയിക്കുന്നു. അപ്പോൾ മഹത്ത്വമുടയവനായ കരുണാനിധി മഹത്ത്വപ്പെടാനും സ്നേഹിക്കപ്പെടാനും ഭയപ്പെടാനും പ്രതീക്ഷിക്കപ്പെടാനും അർഹനാകുന്നു.

17-18). (അല്ലാഹു നിങ്ങളെ ഭൂമിയിൽ നിന്നും ഒരു മുളപ്പിക്കൽ മുളപ്പിച്ചിരിക്കുന്നു). നിങ്ങളുടെ പിതാവായ ആദമിനെ സൃഷ്ടിച്ചപ്പോൾ നിങ്ങൾ അദ്ദേഹത്തിന്റെ മുതുകിലുണ്ടായിരുന്നു. (പിന്നെ അതിൽ തന്നെ നിങ്ങളെ മടക്കുകയും ചെയ്തു). മരണസമയത്ത് (നിങ്ങളെ ഒരിക്കലവൻ പുറത്തുകൊണ്ടുവരുന്നതാണ്). ഉയിർത്തെഴുന്നേൽപിനും ഒരുമിച്ചുകൂട്ടലിനും. അവനാണ് ജീവിതവും മരണവും ഉയിർത്തെഴുന്നേൽപും ഉടമപ്പെടുത്തുവൻ.

19-20). (അല്ലാഹു നിങ്ങൾക്ക് വേണ്ടി ഭൂമിയെ ഒരു വിരിപ്പാക്കുകയും ചെയ്തിരിക്കുന്നു). വിശാലമാക്കപ്പെട്ടതും പ്രയോജനപ്പെടുത്താൻ സൗകര്യപ്രദമായ നിലയിലും. (അതിലെ വിസ്താരമുള്ള പാതകളിൽ നിങ്ങൾ പ്രവേശിക്കാൻ വേണ്ടി). ഭൂമി വിരിപ്പാക്കപ്പെട്ടിരുന്നില്ലെങ്കിൽ അത് സാധ്യമാകുമായിരുന്നില്ല. മാത്രമല്ല, കൃഷിയോ വിളകളോ കെട്ടിടങ്ങളോ അതിനു മുകളിൽ ശാന്തമായി നിൽക്കാൻ പോലും സാധ്യമല്ല. ●

peaceradio
Tune to reality

**ഈ ആഴ്ചയിലെ പ്രധാന പരിപാടികൾ**

**ഹൃദയ വസന്തം**
സൂറ: നജ്മ് 01-07
ശുറൈഹ് സലഫി
09.09.19 തിങ്കൾ 7:45 AM

**പ്രകാശതീരം**
സമൂഹത്തോടുള്ള ചില നിർദേശങ്ങൾ
മുഹമ്മദ് സ്വാദിഖ് മദീനി
09.09.19 തിങ്കൾ 9:00 PM

**നേർരേഖ**
നന്മയിൽ സഹായിച്ചാൽ
ഹാരിസ് ബിൻ സലീം
09.09.19 തിങ്കൾ 9:40 PM

**ഇ - മദ്രസ**
ചങ്ങാതിമാരും ചങ്ങാത്ത ബന്ധവും
ഹസ്സൻ അൻസാരി
10.09.19 ചൊവ്വ 7:10 AM

**സലഫി ദുറൂസ്**
നബിﷺയുടെ സ്വഭാവം, ഭാഗം: 2
അബൂബക്കർ സലഫി
12.09.19 വ്യാഴം 9:00 PM

**പൂമരത്തണലിൽ**
ക്വുർആൻ പാരായണം, സുബൈർ സലഫി
13.09.19 വെള്ളി 07:10 AM

**ഇലൽ അറബിയ്യ**
അറബി ഭാഷാ പഠനം, ഭാഗം: 50
ഹുസൈൻ പാലക്കോടൻ
15.09.19 ഞായർ 9:00 PM

**സവിശേഷം**
പ്രവാസികളും ആശങ്കകളും, ഭാഗം: 4
ശരീഫ് സാഗർ
അബ്ബ സിദ്ധീഖ് (പീസ് റേഡിയോ പ്രതിനിധി)
15.09.19 ഞായർ 9:25 PM

peaceradio നിങ്ങളുടെ മൊബൈലിൽ ലഭ്യമാകാൻ:
Search peaceradio
Search peace radio App
www.peaceradio.com
Scan QR Code

അബ്ദുല്ല ബാസിൽ സി.പി
basilcpknr@gmail.com




# 'തെറ്റും ശരിയും' ദൈവനിഷേധത്തിലും മതവിശ്വാസത്തിലും

'നവജാത ശിശുവിനെ കഴുത്തറുത്ത് കൊന്നു'. പത്രത്തിന്റെ ആദ്യപേജിൽ പ്രാധാന്യത്തോടെ വന്ന ഒരു വാർത്തയാണിത്.

ഈ പ്രവൃത്തി ഒരു തിന്മയാണോ? വികാരവും വിവേകവുമുള്ള ഒരു മനുഷ്യനോടും അത് പ്രത്യേകിച്ച് ചോദിക്കേണ്ടതില്ലല്ലോ. തെറ്റാണ്, സംശയമില്ല!

ഒരു ചോദ്യം കൂടി, ഈ പ്രവൃത്തി വസ്തുനിഷ്ഠമായി തെറ്റാണോ? എന്താണീ 'വസ്തുനിഷ്ഠ'മെന്നത് കൊണ്ട് ഉദ്ദേശിക്കുന്നത്?

### വസ്തുനിഷ്ഠത

വസ്തുനിഷ്ഠമായ (Objective) ഒരു കാര്യമെന്നാൽ മറ്റൊന്നിനെയും ബാധിക്കാത്ത വസ്തുത എന്നതാണ്. വ്യക്തിപരമായ തോന്നലുകളോ അഭിപ്രായങ്ങളോ കാലമോ ദേശമോ സമൂഹമോ ഒന്നും ബാധിക്കാത്ത തരത്തിലുള്ള വസ്തുതകൾക്കാണ് നാം വസ്തുനിഷ്ഠമായ കാര്യം എന്ന് പറയുക. ആ അർഥത്തിൽ അത് വ്യക്തിയുടെ പരിമിതമായ കഴിവുകൾക്ക് പുറത്താണ്.

ഉദാഹരണം: 1+1=2 എന്നത് കാലത്തിനോ ദേശത്തിനോ വ്യക്തികൾക്കോ സമൂഹത്തിനോ അനുസരിച്ചു മാറാത്ത ഒരു വസ്തുതയാണ്. അത് ഇന്നും ഇന്നലെയും ആയിരം കൊല്ലത്തിന് മുമ്പും പതിനായിരം കൊല്ലത്തിനു ശേഷവും അങ്ങനെത്തന്നെയായിരിക്കും. ഇന്ത്യയിലും അമേരിക്കയിലും ചൈനയിലും ആ ഒരു വസ്തുതയ്ക്ക് മാറ്റമൊന്നുമില്ല. ഇങ്ങനെ കാലമോ ദേശമോ വ്യക്തികളോ ഒന്നും ബാധിക്കാത്ത വസ്തുതകൾക്കാണ് വസ്തുനിഷ്ഠമായ കാര്യം എന്ന് പറയുന്നത്.

ഇനി നാം ആദ്യം ചോദിച്ച ചോദ്യത്തിലേക്ക് തിരിച്ചു വരാം. നവജാത ശിശുവിനെ കഴുത്തറുത്ത് കൊല്ലുന്നത് വസ്തുനിഷ്ഠമായി തെറ്റാണോ?! എന്നുവച്ചാൽ, ഒരു പിഞ്ചുകുഞ്ഞിനെ കഴുത്ത് ഞെരിച്ചു കൊല്ലുന്നത് കാലമോ ദേശമോ വ്യക്തികളോ ബാധിക്കാത്ത തരത്തിൽ തെറ്റാണോ? ഒരു ലക്ഷം വർഷം കഴിഞ്ഞാലും 'പിഞ്ചുകുഞ്ഞിനെ കൊല്ലുന്നത് തെറ്റാണ്' എന്ന ആ ഒരു മൂല്യത്തിന് മാറ്റമുണ്ടാവില്ലേ? ഉണ്ടാവില്ല എന്നാണ് നിങ്ങൾക്ക് തോന്നുന്നതെങ്കിൽ അതിനർഥം വസ്തുനിഷ്ഠമായ ധാർമിക മൂല്യങ്ങൾ (Objective Moral Values) നിലനിൽക്കുന്നുണ്ട് എന്നാണ്.

അതല്ല പിഞ്ചുകുഞ്ഞിനെ കഴുത്തറുത്തു കൊല്ലുന്നത് ഏതെങ്കിലും കാലത്തോ പ്രദേശത്തോ വ്യക്തികൾക്കോ തെറ്റല്ലാതാവും എന്നാണ് വാദമെങ്കിൽ നിങ്ങൾ വസ്തുനിഷ്ഠമായ ധാർമിക മൂല്യങ്ങൾ നിലനിൽക്കുന്നു എന്ന് അംഗീകരിക്കുന്നില്ല. സാമാന്യം മൂല്യബോധമുള്ള ആരും അങ്ങനെ വാദിക്കുമെന്ന് തോന്നുന്നില്ല. എന്നാൽ തങ്ങളുടെ വികലവാദങ്ങൾ ന്യായീകരിക്കുവാൻ ഇപ്പോൾ ചിലർ അങ്ങനെ വസ്തുനിഷ്ഠമായ മൂല്യങ്ങൾ നിലനിൽക്കുന്നില്ലെന്ന് വാദിക്കുന്നുണ്ട്. അവരിലേക്ക് നമുക്ക് പിന്നീട് വരാം.

### വസ്തുനിഷ്ഠമായ ധാർമികതയും ദൈവവും

ഒരു നവജാത ശിശുവിനെ കഴുത്തറുത്ത് കൊല്ലുന്നത് വസ്തുനിഷ്ഠമായി തെറ്റാണെന്ന് അംഗീകരിക്കുന്നവർ, അല്ലെങ്കിൽ അത്തരത്തിൽ വസ്തുനിഷ്ഠമായ ധാർമിക മൂല്യങ്ങൾ നിലനിൽക്കുന്നു എന്ന് അംഗീകരിക്കുന്നവർ ഒരു ചോദ്യത്തിന് കൂടി ഉത്തരം കണ്ടെത്തേണ്ടതുണ്ട്. എന്തുകൊണ്ടാണ് അത് വസ്തുനിഷ്ഠമായി തെറ്റായത്?

വസ്തുനിഷ്ഠമായ ധാർമിക മൂല്യങ്ങൾ നിലനിൽക്കുന്നുണ്ടെങ്കിൽ അത് വ്യക്തിയുടെ പരിമിതികൾക്ക് പുറത്താണ്, അല്ലെങ്കിൽ ബാഹ്യമാണ്. എങ്കിൽ അതിന്റെ യുക്തിപരമായ അടിത്തറ എവിടെയാണ്? വസ്തുനിഷ്ഠമായ ഒരു കാര്യം എന്നാൽ അത് പ്രപഞ്ചത്തിനകത്തെ ഒന്നുകൊണ്ടും ബാധിക്കാത്ത ഒന്നാണ് എന്ന് നാം നേരത്തെ മനസ്സിലാക്കി. അതുകൊണ്ട് തന്നെ ആ അടിത്തറ പ്രപഞ്ചത്തിന് അകത്തല്ല, അല്ലെങ്കിൽ ഭൗതികപ്രപഞ്ചത്തിലല്ല എന്നുറപ്പാണ്. എന്നുവച്ചാൽ അതിന്റെ അടിത്തറ പ്രപഞ്ചത്തിന് പുറത്താണ്, അല്ലെങ്കിൽ അഭൗതികമാണ്!

ചുരുക്കിപ്പറഞ്ഞാൽ വസ്തുനിഷ്ഠമായ ധാർമിക മൂല്യങ്ങൾ നിലനിൽക്കുന്നു എന്ന് ഒരാൾ വിശ്വസിക്കുന്നു എങ്കിൽ പ്രപഞ്ചാതീതനായ, അഭൗതികമായ ഒരു അസ്തിത്വത്തിൽ വിശ്വസിച്ചേ തീരൂ! പ്രപഞ്ചാതീതനും പദാർഥാതീതനുമായ ആ അസ്തിത്വത്തെയാണ് നമ്മൾ 'ദൈവം' എന്ന് വിളിക്കുന്നത്. കാരണം ഇസ്‌ലാമിക അധ്യാപനങ്ങളിലെ ദൈവം പ്രപഞ്ചത്തിനകത്തെ എന്തെങ്കിലുമൊരു വസ്തുവോ കല്ലോ മരമോ മുരടോ മൂർഖൻ പാമ്പോ ഒന്നുമല്ല, മറിച്ച് പ്രപഞ്ചത്തിന് അതീതനായ ഒരു അസ്തിത്വമാണ് അവനുള്ളത്. അവൻ ഏറ്റവും പരിപൂർണതയുള്ള അസ്തിത്വമാണ്. എല്ലാത്തിനെ പറ്റിയുമുള്ള പൂർണമായ അറിവും കഴിവുമുള്ളവനാണ്. എല്ലാ നന്മകളുടെയും ഉറവിടമാണ്.

ഇങ്ങനെയുള്ള ദൈവം ഒരു ധാർമികമായ കൽപന നടത്തുമ്പോൾ അത് അവന്റെ തീരുമാനത്തിൽ നിന്ന് ഉത്ഭവിച്ചതാണ്. അവന്റെ തീരുമാനമാകട്ടെ ഒരിക്കലും എല്ലാ നന്മകളുടെയും ഉറവിടം എന്ന അവന്റെ പ്രകൃതിക്ക് വിരുദ്ധമാവുകയുമില്ല. അതുകൊണ്ട് ആ ദൈവം കൽപിക്കുന്നതെന്തോ അതാണ് നന്മ. അവൻ വിരോധിക്കുന്നതെന്തോ അതാണ് തിന്മ.

"...പറയുക: നീചവൃത്തി ചെയ്യുവാൻ അല്ലാഹു കൽപിക്കുകയേയില്ല...'' (ക്വുർആൻ 7:28).

**വസ്തുനിഷ്ഠമായ ധാർമിക മൂല്യങ്ങൾ നിലനിൽക്കുന്നുണ്ടെങ്കിൽ അത് വ്യക്തിയുടെ പരിമിതികൾക്ക് പുറത്താണ്, അല്ലെങ്കിൽ ബാഹ്യമാണ്. എങ്കിൽ അതിന്റെ യുക്തിപരമായ അടിത്തറ എവിടെയാണ്? വസ്തുനിഷ്ഠമായ ഒരു കാര്യം എന്നാൽ അത് പ്രപഞ്ചത്തിനകത്തെ ഒന്നുകൊണ്ടും ബാധിക്കാത്ത ഒന്നാണ് എന്ന് നാം നേരത്തെ മനസ്സിലാക്കി. അതുകൊണ്ട് തന്നെ ആ അടിത്തറ പ്രപഞ്ചത്തിന് അകത്തല്ല, അല്ലെങ്കിൽ ഭൗതിക പ്രപഞ്ചത്തിലല്ല എന്നുറപ്പാണ്. എന്നുവച്ചാൽ അതിന്റെ അടിത്തറ പ്രപഞ്ചത്തിന് പുറത്താണ്, അല്ലെങ്കിൽ അഭൗതികമാണ്!**

അഥവാ വസ്തുനിഷ്ഠമായ ധാർമിക മൂല്യങ്ങൾ നിലനിൽക്കുന്നു എന്ന് വിശ്വസിക്കുന്നവർക്ക് - ബൗദ്ധികമായി സത്യസന്ധരാണെങ്കിൽ- ദൈവത്തിന്റെ അസ്തിത്വം നിഷേധിക്കാൻ സാധ്യമല്ല. എന്നാൽ വസ്തുനിഷ്ഠമായ ധാർമിക മൂല്യങ്ങളൊക്കെയുണ്ട്; പക്ഷേ, അവയ്ക്ക് ഇങ്ങനെയൊരു അടിത്തറ ആവശ്യമില്ല എന്ന് വാദിക്കുന്നവരാണ് നമ്മുടെ നാട്ടിലെ നിരീശ്വരവാദികളിൽ ഭൂരിഭാഗവും. ഇവരുടെ ഈ വാദം അർഥശൂന്യമാണ്. വസ്തുനിഷ്ഠമായ ധാർമികത നിലനിൽക്കുന്നുണ്ടെങ്കിൽ അതിന് ഒരു വിശദീകരണം നിർബന്ധമാണ്. ഇല്ലെങ്കിൽ എന്തുകൊണ്ട് അത് വസ്തുനിഷ്ഠമായി തെറ്റായി എന്ന ചോദ്യം അവശേഷിക്കും. ഒരു പിഞ്ചുകുഞ്ഞിനെ കൊല്ലുന്നത്, അല്ലെങ്കിൽ ഒരു വയോധികയെ ഉപദ്രവിക്കുന്നത്, അതുമല്ലെങ്കിൽ മറ്റൊരാളുടെ പണം അപഹരിക്കുന്നത് ഒക്കെ തർക്കമില്ലാതെ പൊതുവിൽ വസ്തുനിഷ്ഠമായി തെറ്റാണെന്ന് അംഗീകരിക്കപ്പെടുന്ന കാര്യങ്ങളാണ്. ആരാണ് ഇതൊക്കെ തെറ്റാണ് എന്ന് പറഞ്ഞത്? എന്താണ് ഇതൊക്കെ തെറ്റാണെന്ന് പറയാനുള്ള അടിസ്ഥാനം? തെറ്റും ശരിയും നിർണയിക്കുന്നതെങ്ങനെയാണ്? എന്തിനാണ് നാം ഈ മൂല്യങ്ങൾ പാലിക്കുന്നത്? ഭൗതികേതരമായ ഒരസ്തിത്വത്തിലും വിശ്വസിക്കില്ലെന്ന് പറയുന്നവർക്ക് ഈ ചോദ്യങ്ങൾക്ക് മുമ്പിൽ കൈമലർത്താനല്ലാതെ സാധിക്കുകയില്ല!

### വസ്തുനിഷ്ഠമായ ധാർമിക മൂല്യങ്ങളേയില്ല?

വസ്തുനിഷ്ഠമായി ഒരു കാര്യം നന്മയെന്നോ തിന്മയെന്നോ അംഗീകരിച്ചാൽ അതെന്തുകൊണ്ട് എന്ന ചോദ്യം വരുമെന്നും അതിന്റെ അടിസ്ഥാനം തേടിയുള്ള യുക്തിപരമായ അന്വേഷണം ദൈവത്തിൽ എത്തിച്ചേരുമെന്നും മനസ്സിലാക്കിയ ചില നിരീശ്വരവാദികളെങ്കിലും തങ്ങളുടെ മനഃസാക്ഷിയെയും ശുദ്ധപ്രകൃതിയെയുമെല്ലാം അവഗണിച്ചുകൊണ്ട് വസ്തുനിഷ്ഠമായ, സ്ഥായിയായ ധാർമികമൂല്യങ്ങളേയില്ല എന്ന് വാദിക്കുന്നത് കാണാം. എന്ന് വെച്ചാൽ ഒരു പിഞ്ചുകുഞ്ഞിനെ കൊല്ലുന്നതോ മോഷ്ടിക്കുന്നതോ പോലും കാലത്തിനും ദേശത്തിനും വ്യക്തികൾക്കും അതീതമായി 'തെറ്റാണ്' എന്ന് പറയാനാവില്ല എന്ന്!

തങ്ങളുടെ 'ദൈവമില്ല' എന്ന വിശ്വാസത്തെ സംരക്ഷിക്കാൻ വേണ്ടി എത്രമാത്രം അപകടകരമായ വാദമാണിവർ പറയുന്നതെന്ന് നോക്കൂ! സ്ഥായിയായി അല്ലെങ്കിൽ വസ്തുനിഷ്ഠമായി തെറ്റാണെന്നോ ശരിയാണെന്നോ പറയാവുന്ന ഒന്നുമില്ലെന്നും എല്ലാം കാലത്തിനും ദേശത്തിനും വ്യക്തികൾക്കും അനുസരിച്ച് മാറുന്നതാണെന്നും വാദിക്കുന്നതിനെക്കാൾ മാനവവിരുദ്ധമായ മറ്റെന്ത് ആശയമാണുള്ളത്? വസ്തുനിഷ്ഠമായി ഒരു കാര്യത്തെ പറ്റിയും തെറ്റാണ് എന്ന് പറയാനാവില്ല എങ്കിൽ ലോകത്ത് ഐസിസും സംഘപരിവാർ ഫാസിസ്റ്റുകളും മറ്റു തീവ്രവാദികളും ചെയ്യുന്ന കാര്യങ്ങളെ പോലും വസ്തുനിഷ്ഠമായി തെറ്റാണെന്ന് പറയാൻ ഇവർക്കാവില്ല! വല്ലാത്തൊരു ഗതികേട്!

സ്ഥായിയായ തെറ്റും ശരിയുമായി യാതൊന്നുമില്ലെന്നും ഓരോരുത്തർക്കും യുക്തിക്ക് തോന്നുന്ന കാര്യങ്ങളാണ് തെറ്റും ശരിയും എന്ന പച്ചയായ 'തോന്നിവാസ' സിദ്ധാന്തമാണ് യഥാർഥത്തിൽ നാസ്തികത. ഓരോരുത്തരുടെയും യുക്തിയും ചിന്താരീതികളും വ്യത്യസ്തമാണല്ലോ. എല്ലാവർക്കും അവരവർ ചെയ്യുന്ന കാര്യങ്ങൾക്ക് ഒട്ടേറെ ന്യായീകരണങ്ങളുമുണ്ട്. ലക്ഷങ്ങളെ ഗ്യാസ് ചേമ്പറിൽ ഇട്ട് കൊന്നൊടുക്കിയ ഹിറ്റ്ലറിനും കോടിക്കണക്കിനു മനുഷ്യരെ പട്ടിണിക്കിട്ട് കൊന്ന സ്റ്റാലിനും അഭയാർഥി ക്യാമ്പിൽ പോലും ബോംബിട്ട പൈശാചിക ചെയ്തികൾ ചെയ്ത ഇസ്രയേലിനുമെല്ലാം തങ്ങൾ ചെയ്യുന്നതിന് നിരത്താൻ ആയിരം ന്യായങ്ങളുണ്ടായിരുന്നു. ഇന്നും ലോകത്ത് അസമാധാനവും കുഴപ്പങ്ങളുമുണ്ടാക്കുന്ന ഐസിസിനും ഫാസിസ്റ്റ് ശക്തികൾക്കുമെല്ലാം തങ്ങൾ ചെയ്യുന്ന കൊടുംക്രൂരതകൾക്ക് ന്യായീകരണങ്ങളുണ്ട്! എന്നുവച്ചാൽ അവരുടെയൊക്കെ യുക്തിക്ക് 'ശരി'യെന്നു തോന്നിയ കാര്യങ്ങളായിരുന്നു അവരൊക്കെ ചെയ്തത്. നാസ്തിക ധാർമികതയനുസരിച്ച് ഇതെല്ലാം അവരവരുടെ 'ശരി'കളാണ്!

ഈ 'തോന്ന്യാസ സിദ്ധാന്തം' അംഗീകരിക്കാൻ സാമാന്യം മനുഷ്യത്വമുള്ളവർക്ക് സാധിക്കില്ലെന്ന് തോന്നിയ ചിലരെങ്കിലും പറയാറുള്ള ചില ബദലുകളുണ്ട്. അത് കൂടി നമുക്ക് പരിശോധിക്കാം:

### 1. സമൂഹധാർമികത

ഒരു പൊതുസമൂഹത്തിൽ ജീവിക്കുമ്പോൾ സുഗമമായ സാമൂഹ്യജീവിതത്തിന് അനുഗുണമായ ചില നിയമങ്ങൾ സമൂഹത്തിലുണ്ടാകും എന്നും അതാണ് ധാർമികത എന്നുമാണ് പല നാസ്തിക പ്രമുഖരും വാദിക്കാറുള്ളത്. പൊതുസമൂഹത്തിന്റെ കാഴ്ചപ്പാടുകൾ ധാർമികതയുടെ അലവുകോലാക്കാൻ എങ്ങനെയാണ് ബുദ്ധിജീവി ചമയുന്ന ഈയാളുകൾ

ക്ക് സാധിക്കുന്നത് എന്നത് അത്ഭുതം തന്നെയാണ്. ഒരു സമൂഹം അങ്ങേയറ്റം അധഃപതിച്ചവരാണെങ്കിൽ അവരോടൊപ്പം നമ്മളും ചീത്തയാകുക, സമൂഹം ധാർമികമായി മുന്നിലാണെങ്കിൽ നമ്മളും നല്ലവരാകുക എന്നതിനെക്കാൾ വലിയ കാപട്യവും മാനവിക വിരുദ്ധതയും മറ്റെന്താണുള്ളത്?

ഹിറ്റ്ലറിന്റെ കാലത്തെ നാസി ജർമനിയിൽ അന്ന് നിലനിന്നിരുന്ന പൊതുബോധം ജൂതന്മാരെ കൂട്ടക്കൊല ചെയ്യുന്നതിന് അനുകൂലമായിരുന്നു. ദക്ഷിണേന്ത്യയിൽ പശുവിന്റെ പേരിലും മറ്റും നടക്കുന്ന ആൾക്കൂട്ട കൊലപാതകങ്ങളിൽ ആ 'ആൾക്കൂട്ട'ത്തിന്റെ പൊതുബോധം ആ കൊലപാതകങ്ങൾക്ക് അനുകൂലമാണ്! ഈ സമൂഹങ്ങളിൽ ജീവിക്കുന്ന നാസ്തികർ ഇതൊക്കെ ധാർമികമായി ശരിയാണെന്ന് വിശ്വസിക്കുന്നവരായിരിക്കണമല്ലോ, അവർ മാത്രമെന്തിന് 'സമൂഹധാർമികത'യ്ക്ക് എതിരായി ചിന്തിക്കണം?

**2. ഭരണഘടന**

മതമൂല്യങ്ങൾ ഒരിക്കലും സ്വീകരിക്കില്ലെന്ന ധാർഷ്ഠ്യം ചിലരെയെങ്കിലും ഭരണഘടനയാണ് ധാർമികമൂല്യങ്ങളുടെ അടിസ്ഥാനം എന്ന് വാദിക്കുന്നതിലേക്കാണ് എത്തിച്ചത്. ഭരണഘടന എന്നത് ഓരോ വ്യക്തിയെയും സദാചാര മൂല്യങ്ങൾ പഠിപ്പിക്കാനുള്ളതാണെന്ന് അതിന്റെ ശിൽപികൾ പോലും അവകാശപ്പെടുന്നില്ല. അത് പൗരന്മാരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതുമായി ബന്ധപ്പെട്ടതാണ്.

ഇന്ത്യ പോലെ അത്യാവശ്യം മെച്ചപ്പെട്ട ഭരണഘടനയുള്ള രാജ്യത്തെ മാറ്റിനിർത്താം, ഇത്തരത്തിൽ നല്ലൊരു ഭരണഘടനയില്ലാത്ത ഒരു രാജ്യത്ത്, അല്ലെങ്കിൽ ഭരണഘടനയില്ലാത്ത പ്രദേശങ്ങളിൽ അവിടെയുള്ളവരുടെ ധാർമികതയുടെ അടിസ്ഥാനമെന്താണ് എന്ന് വിശദീകരിക്കാൻ ഇവർക്ക് സാധിക്കുമോ?

ഇനി ഇന്ത്യൻ ഭരണഘടന തന്നെ അടിസ്ഥാനമാക്കിയെടുക്കാം, ഇത്തരത്തിൽ ഭരണഘടനാ ധാർമികതയുമായി വാദിക്കാൻ വന്ന ഒരു സുഹൃത്തിനോട് ഞാൻ തിരിച്ചു ചോദിച്ചത് 'മതനിന്ദ എന്നത് ഇന്ത്യൻ ഭരണഘടന പ്രകാരം തെറ്റാണ്, നിങ്ങളും അത് തെറ്റാണെന്ന് അംഗീകരിക്കുമോ?' എന്നായിരുന്നു. ഒരിക്കലുമില്ലെന്നു പറഞ്ഞ അദ്ദേഹം പിന്നീട് ധാർമികതയുടെ അടിസ്ഥാനമാക്കി ഭരണഘടനയെയും പൊക്കിപ്പിടിച്ച് വന്നിട്ടേയില്ല!

**3. പരിണാമം**

പരിണാമപരമായി ഉരുത്തിരിഞ്ഞു വരുന്നതാണ് ധാർമികതയെന്നും അതിന് മറ്റൊരു അടിത്തറ ആവശ്യമില്ലെന്നുമാണ് മറ്റൊരു വാദം. ജൈവപരിണാമത്തിലെ ഏറ്റവും മൗലികമായ ഒരു തത്ത്വമാണ് ഓരോ വ്യക്തിയും സ്വാർഥനാണ് എന്നത്. തന്റെ അതിജീവനത്തിന് വേണ്ടി മറ്റുള്ളവർക്ക് മേൽ സ്വാർഥത കാണിക്കുന്നവനാണ് അതിജീവിക്കുക. ഈ സ്വാർഥതയ്ക്ക് അനുസരിച്ച് തോന്നിയത് പോലെ ജീവിക്കലാണ് ധാർമികതയെന്നത് നേരത്തെ പറഞ്ഞ 'തോന്ന്യാസ സിദ്ധാന്ത'ത്തിനപ്പുറം മറ്റൊന്നുമല്ല. ഇതുകൂടാതെ സമൂഹത്തിന് അംഗീകരിക്കാൻ പറ്റാത്ത ഒട്ടനേകം പ്രകൃതങ്ങൾ ഉൾക്കൊള്ളുന്നവനാണ് മനുഷ്യൻ. ഉദാഹരണത്തിന് ഓരോ വ്യക്തിയും പരിണാമപരമായി പരമാവധി ഇണകളോട് തൽപരനാണ്. മരണം വരെ മുന്നിൽ കാണുന്ന എതിർലിംഗക്കാരെയെല്ലാം തന്റെ വർഗം പരിപോഷിപ്പിക്കാനുള്ള സാധ്യതകളായി കാണുന്ന മഹിത മനോഹരമായ 'ധാർമികത' വീട്ടിൽ പറയാതിരുന്നാൽ നാസ്തികർക്ക് കൊള്ളാം!

ചുരുക്കിപ്പറഞ്ഞാൽ, ഓരോരുത്തർക്കും തോന്നിയതിനനുസരിച്ച് ജീവിച്ചും സമൂഹത്തിനൊപ്പം ഒഴുക്കിനനുസരിച്ച് തുഴഞ്ഞും സ്വന്തം ദേഹേച്ഛകൾക്ക് ബൗദ്ധിക ന്യായീകരണമുണ്ടാക്കൽ മാത്രമാണ് നാസ്തികത. നിരീശ്വരവാദികളിൽ നല്ലവരില്ലെന്നോ അവരെല്ലാം അധാർമികരാണെന്നോ അല്ല ഈ പറഞ്ഞതിന്റെ അർഥം. വിവാഹമടക്കം മതം സംഭാവന ചെയ്ത ധാർമിക മൂല്യങ്ങൾ ഉൾക്കൊണ്ട് ജീവിക്കുന്നവർ നാസ്തികരിൽ ഒരുപാടുണ്ട്. എന്നാൽ അവരുടെ ആശയപരമായ അടിത്തറ ധാർമികരാഹിത്യമാണ് എന്നതാണ് ഇവിടെ വ്യക്തമാക്കിയത്.

തിന്നും കുടിച്ചും രമിച്ചും രസിച്ചും ജീവിതം പരമാവധി ആസ്വദിക്കാൻ തീരുമാനിച്ചവർ എന്തിന് നന്മ തിന്മകളെ പറ്റി വേവലാതിപ്പെടണം? യാദൃച്ഛികമായി എങ്ങനെയോ താനേ ഉണ്ടായ പ്രപഞ്ചത്തിൽ യാദൃച്ഛികമായി ഉടലെടുത്ത മറ്റെല്ലാ ജന്തുക്കളെയും പോലെ കേവലമൊരു ജീവിയായ താൻ എന്തിന് ഒരടിസ്ഥാനവുമില്ലാത്ത മൂല്യങ്ങൾ ഉൾക്കൊണ്ട് ജീവിക്കണം എന്ന ചിന്തയാണ് ധാർമികതയില്ലായ്മയാണ് നാസ്തികത എന്നുപറയാൻ കാരണം. അതിനപ്പുറത്തേക്ക് മൂല്യങ്ങളെ പറ്റിയും മാനവികതയെ പറ്റിയും ചിന്തിക്കുന്നവർ പുനരാലോചനക്ക് സമയം കണ്ടെത്തട്ടെ!



പി.വി ഉമർകുട്ടി ഹാജി (റഹി)
തയ്യാറാക്കിയത്: യൂസുഫ് സാഹിബ് നദ്‌വി

പുനർവായന

ഏറനാട്ടിലെ ഓർമകളും ഇസ്‌ലാഹി പ്രസ്ഥാനവും: 2

# ഒതായിയിലെ ഇസ്വ്‌ലാഹി ചലനങ്ങൾ

**വി.ടി. അബ്ദുല്ല ഹാജി ഒതായിയിൽ**

1947ലാണ് ആദ്യമായി വി.ടി. അബ്ദുല്ല ഹാജി[8] സാഹിബ് അവർകളെ പി.വി. മുഹമ്മദ് ഹാജി ഒതായിയിൽ കൊണ്ടുവന്നത്. അബ്ദുല്ല ഹാജി മലപ്പുറത്ത് വെച്ച്, ഇബ്റാഹീം നബി(عليه السلام)യെ 'തന്തക്കൊറ്റൻ എന്ന് വിളിച്ചു', മൂസാനബി(عليه السلام)യെ 'എടോ മൂസാ' എന്ന് വിളിച്ചു എന്നും മറ്റും ആക്ഷേപം നടത്തിയിരുന്ന കാലത്താണത്. അബ്ദുല്ല ഹാജി ആദ്യം ഒതായിയിൽ വന്നപ്പോൾ ഉണ്ണിമോയിൻ മൗലവിയുടെ പ്രസംഗപരമ്പര 'തൗഹീദ് നഗരി'യിൽ നടന്നുകൊണ്ടിരിക്കുകയായിരുന്നു. അബ്ദുല്ല ഹാജി വന്ന അന്നുമുതൽ ഉണ്ണിമോയിൻ മൗലവി പ്രസംഗിച്ചുകൊണ്ടിരുന്ന സ്റ്റേജിൽ വെച്ചുതന്നെ അദ്ദേഹം പ്രസംഗം തുടങ്ങി. ഉണ്ണി മോയിൻ മൗലവി കേൾവിക്കാരനായി അവിടെത്തന്നെ താമസിച്ചു.

**ഒതായിയിൽ വാദപ്രതിവാദം**

ഈ വഅള് നടന്നുകൊണ്ടിരിക്കുമ്പോൾ പാവണ്ണ അഹ്മദ് കുട്ടി മുസ്‌ലിയാർ പക്കൽനിന്നും ചില ചോദ്യങ്ങളും സ്റ്റേജ് അനുവദിക്കാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള ഒരു കത്തും ഒതായി വഅളു കമ്മറ്റിക്ക് കിട്ടി. സ്റ്റേജ് അനുവദിക്കാൻ തയ്യാറാണെന്ന് കാണിച്ചുകൊണ്ട് കമ്മറ്റിക്ക് വേണ്ടി ഞാൻ മറുപടി അയച്ചു. അങ്ങനെ ചില നിബന്ധനകളോടുകൂടി മുസ്‌ലിയാർ ഒതായിയിൽ ഖണ്ഡന പ്രസംഗം നടത്താനും നിശ്ചയിച്ചു. നിശ്ചിത ദിവസം വൈകുന്നേരം ആയപ്പോഴേക്കും ഒതായി പ്രദേശം ജനനിബിഡമായി. വഅളു തുടങ്ങാൻ സമയമായി. അബ്ദുല്ല ഹാജി വി.കെ.ഹൗസിൽ നിന്നും പുറത്തിറങ്ങുന്നില്ല. തലയിണ മറിച്ചിട്ടും കിടക്ക മറിച്ചിട്ടും അങ്ങോട്ടുമിങ്ങോട്ടും നടക്കുകയാണ്. അവസാനം കാര്യം അന്വേഷിച്ചപ്പോഴാണ് മൗലവി പറയുന്നത്; തന്റെ കത്തി കാണുന്നില്ല എന്ന്. നോക്കുമ്പോൾ കത്തി നേരത്തെ തന്നെ പെരൂൽ സാഹിബ് എടുത്ത് അരയിൽ തിരുകി വെച്ചിരുന്നു. മൗലവി സാഹിബ് കത്തി വാങ്ങി അരയിൽ തിരുകി വേഗത്തിൽ ഇറങ്ങി സ്റ്റേജിലേക്ക് നടന്നു. 9 മണിക്ക് പരിപാടി തുടങ്ങി. നേരം പുലർന്നപ്പോഴാണ് അവസാനിച്ചത്.

അബ്ദുല്ല ഹാജി അഞ്ചോ ആറോ കൊല്ലം തുടർച്ചയായി ഒതായിയിൽ പ്രസംഗ പരമ്പര നടത്തിയിട്ടുണ്ട്. അതോടൊപ്പം എടവണ്ണയിലും മമ്പാട്ടും മഞ്ചേരിയിലും പ്രസംഗ പരമ്പരകൾ നടത്തിപ്പോന്നിട്ടുണ്ട്. അതിനുവേണ്ടി പ്രവർത്തിച്ചത് നമ്മളായിരുന്നു. മമ്പാട്ട് അധികാരിയായിരുന്നു[9] അബ്ദുല്ല ഹാജിയുടെ വഅളിന് സൗകര്യം നൽകിയിരുന്നത്. അധികാരി മുജാഹിദായിരുന്നില്ല; സുന്നിയുമായിരുന്നില്ല. അബ്ദുല്ല ഹാജിയെ വീട്ടിൽ താമസിപ്പിച്ച് എല്ലാ ഒത്താശകളും ചെയ്തുകൊടുത്ത് വഅള് നടത്തിയിരുന്നത് അത്തൻ മോയിൻ അധികാരി[10] തന്നെയായിരുന്നു.

ഒരുദിവസം അധികാരിയുടെ വീട്ടിന്റെ പൂമുഖത്ത് കുറെ ആൾക്കാർ കൂടിയിരുന്ന് വർത്തമാനം പറയുന്ന കൂട്ടത്തിൽ, മുമ്പ് നടന്ന ചില നായാട്ടുകാര്യവും പറയാൻ ഇടയായി. മൗലവി ചോദിച്ചു: "ഇവിടെ കാട്ടി[11] ഇറച്ചി കിട്ടുമോ?" അധികാരി നോക്കാമെന്ന് പറഞ്ഞു. പിറ്റെ ദിവസം കുറച്ചാൾക്കാരെ വെടിക്ക് അയച്ചു. നല്ലകാലത്തിന് ഒരു കാട്ടിയെ കിട്ടി. വലിയ രണ്ട് കുറക്[12] അധികാരിയുടെ വീട്ടിൽ എത്തി. മൗലവി വേണ്ടിടത്തോളം തിന്നു. തുടർച്ചയായി രണ്ടു മൂന്നു ദിവസം തിന്നപ്പോൾ വയറിളകി. ഒരുദിവസത്തെ വഅളും മുടങ്ങി.

അധികാരിക്ക് മൗലവിയെ വളരെ ഇഷ്ടമായിരുന്നു. പലതും മൗലവിയോട് ചോദിച്ച് പഠിക്കാറുണ്ടായിരുന്നു. എല്ലാ സമയത്തും വിഭവസമൃദ്ധമായ ഭക്ഷണം നൽകി മൗലവിയെ സൽകരിക്കും. കാറിൽ കയറ്റി പലസ്ഥലങ്ങളിലും കൊണ്ടുപോകും. അധികാരിയുടെ ഭാര്യ നഫീസക്കുട്ടി എന്റെ സഹോദരി ആയിരുന്നു. അധികാരിയാണ് മമ്പാട് കോളേജിന്റെ സ്ഥാപകൻ. മമ്പാട്ട് ഒന്നിലധികം സ്കൂളുകളും കുറേയധികം റോഡുകളും കുളങ്ങളും കിണറുകളും അദ്ദേഹം ഉണ്ടാക്കിയിട്ടുണ്ട്. അദ്ദേഹം ദീർഘകാലം മമ്പാട് പഞ്ചായത്ത് പ്രസിഡന്റായിരുന്നിട്ടുണ്ട്.

ഒരിക്കൽ പഞ്ചായത്ത് ഇലക്ഷൻ നടക്കുമ്പോൾ അദ്ദേഹത്തിന്റെ എതിർ സ്ഥാനാർഥികൾ മുസ്‌ലിം ലീഗുകാരായിരുന്നു. അധികാരി രണ്ടുവാർഡുകളിൽ മത്സരിച്ചു. പാണക്കാട് പൂക്കോയ തങ്ങൾ, ബാപ്പു കുരിക്കൾ മുതലായ ലീഗ് നേതാക്കളൊക്കെ മമ്പാട്ട് പ്രചരണത്തിന് പലതവണ വന്നിട്ടുണ്ടായിരുന്നു. അധികാരി രണ്ടുവാർഡുകളിലും ബഹുഭൂരിപക്ഷത്തോടെ ജയിച്ചു. വിവരം അറിഞ്ഞ ഒരു വിരുതൻ ബാപ്പു കുരിക്കൾക്ക് കമ്പിയടിച്ചു; അധികാരിയുടെ അടുക്കൽ ഒരു സീറ്റ് വിൽക്കാണുണ്ട്, വേണോ എന്ന് ചോദിച്ചുകൊണ്ട്!

അദ്ദേഹം അസാമാന്യ ബുദ്ധിമാനും സമുദായ സ്നേഹിയും സാമൂഹ്യ പ്രവർത്തകനും സാധു സംരക്ഷകനുമായിരുന്നു.

ഇതിലിടക്ക് ഒരു കാര്യം മറന്നുപോയി. നാം മുമ്പ് പറഞ്ഞുവെച്ച ഒതായിയിലെ വാദപ്രതിവാദം 9 മണിക്കുതന്നെ ആരംഭിച്ചു. ആദ്യം സുന്നി പക്ഷത്തുനിന്ന് പാവണ്ണ അഹമ്മദ് കുട്ടി മുസ്‌ലിയാർ തന്നെ സംസാരം ആരംഭിച്ചു. പിന്നെ മുജാഹിദ് പക്ഷത്തുനിന്ന് വി.ടി. അബ്ദുല്ല ഹാജിയും. തുടർന്ന് ഉഗ്രപുരം പി. ഉണ്ണിമോയിൻ മൗലവി, കെ.സി. അബൂബക്കർ മൗലവി, എ. അലവി മൗലവി, മങ്കട അബ്ദുല്ല മൗലവി മുതലായവരും പ്രസംഗിച്ചു. മറുപടി പറയാൻ നിൽക്കാതെ സുന്നി പക്ഷം പുലർച്ചക്ക് സ്ഥലംവിട്ടു.

അബ്ദുല്ല ഹാജിയുടെ പ്രസംഗത്തിന്റെ ശൈലി ക്വുർആൻ ആയിരുന്നു. ക്വുർആനിനെ ക്വുർആൻ കൊണ്ട് വ്യാഖ്യാനിക്കുക- അതായിരുന്നു.

ഒരു പ്രാവശ്യം മൗലവി സാഹിബിനെ വഅളിന് ക്ഷണിച്ചുവരുത്തി. ഞങ്ങൾ രണ്ടുപേരും ഉച്ചക്ക് ഭക്ഷണം കഴിക്കുകയായിരുന്നു. ഞാൻ മൗലവിയോടു പറഞ്ഞു: "മൗലവി സാഹിബേ, എല്ലാ പ്രാവശ്യവും തൗഹീദും ശിർക്കും തന്നെയാണല്ലോ പറയാനുള്ളത്. ഈ പ്രാവശ്യം ആളുകൾക്ക് വിരസത ഇല്ലാതിരിക്കാൻ വിഷയം ഒന്നുമാറ്റുന്നതല്ലേ നല്ലത്?" മൗലവി പറഞ്ഞു: "എല്ലാ നബിമാരും വന്നത് തൗഹീദിലേക്ക് ക്ഷണിക്കാനാണ്." അതിനെപ്പറ്റി കുറെ പറഞ്ഞശേഷം, നമ്മൾ ഏതു വിഷയമാണ് പറയേണ്ടത് എന്ന് മൗലവി ചോദിച്ചു. ഈ പ്രാവശ്യം നമസ്കാരമായാലെന്താണെന്ന് ഞാൻ ചോദിച്ചു. 'അങ്ങനെയാവട്ടെ'- മൗലവി പറഞ്ഞു. അന്ന് വുദൂഇൽനിന്ന് തുടങ്ങി. പിറ്റേദിവസം ബാങ്ക്. തീർന്നില്ല, അങ്ങനെ ഫാതിഹ സൂറത്തിലെ ഓരോ ആയത്തും ഒന്നും രണ്ടും ദിവസം വിവരിക്കും. മുഴുവൻ തൗഹീദ്തന്നെ. അങ്ങനെ പതിനഞ്ച് ദിവസം പറഞ്ഞിട്ടും ഫാതിഹ സൂറത്ത് തീർന്നില്ല. ക്വുർആനിലെ മുപ്പത് ജുസ്ഉം ഓതിത്തീർന്നിട്ടുണ്ടാകുമെന്ന് ഞങ്ങൾക്ക് തോന്നി.

മൗലവി തൗഹീദ് പഠിപ്പിക്കുന്നതിന്റെ ഒന്നുരണ്ട് ഉദാഹരണവുംകൂടി പറയട്ടെ: സൂറത്തു യൂസുഫിൽ നിന്ന് ഏതാനുംഭാഗം ഓതി അതിന്റെ അർഥം പറഞ്ഞു. മക്കൾ യഅ്ക്വൂബ് നബി(അ)യോട്[13] യൂസുഫിനെ തങ്ങളുടെ കൂടെ കളിക്കാൻ കൊണ്ടുപോകാൻ സമ്മതം ചോദിച്ചു; കൂട്ടിക്കൊണ്ടുപോയി. കളിസ്ഥലത്തുനിന്ന് അവർ യൂസുഫിനെ

കിണറ്റിലിട്ടു. അദ്ദേഹത്തിന്റെ രക്തം പുരണ്ട വസ്ത്രങ്ങൾ പിതാവിനു കാണിച്ചു. യൂസുഫിനെ ചെന്നായ തിന്നു എന്ന് പറഞ്ഞു. യഅ്ക്വൂബ് നബിﷺ സഹിക്കവയ്യാത്ത ദുഃഖത്താൽ കരഞ്ഞു കരഞ്ഞു രണ്ട് കണ്ണിന്റെയും കാഴ്ച പോലും നഷ്ടപ്പെട്ട നിലയിലായി. കണ്ണുകൾ വെളുത്തു; എനിക്ക് ക്ഷമയാണ് ഭൂഷണം എന്ന് പറയുകയും ചെയ്തു.

യൂസുഫിനെ കളിക്കാൻ വിളിച്ചപ്പോൾ കളിക്കാനല്ല കൊല്ലാനാണ് കൊണ്ടുപോകുന്നതെന്ന് നബിക്ക് മനസ്സിലായോ? പോകട്ടെ, യൂസുഫിനെ ചെന്നായ തിന്നിട്ടില്ല, കിണറ്റിലുണ്ട് എന്നെങ്കിലും മനസ്സിലായോ? മുഹ്‌യിദ്ദീൻ ശൈഖ് കുപ്പിക്കകത്തുള്ള വസ്തുവിനെ കാണും പ്രകാരം ക്വൽബിനകത്തുള്ളത് കാണും എന്ന് കവി പറയുന്നു. നീയത് ഏറ്റു പാടുന്നു. മരമണ്ടത്തലയാ, ഒരു മുർസലായ നബിക്ക് പോലും കഴിയാത്ത കാര്യം ഒരു ശൈഖിന് സാധിച്ചു എന്നാണോ നീ വിശ്വസിക്കുന്നത്? ഒന്ന് ചിന്തിക്കു മനുഷ്യാ...!

ഇനിയും നോക്ക്; ക്വുർആനിൽനിന്ന് ഒരു സൂക്തം ഓതി അർഥം പറയുന്നു: "ഇബ്‌റാഹീം നബിﷺയുടെ അടുക്കൽ ചില അതിഥികൾ വരുന്നു. അദ്ദേഹം അവരുടെ മുമ്പിൽ ഭക്ഷണം വെച്ചു. അവർ തളികയിലേക്ക് കൈ നീട്ടുന്നില്ല. ഇത് കണ്ടപ്പോൾ നബിക്ക് പരിഭ്രമമായി. ഇത് മനുഷ്യരല്ല, മലക്കുകളായിരിക്കുമോ? നബി സംശയിച്ചു. അതിഥികൾ പറഞ്ഞു: 'ഞങ്ങൾ ഒരു സന്തോഷ വാർത്ത താങ്കളെ അറിയിക്കുവാൻ വേണ്ടി അല്ലാഹുവിനാൽ നിയോഗിക്കപ്പെട്ട ദൂതന്മാരാണ്. താങ്കൾക്ക് ഒരു പുത്രൻ ഉണ്ടാകാൻ പോകുന്നു എന്നതാണാ വാർത്ത.' നബി ചോദിച്ചു: 'ഞാൻ വയസ്സനായ ഒരു തന്തക്കിറ്റനായി. എന്റെ ഭാര്യയാണെങ്കിൽ കിഴവിയാണ്. മച്ചിയുമാണ്. ഞങ്ങൾക്കെങ്ങനെ സന്താനമുണ്ടാകും?' 'അല്ലാഹുവിന് അതൊന്നും ഒരു പ്രയാസപ്പെട്ട കാര്യമല്ല' എന്നു പറഞ്ഞ് മലക്കുകൾ പോയി.

ഹേ, മടയാ! ചിന്തിക്കൂ! അല്ലാഹുവിന്റെ ഖലീലായ നബിക്ക് വന്ന ആൾക്കാർ ആരാണെന്ന് മനസ്സിലായോ? മനസ്സിലായിരുന്നുവെങ്കിൽ മൂരിക്കുട്ടിയെ അറുത്ത് പൊരിച്ചു മുമ്പിൽവെച്ചു കൊടുക്കുമായിരുന്നോ? മനസ്സിലാവാതെ വിഷമിച്ചപ്പോൾ ലൗഹിലേക്ക് നോക്കാൻ പറ്റിയോ? ക്വൽബിലേക്ക് നോക്കിക്കൂടായിരുന്നുവോ? മുഹ്‌യിദ്ദീൻ ശൈഖ് ക്വൽബിന്റകത്തുള്ള കാര്യം കുപ്പിക്കത്തുള്ളതുപോലെ കാണുംപോൽ! ഇതാണോ നിന്റെ വിശ്വാസം? നിന്റെ പാട്ടും ബൈത്തും തോട്ടിലെറിഞ്ഞു ക്വുർആനിലേക്കും സുന്നത്തിലേക്കും മടങ്ങിവാ, എന്നാൽ രക്ഷപ്പെട്ടു."

ഇനിയും നോക്ക്, പിന്നെയും ക്വുർആൻ ഓതി പറയുന്നു: "നൂഹ് നബിﷺയോട് സ്വന്തം അഹ്‌ലുകാരെയും ഓരോ ഇണകളെയും കപ്പലിൽ കയറ്റാൻ അല്ലാഹു കൽപിക്കുന്നു. വെള്ളം പൊങ്ങി കപ്പൽ വെള്ളത്തിലാകുന്നു. സ്വന്തം മകൻ കപ്പലിൽ കയറിയിട്ടില്ല. നൂഹ് നബിﷺ വാത്സല്യനിധിയായ മകനെ 'യാബുനയ്യ! ഇർകബ് മഅനാ...' (കുഞ്ഞി മകനേ, ഞങ്ങളുടെകൂടെ കയറിക്കോ) എന്ന് പറഞ്ഞു. മകൻ കയറിയില്ല. മകൻ ഓളത്തിൽപെട്ടു മുങ്ങിപ്പോകുന്നു. നബി അല്ലാഹുവിനോട്, 'അല്ലാഹുവേ! എന്റെ മകൻ എന്റെ അഹ്‌ലിൽ പെട്ടതല്ലേ' എന്നു ചോദിക്കുന്നു. 'മകൻ നിന്റെ അഹ്‌ലിൽ പെട്ടതല്ല. നിനക്കറിയാത്ത കാര്യത്തെക്കുറിച്ചു എന്നോട് ചോദിക്കരുത്' എന്നു പറഞ്ഞ് അല്ലാഹു നബിയെ താക്കീത് ചെയ്യുന്നു.

വാത്സല്യ നിധിയായ സ്വന്തം മകൻ, തന്റെ കൺമുമ്പിൽ വെച്ച് വെള്ളത്തിൽ മുങ്ങിമരിച്ചപ്പോൾ ഒരു നബിക്കുപോലും രക്ഷിക്കാൻ കഴിഞ്ഞില്ല. ഇത് ക്വ ുർആനാണ്. കെട്ടുകഥയല്ല. മാലക്കാരൻ പറയുന്നു: മുഹ്‌യിദ്ദീൻ ശൈഖിന്റെ ഒരു മുരീദിന്റെ മൗത്തിനെ പിടിച്ച കാരണത്താൽ അസ്‌റാഈലിന്റെ[14] കയ്യിൽനിന്നും റൂഹിന്റെ കൊട്ട തട്ടിമറിച്ച് അതിലുണ്ടായിരുന്ന സകല റൂഹുകളെയും വിട്ടയച്ചുവെന്ന്! ഒരു നബിക്ക് മകനെപ്പോലും രക്ഷിക്കാൻ കഴിഞ്ഞില്ല എന്ന് ക്വുർആൻ പറയുന്നു, ഏതാണ് നീ വിശ്വസിക്കുന്നത്. നിനക്ക് ബുദ്ധിയില്ലേ മനുഷ്യാ? ഒന്ന് ചിന്തിച്ചു നോക്ക്."

പിന്നെയും ക്വുർആൻ ഓതി പറയുന്നു: "മൂസാ നബിﷺയോട് തന്റെ കയ്യിലുണ്ടായിരുന്ന വടി നിലത്തടിക്കാൻ അല്ലാഹു കൽപിക്കുന്നു. നബി വടി നിലത്തിടുന്നു. അത് വലിയൊരു പാമ്പായി ഓടാൻ തുടങ്ങുന്നു. നബി പേടിച്ചു പുറകോട്ടോടുന്നു. അല്ലാഹു പറയുകയാണ് 'എടോ മൂസേ! പേടിക്കേണ്ട, അതിനെ പിടിക്ക്...' നബി പാമ്പിനെ പിടിച്ചപ്പോൾ അത് പൂർവ സ്ഥിതിയിൽ വീണ്ടും വടിയായി മാറുന്നു.

വടി പാമ്പാകുമെന്ന് മൂസാനബിﷺക്ക് മുൻകൂട്ടി അറിയുമായിരുന്നെങ്കിൽ പേടിച്ചോടുമായിരുന്നോ? അതുകൊണ്ട് മറഞ്ഞ കാര്യം അറിയുന്നവൻ അല്ലാഹു മാത്രമാണ്. അവൻ അറിയിച്ചു കൊടുക്കുമ്പോൾ അറിയിച്ചു കൊടുക്കുന്നത് മാത്രമെ, നബിമാർക്ക്പോലും അറിയാൻ കഴിയൂ."

ഒന്നും കൂടി പറഞ്ഞവസാനിപ്പിക്കാം. നമ്മളുടെ കൺമുമ്പിൽവെച്ചു നടന്ന സംഭവമാണ്. മൗലവി പ

റഞ്ഞു: "ആയിശ ഉമ്മ ﷺയുടെ പേരിൽ അപരാധം പറഞ്ഞു പരത്തി. ആയിശയും നബിﷺയും തമ്മിൽ അകലുന്നു. തമ്മിൽ സംസാരിക്കാതെയായി. ആയിശ ﷺ പട്ടിണി കിടന്ന് മെലിഞ്ഞു മെലിഞ്ഞു എഴുന്നേറ്റു നടക്കാൻ കഴിയാതെയായി. താമസം പിതാവ് അബൂബക്കർ സിദ്ദീക്ﷺന്റെ വീട്ടിലേക്ക് മാറ്റി. നബിയും വളരെയധികം ദുഃഖത്തിലായി. രണ്ടുമാസം അങ്ങനെ ദുഃഖത്തിന്റെ ആഴക്കടലിൽ ആണ്ടും പൊങ്ങിയും കഴിഞ്ഞുകൂടി. സിദ്ദീഖുൽ അക്ബർﷺ അടക്കം സ്വഹാബികളും ദുഃഖത്തിൽ പങ്കാളികളായി.

അവസാനം രണ്ടുമാസം കഴിഞ്ഞു. ആയിശﷺ നിരപരാധിയാണന്ന് പറഞ്ഞുകൊണ്ടുള്ള ആയത്ത് ഇറങ്ങി. അപ്പോൾ മാത്രമാണ് എല്ലാവരുടെയും മനസ്സു തണുത്തത്. നബിﷺക്ക് അറിയാൻ കഴിഞ്ഞോ? ക്വുർആൻ ഇറങ്ങിയപ്പോഴല്ലേ അറിയാൻ കഴിഞ്ഞുള്ളൂ? ആയിശﷺയുടെ ക്വൽബിലേക്കോ ലൗഹിലേക്കോ നോക്കാൻ നബിക്ക് പോലും കഴിഞ്ഞില്ല. അബൂബക്കർ സിദ്ദീക്ﷺ ആരാണ്? ലോകത്തുള്ള എല്ലാ ശൈഖന്മാരെയും ഒരു തട്ടിലും അബൂബക്കർ സിദ്ദീഖിനെ ഒരുതട്ടിലും വെച്ചാൽ എന്തായിരിക്കും സ്ഥിതി? ചിന്തിച്ചു നോക്ക് മനുഷ്യാ...!

മൗലവി സാഹിബ് ഒന്ന് മുറുക്കിത്തുപ്പി. എഴുന്നേറ്റുനിന്ന് രണ്ടു കാലിന്റെ ഇടയിലേക്ക് തുണി ഒന്നു വലിച്ചു കയറ്റി, കാലുകൾ രണ്ടും ഇടത്ത് മാറ്റിച്ചവിട്ടി. ഒരു കയ്യിന്റെ അടിയിൽ മറ്റേ കൈകൊണ്ട് ഓരോ തട്ടും തട്ടി. ക്വുർആൻ ഈണത്തിൽ നീട്ടി വലിച്ച് ഓതുന്നു. ഇടക്ക് ഗദ്ഗദം. തൊണ്ട ഇടറുന്നു. രണ്ടുകണ്ണിൽ നിന്നും ബാഷ്പകണങ്ങൾ ധാരധാരയായി ഒഴുകുന്നു. ചിലപ്പോൾ ഓതാൻ കഴിയാതെ കണ്ഠം നിറഞ്ഞു. വാക്കുകൾ പുറത്തുവരാതെ വിഷമിക്കുന്നു. ജനങ്ങൾ ഇതികർത്തവ്യമൂഢരായി അന്തംവിട്ടു വായപൊളിച്ചിരിക്കുന്നു!

മൗലവി നിരുദ്ധകണ്ഠനായി അവസാനം ഇരിക്കുന്നു. ഒരു കാൽ കസേരയിലേക്ക് കയറ്റി വെക്കുന്നു. മുറുക്കാൻ ആവശ്യപ്പെടുന്നു. പല മുറുക്കാൻ പൊതികളും എത്തുന്നു. മൗലവി മുറുക്കിക്കഴിഞ്ഞു. 'മക്കളേ! ഒന്നിരിക്കൂ, ഞാനൊന്നു മൂത്രിച്ചു വരട്ടെ' എന്ന് പറഞ്ഞു പുറത്തേക്ക് പോകുന്നു. അൽപം കഴിഞ്ഞു തിരിച്ചു വരുന്നു. ചിലപ്പോൾ 'മക്കളേ! ഒന്നു പൊറായിൽ പോയി വരട്ടെ' എന്നു പറഞ്ഞ് വി.കെ. ഹൗസിൽ പോയി മറക്കിരുന്ന് വരാറുണ്ട്.

ഒരൊറ്റ മനുഷ്യനും ഇരുന്ന ഇരുപ്പിൽ നിന്ന് ഇളകാറില്ല. മൂക്കിലെ ചൂളംപോലും പുറത്തുവരാറില്ല. മൗലവി തിരിച്ചുവന്ന് പ്രസംഗം തുടങ്ങുമ്പോൾ പോയപ്പോൾ ഉണ്ടായിരുന്ന അതേ വികാരത്തിലും വിചാരത്തിലും ആവേശത്തിലും കേൾവിക്കാർ ചെവി കൂർപിച്ചിരിക്കുമായിരുന്നു. ഇതൊരു മാസ്മരവിദ്യ ഒന്നുമല്ല. ക്വുർആന്റെ അത്ഭുതശക്തി ഒന്നുകൊണ്ടു മാത്രം!

ക്വുർആൻ ഓതുമ്പോഴേക്ക് കരച്ചിൽ! സദസ്സിനെ ആകമാനം കരയിപ്പിച്ച രംഗംവരെ പലപ്പോഴും ഉണ്ടായിട്ടുണ്ട്. നമസ്കാരത്തിന് ഇമാമായി നിൽക്കാനും നിറുത്താനും പറ്റാത്ത അവസ്ഥയാണ് അവസാന കാലത്തുണ്ടായിരുന്നത്; കരച്ചിൽകൊണ്ടു മാത്രം.

**റഫറൻസ്:**

8. തൗഹീദിന്റെ പ്രചാരണത്തിനുവേണ്ടി ജീവൻ തൃണവൽഗണിച്ചുകൊണ്ട് ഇറങ്ങിത്തിരിച്ച ധൈര്യശാലിയായ ഒരു പണ്ഡിതനും പ്രഭാഷകനുമായിരുന്നു അബ്ദുല്ലഹാജി. വെട്ടംഅബ്ദുല്ല ഹാജി, കൂട്ടായിഅബ്ദുല്ല ഹാജി എന്നീ പേരുകളിലും അദ്ദേഹം അറിയപ്പെടുന്നു. കഴിഞ്ഞനൂറ്റാണ്ടിന്റെ ആദ്യത്തിലായിരുന്നു അദ്ദേഹത്തിന്റെ ജനനം. തൗഹീദിന്റെ പ്രചാരണം നിർബന്ധ ബാധ്യതയായി മനസ്സിലാക്കിയ അദ്ദേഹം ക്വുർആനിന്റെ വചനങ്ങൾ പാരായണം ചെയ്തുകൊണ്ട് സുഫുടമായ ശൈലിയിലും ഭാഷയിലും തന്റെ ദൗത്യം നിറവേറ്റി. പ്രബോധനത്തിന്റെ മാർഗത്തിൽ പ്രവാചകന്റെ മാതൃകക്കായിരുന്നു അദ്ദേഹം ഒന്നാമത്തെ പരിഗണന നൽകിയത്.

അന്ധവിശ്വാസത്തിന്റെ പ്രചാരകരും പ്രബോധകരുമായ പുരോഹിതന്മാരുടെ തൊലിയുരിക്കുന്നതായിരുന്നു അദ്ദേഹത്തെ പ്രസംഗങ്ങൾ. ഇസ്‌ലാമിന്റെ പേരിൽ ആത്മീയാചാര്യത ചമഞ്ഞ് വേഷം കെട്ടി നടക്കുന്ന കപടന്മാർക്ക് സഹിക്കാവുന്നതിലും ഏറെയായിരുന്നു അദ്ദേഹത്തിന്റെ വാഗ്ധോരണികൾ. അദ്ദേഹത്തിന്റെ പ്രസംഗം തടസ്സപ്പെടുത്താനെത്തിയ പലരും അദ്ദേഹത്തിന്റെ അനുയായിയായി മനഃപരിവർത്തനം വന്ന ഒട്ടനവധി സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്. അടിസ്ഥാനപരമായി കർഷകവൃത്തിയായിരുന്നു അദ്ദേഹത്തിന്റെ ജോലി. ഇസ്‌ലാമിക പ്രചാരണം വ്യക്തിഗത ബാധ്യതായി അദ്ദേഹം മനസ്സിലാക്കി. ആരിൽനിന്നും പ്രതിഫലം ആഗ്രഹിക്കാതെ സ്വന്തം ചെലവിൽ അദ്ദേഹം നടത്തിവന്ന പ്രബോധന ശൈലി ഏറെ ആകർഷിക്കപ്പെട്ടു.

ഏറനാടിന്റെ വിവിധ കോണുകളിൽ അദ്ദേഹം നടത്തിയ വഅളുപരമ്പരകൾ ആ നാട്ടിലെല്ലാം തൗഹീദിന്റെ അനുയായികളുടെ ഉയർത്തെഴുന്നേൽപ്പിന് കാരണമായി. ഇന്നത് വളർന്ന് പന്തലിച്ചു. ശിർക്കും കുഫ്റും അസത്യങ്ങളും കുത്തിനിറച്ച മുഹ്‌യദ്ദീൻ മാല സത്യസമ്പൂർണമാണെന്ന ബറെലവി സുന്നികളുടെ വാദത്തെ ഖണ്ഡിക്കാൻ നെടിയിരുപ്പിൽ അദ്ദേഹം സംഘടിപ്പിച്ച വാദപ്രതിവാദം പ്രസിദ്ധമായിരുന്നു. എടവണ്ണ അലവി മൗലവി, എം.സി.സി.അബ്ദുറഹ്മാൻ മൗലവി, കണ്ണൂർ പി.അബ്ദുൽ ഖാദർ മൗലവി, കുറ്റ്യാടി എം.അബ്ദുല്ല കുട്ടി മൗലവി തുടർങ്ങിയവർക്കൊപ്പം അബ്ദുല്ല ഹാജിയും സംവാദത്തിൽ സജീവമായിരുന്നു. 1987 ഡിസംബർ 4ന് അബ്ദുല്ലഹാജി മരണപ്പെട്ടു.

9. അത്തൻ മോയിൻ അധികാരി

10. മമ്പാട് MES കോളെജിന്റെ സ്ഥാപകൻ

11. കാട്ടുപോത്ത്

12. അരക്ക് താഴെയുള്ള ഭാഗം

13. പിതാവിനോട്

14. മലക്കുൽ മൗത്ത് എന്നത് ശരിയായ രൂപം

**(അവസാനിച്ചില്ല)**

കവിത

നവമുകുളങ്ങൾ

നിയാല ബിൻത് സുബൈർ
അറബിക് അക്കാദമി, പെരിന്തൽമണ്ണ

# ഒലിച്ചുപോയ ഗ്രാമം

സുന്ദര ഗ്രാമമേ നീയിന്നെവിടെയാ-
ണോർക്കുമ്പോഴുള്ളം പിടഞ്ഞിടുന്നു
ഇടിദാനമായ് മലകുത്തിയൊലിച്ചപ്പോൾ
നിന്നുടേതെല്ലാം കവർന്നെടുത്തു
ശാലീനസുന്ദരിയായിരുന്നന്നു നീ
ഇന്നു നീ വികൃതമാം മൺകൂനയായ്
വീടുകളില്ലൊരു പച്ചപ്പതുമില്ല
പേടിപ്പെടുത്തുന്ന കോലമായ് നീ
നിൻമാറിലോടിക്കളിച്ചതാം പൈതങ്ങൾ
ആണുങ്ങൾ, പെണ്ണുങ്ങളെത്ര പേരെ
മലവന്നു മൂടിയാ മണ്ണിന്നടിയിലായ്
ആണ്ടുകിടക്കുന്നുണ്ടിന്നും ചിലർ
ഒക്കെയും നഷ്ടമായോരുടെ രോദന-
മല്ലയോ കാതിൽ മുഴങ്ങിടുന്നു
'മർത്യകരങ്ങൾ തൻ ചെയ്തിയാൽ കരയിലും
കടലിലും കുഴപ്പങ്ങൾ പ്രകടമായി'
നാഥന്റെ വാക്കുകളോർക്കുക മലകളെ
കുത്തിപ്പിളർത്താതെ കാത്തുകൊൾക
ദുരമൂത്തു ഭൂമിയിലക്രമം കാട്ടിയാൽ
ഇമ്മട്ടിലൊക്കെയും സംഭവിക്കാം



## വിട പറയൂ അപശബ്ദങ്ങളോട്,
## കാതോർക്കൂ ഈ അനുഭൂതിയിലേക്ക്...

- വോയ്സായും ടെക്സ്റ്റായും ആപ്പിൽ നിന്നു തന്നെ ഫീഡ്ബാക്ക് അയക്കാനുള്ള സൗകര്യം
- നോട്ടിഫിക്കേഷൻ സംവിധാനം
- ഓട്ടോ പ്ലേ ഓപ്ഷൻ...
- REWIND - കഴിഞ്ഞുപോയ പ്രോഗ്രാമുകൾ വീണ്ടും കേൾക്കാനുള്ള അവസരം

തുടങ്ങി ഒട്ടേറെ പുതിയ ഫീച്ചറുകളുമായി

24X7 സ്ട്രീമിംഗ്, 10000+ സ്ഥിരം ശ്രോതാക്കൾ...
താങ്കൾ കേട്ടു തുടങ്ങിയോ?



peaceradio
Tune to reality

ഈ ലിങ്കിൽ ക്ലിക്ക് ചെയ്ത് Update ബട്ടൺ അമർത്തുക
https://play.google.com/store/apps/detailsid=com.peaceradio

peaceradio നിങ്ങളുടെ മൊബൈലിൽ ലഭ്യമാകാൻ:

Search peaceradio

Search peace radio App

www.peaceradio.com

Office: Near Sarojini School | Sangeetha Road | Perinthalmanna PO | Malappuram | Kerala | 679322
www.peaceradio.com radioforpeace peaceradionow +91 9020840840

RNI NO: KERMAL 2015/64152
Registered NO:
KL/CT/225/2019-21

Nerpatham Weekly
Published on
14 SEPTEMBER 2019

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2019-21
Price: ₹12/-


# മുഹമ്മദ് നബി (സ്വ)
## കുടുംബം – ധാർമികത

WISDOM

# ഡയലോഗ്

2019 സെപ്തംബർ 22 ഞായർ 4.30 PM

# തിരൂർ ടൗൺ ഹാൾ

പങ്കെടുക്കുന്നവർ

അബൂബക്കർ സലഫി
സ്വാദിഖ് മദീനി
ഫൈസൽ മൗലവി
ടി കെ അഷ്റഫ്
ഹാരിസ് ബ്ൻ സലീം

അബ്ദുൽ മാലിക് സലഫി
കെ. സജ്ജാദ്
താജുദ്ദീൻ സ്വലാഹി
അബ്ദുല്ല ബാസിൽ
യു. മുഹമ്മദ് മദനി

peaceradio
Tune to reality

WISDOM
ISLAMIC YOUTH ORGANISATION

CV Complex, PV Sami Road
Kozhikode - 673002
0495-4019437